نحمده ونصلي على رسوله الكريم وعلى عبده المسيح الموعود


പുസ്തകം 73
ലക്കം 12
ഡിസംബർ 2004
ഫത്ഹ് 1383
ശവ്വാൽ - ദുൽഖഅദ് 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**

لا إله إلا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


4 യുഗശബ്ദം
5 മുഖക്കുറിപ്പ്

**ലേഖനം**

6 ***പരിശുദ്ധ ജീവിതത്തിന്റെ അടയാളങ്ങൾ***
ഹദ്റത്ത് അഹ്മദ് (അ)

8 ***സൂഫിസം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

12 ***ഇസ്‌ലാമിന്റെയും പാശ്ചാത്യരുടേയും ചരിത്രവീക്ഷണങ്ങൾ***
എം. എ. അഷ്റഫ്, സ്കോട്ട്ലന്റ്

15 ***ഇമാം അൽറാസി എന്ന മഹാപ്രതിഭ***
സക്കറിയാ വിർക്ക്

20 ***കലയും സംസ്കാരവും ഇസ്‌ലാമിൽ***
അബ്ദുസ്സലാം അക്തർ

24 ***ധാർമ്മിക വ്യതിയാനങ്ങളും ലൈംഗിക അരാജകത്വവും***
കെ. പി. അഹ്മദ്

25 ***മദ്ധ്യകാലവും യഹൂദപീഢനങ്ങളും***
എ.എം. മുഹമ്മദ് സലീം

29 ***മൂസാനബി (അ) യുടെ ആത്മീയ പ്രയാണം***
ഏ. പി കുഞ്ഞാമു

32 ***ഖിലാഫത്തിന്റെ തണലിൽ***
ബി.മൻസൂർ, കോഴിക്കോട്

34 കുറിപ്പുകൾ, അനുസ്മരണം
വാർത്തകൾ.


**മുഖചിത്രം : കെയ്റോവിലെ ഖൈെയ്ത്ത് ബേ മസ്ജിദിന്റെ മിഹ്റാബ്. ഹി.879/എ.ഡി.1474 പണിതത്.**



Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

"വിവാഹരഹിത ജീവിതമോ ഷണ്ഡത്വമോ അവലംബിച്ച് ചിലർ സന്യാസധർമ്മം സ്വീകരിക്കുന്നു. അതിനെ അവർ നൂതനമായി ആരംഭിച്ചതാണ്. നാം അതിനെ അവർക്കു കർത്തവ്യമായി വിധിച്ചിട്ടില്ല. ...ആകയാൽ ഈ നൂതന സമ്പ്രദായത്തെ അവർക്കു പൂർണ്ണമായും അനുഷ്ഠാനത്തിൽ വരുത്തുവാൻ കഴിയില്ല' (57:27).

## നബിവചനം

സൗന്ദര്യത്തേയോ കുടുംബമഹിമയേയോ സമ്പത്തിനേയോ പരിഗണിക്കാതെ ധാർമ്മികതയേയും ആത്മീയതയേയും മുൻനിർത്തി സഹധർമ്മിണിയെ തെരഞ്ഞെടുക്കുന്നുവെങ്കിൽ വിവാഹത്തിന്റെ സദുദ്ദേശങ്ങൾ സഫലീകരിക്കപ്പെടുമാറാകുമെന്ന് തിരുനബി(സ) മുന്നറിയിപ്പ് നൽകിയിരിക്കുന്നു. (മുസ്‌ലിം)



# ചാരിത്രശുദ്ധി

**വാഗ്ദത്ത മസീഹ്**

ജനങ്ങൾ ഷണ്ഡത്വം അവലംബിക്കുകയോ സന്യാസം സ്വീകരിക്കുകയോ ചെയ്യുവാൻ കല്പിച്ചിരുന്നുവെങ്കിൽ സകല ജനങ്ങളും അതിന്നനുസരിച്ചു പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാകുകയും തൽഫലമായി മനുഷ്യവർഗ്ഗത്തിന്റെ സന്താനോല്പാദനക്രിയ നിലച്ച് വളരെ മുമ്പ് തന്നെ ലോകം അവസാനിച്ചു പോകയും ചെയ്യുമായിരുന്നു. തന്നെയുമല്ല ചാരിത്രത്തെ പാലിക്കുന്നതിൽ ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗ്ഗങ്ങളെ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടികർത്താവിന്റെ നേരെയുള്ള ഒരെതിർപ്പുമായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ ഒരു വൻ ദൈവത്തോടുള്ള ഭയഭക്തി നിമിത്തം ദുഷ്പ്രേരണകളെയും ദുർവ്വികാരങ്ങളേയും ജയിച്ചടക്കുന്നതിലാകുന്നു. പുണ്യമിരിക്കുന്നത്. (ഇസ്‌ലാംമത തത്വജ്ഞാനം)

മുഖക്കുറിപ്പ്

# ലൈംഗിക സദാചാരവും മതവും

ലൈംഗികത എന്നത് എല്ലാ ജീവികളിലും കാണുന്ന പ്രത്യുൽപാദന സംബന്ധിയായ ഒരു ജൈവവികാനുഭൂതിയാണ്. ലൈംഗികതയടക്കം എല്ലാ സഹജഗുണങ്ങളേയും വിവേചന ബോധത്തിന്റെ അടിസ്ഥാനത്തിൽ ധർമ്മനിഷ്ഠയോടെ സംസ്കരിച്ച് എടുക്കുകയാണ് മതങ്ങൾ ചെയ്യുന്നത്. മൃഗങ്ങളിൽ നിന്നും മനുഷ്യനെ മാറ്റി നിർത്തുന്നത് ഈ സംസ്കാരമാണ്. മനുഷ്യപ്രകൃതിയിൽ ദൈവം തന്നെ ഉൾചേർത്ത ലൈംഗികത സമ്പൂർണ്ണമായി നിരസിച്ചുള്ള ഒരു ആത്മീയ പുരോഗതിയും മനുഷ്യന് നേടാനാവില്ല. ബ്രഹ്മചര്യം എന്നത് അയുക്തികവും മനുഷ്യപ്രകൃതിക്ക് യോജിക്കാത്തതും അവന് ആചരിക്കാൻ കഴിയാത്തതുമായ ഒരു തീവ്രവാദ നിലപാടും ഒരു വ്യാമോഹവുമാണ്. വിശുദ്ധ ഖുർആനിൽ ദൈവം പറയുന്നു:

“വിവാഹരഹിത ജീവിതമോ ഷണ്ഡത്വമോ അവലംബിച്ച് ചിലർ സന്യാസധർമ്മം സ്വീകരിക്കുന്നു. അതിനെ അവർ നൂതനമായി ആരംഭിച്ചതാണ്. നാം അതിനെ അവർക്കു കർത്തവ്യമായി വിധിച്ചിട്ടില്ല. ...ആകയാൽ ഈ നൂതന സമ്പ്രദായത്തെ അവർക്കു പൂർണ്ണമായും അനുഷ്ഠാനത്തിൽ വരുത്തുവാൻ കഴിയില്ല’ (57:27).

എല്ലാ മതസ്ഥാപകന്മാരും വിവാഹിതരായിരുന്നു എന്നാണ് ഇസ്‌ലാമിക സങ്കല്പം. റസൂൽ തിരുമേനി(സ) അരുളി: “വിവാഹജീവിതമാണ് നമ്മുടെ മാർഗ്ഗം. നമ്മുടെ മാർഗ്ഗത്തിൽ നിന്നും മുഖം തിരിച്ചവൻ നമ്മിൽ പെട്ടവനല്ല’ (മുസ്‌ലിം). വിവാഹം മനുഷ്യനിലെ ലൈംഗികത എന്ന ജൈവികഗുണത്തെ നിയമമാർഗ്ഗത്തിലൂടെ ക്രമപ്പെടുത്തുകയും വംശവർദ്ധനവിന്റെ അഥവാ കുടുംബജീവിതത്തിന്റെ ഭാരിച്ച ഉത്തരവാദിത്വവുമായി അവനെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. ലൈംഗികതയിലെ ആസ്വാദനങ്ങൾ മാത്രം നുകരുകയും ഉത്തരവാദിത്വങ്ങളിൽ നിന്ന് അകലുകയും ചെയ്യുന്നതിനോട് ഇസ്‌ലാം യോജിക്കുന്നില്ല.

വ്യഭിചാരത്തെക്കുറിച്ച് ഖുർആൻ പറയുന്നു: ‘നിങ്ങൾ വ്യഭിചാരത്തെ സമീപിക്കുക പോലും അരുത്. തീർച്ചയായും അത് നീച കൃത്യവും എത്രയും ചീത്തയായ ഒരു വഴിയുമാണ്’ (17:33)

മനുഷ്യന്റെ ലൈംഗികമായ അപഥസഞ്ചാരങ്ങളെ തടയുന്ന രീതിയിലുള്ള കർശനമായ പെരുമാറ്റ ചട്ടങ്ങളും വസ്ത്രധാരണ രീതിയുമാണ് ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നത്. ഇതിന്നായി സ്ത്രീകൾക്ക് ഇസ്‌ലാം ശുപാർശ ചെയ്യുന്ന പർദ്ദ സമ്പ്രദായത്തെക്കുറിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: ‘പരിശുദ്ധ ഗ്രന്ഥമായ ഖുർആനിൽ ഈ മറയെ (പർദ) സംബന്ധിച്ച് ചെയ്തുകാണുന്ന വ്യവസ്ഥയുടെ താല്പര്യം സ്ത്രീകളെ തടവുപുള്ളികളെപ്പോലെ വീടുകളിൽ അടച്ചിടേണമെന്നല്ല. അത് ഇസ്‌ലാമികാദ്ധ്യാപനങ്ങളെപറ്റി അറിവില്ലാത്ത അജ്ഞന്മാരുടെ അഭിപ്രായമത്രെ. എന്നാൽ ഇസ്‌ലാം നിർദ്ദേശിക്കുന്ന പർദ സമ്പ്രദായത്തിന്റെ ഉദ്ദേശ്യം സ്ത്രീപുരുഷന്മാരുടെ സ്വച്ഛന്ദമായ പരസ്പര വീക്ഷണവും സൗന്ദര്യ പ്രദർശനവും തടയുക എന്നുള്ളതാണ്. ഈ സമ്പ്രദായം ഉഭയകക്ഷികൾക്കു ഫലപ്രദമാകുന്നു. .....ഹൃദയം പരിശുദ്ധമാക്കി വെച്ചുകൊള്ളുന്നതിന് ആഗ്രഹിക്കുന്ന യാതൊരു ഭക്തിമാർഗ്ഗിയും മൃഗങ്ങളെപ്പോലെ തോന്നുന്ന ദിക്കിലേക്കെല്ലാം ദൃഷ്ടി പായിക്കാതിരിക്കേണ്ടത് അത്യാവശ്യമാണ്. (ഇസ്‌ലാംമത തത്വജ്ഞാനം)

ആഭാസകരമായ വസ്ത്രധാരണരീതിയും, ദൃശ്യമാധ്യമങ്ങളിലെ പ്രകടനങ്ങളും സ്ത്രീപുരുഷന്മാരുടെ സ്വഛന്ദമായ ഇടകലരലും ആധുനിക ലോകത്ത് ലൈംഗികരാജകത്വം സൃഷ്ടിച്ചിരിക്കുന്നു. പാശ്ചാത്യനാടുകളിലെ അതിരുകടന്ന ലൈംഗികരാജകത്വം ദാമ്പത്യ ജീവിതവും കുടുംബജീവിതവും ഇല്ലാതാക്കിയിരിക്കുന്നു. മാതാപിതാക്കന്മാരുടെ സുഭദ്രമായ കെട്ടുബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ലാളനയും, സ്നേഹവും വാത്സല്യവും ഏറ്റുവളരേണ്ടവരാണ് കുട്ടികൾ. ദാമ്പത്യതകർച്ച മൂലം അവർക്ക് ഇതൊന്നും ലഭ്യമാകാതെ വരുന്നു. മൃഗങ്ങളുടെ കുഞ്ഞുങ്ങൾ പോലും അനുഭവിക്കുന്ന ഈ അവകാശം മനുഷ്യശിശുവിന് നിഷേധിക്കപ്പെടുന്നു. അപ്രകാരം മക്കളുടെ ശുശ്രൂഷയില്ലാതെ വൃദ്ധസദനങ്ങളിൽ അഭയം തേടുന്ന പ്രായമേറിയ മാതാപിതാക്കന്മാരും കുത്തഴിഞ്ഞ പാശ്ചാത്യജീവിത്തിന്റെ ദയനീയമായ പരിശിഷ്ടങ്ങളാണ്. പാശ്ചാത്യനാടുകളിലെ ഈ കുടുംബത്തകർച്ചയുടെ മൂലകാരണം ലൈംഗിക സദാചാരങ്ങളുടെ ലംഘനങ്ങളാണ്. അവിടെയുള്ള വ്യക്തികളുടെ ഒറ്റപ്പെടലുകളും ഏകാന്തദുഃഖങ്ങളും നമുക്കൂഹിക്കാൻ കഴിയുന്നതിനേക്കാൾ വലിയ വ്യക്തിദുരന്തങ്ങളാണ്. പക്ഷേ, നിയന്ത്രണങ്ങളും വിലക്കുകളും ഇഷ്ടപ്പെടാത്ത ആധുനികതയുടെ വക്താക്കൾക്ക് സത്യസന്ധമായി കാര്യങ്ങൾ വിലയിരുത്താനോ, പരിഹാരം നിർദ്ദേശിക്കാനോ സാധിക്കുന്നില്ല. ലൈംഗിക സദാചാരത്തെപറ്റി മതങ്ങൾ പറയുന്ന ധാർമ്മികോപദേശങ്ങളെ പുച്ഛിച്ചുതള്ളി നമ്മുടെ നാടും ആ വഴിക്കുതന്നെയാണ് കുതിച്ചോടുന്നത്. ■

ലേഖനം

# പരിശുദ്ധ ജീവിതത്തിന്റെ അടയാളങ്ങൾ

## ഹദ്റത്ത് അഹ്മദ് (അ)

### സ്ഥിരചിത്തതയാണ് ആത്മീയജീവിതത്തിന്റെ അടിസ്ഥാനം

'തദ്കിറത്തുൽ ഔലിയ' (മുസ്‌ലിം സൂഫിവര്യന്മാരുടെ കഥകൾ വിവരിക്കുന്ന പുസ്തകം) യിൽ ഞാനൊരു സംഭവം വായിക്കുകയുണ്ടായി. ഒരിക്കൽ ഒരു ആൾക്കൂട്ടത്തിൽ വെച്ച് വൃദ്ധനായ ഒരാൾ തനിക്ക് പണത്തിന്റെ ആവശ്യം നേരിട്ടതായി അറിയിച്ചു. ഈ അപേക്ഷ കേട്ട ഒരാൾ അപേക്ഷിച്ചയാൾ ഒരു വിശുദ്ധനാണെന്ന് കരുതി അയാൾക്ക് ആയിരം രൂപ നൽകി. ഇത് സ്വീകരിച്ച വയോവൃദ്ധൻ പണം നൽകിയ ആളുടെ ഔദാര്യത്തേയും മഹാമനസ്കതയേയും വളരെയേറെ പ്രശംസിച്ചു. പക്ഷേ ആ സന്ദർഭത്തിൽ പണം നൽകിയ വ്യക്തി വളരെ വ്യസനിക്കുകയാണുണ്ടായത്. അയാൾ കരുതിയത് താൻ ഈ ലോകത്ത് വെച്ച് വളരെ കൂടുതൽ പ്രശംസിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പരലോകത്ത് വെച്ച് എനിക്ക് എന്ത് പ്രതിഫലമാണ് ലഭിക്കുക? പരലോകത്തുള്ള പ്രതിഫലം കൂടി അതോടെ നഷ്ടമായിയെന്ന് അയാൾ കരുതി. അയാൾ ഉടൻ തന്നെ ജനക്കൂട്ടത്തിലേക്ക് തിരിച്ചുചെന്നു. എന്നിട്ടു ആ പണം അയാളുടെ മാതാവിന്റേതായിരുന്നുവെന്നും അത് തരാൻ അവർക്ക് ഇഷ്ടമായിരുന്നില്ല എന്നും പറഞ്ഞു. അങ്ങിനെ പണം വൃദ്ധൻ അയാൾക്ക് തിരിച്ചുകൊടുത്തു. തുടർന്നു ജനങ്ങളെല്ലാം അയാളെ വെറുക്കുകയും ശപിക്കുകയും ചെയ്തു. അയാൾ ഒരു കള്ളനാണെന്നും പണം നൽകാൻ ഇഷ്ടപ്പെടാത്തയാളെന്നും പറഞ്ഞു. നേരം വൈകിയപ്പോൾ വൃദ്ധനായ മനുഷ്യൻ വീട്ടിലേക്ക് പോയി. അപ്പോൾ ഇയാൾ ആയിരം രൂപയും കൊണ്ട് വൃദ്ധന്റെ വീട്ടിലെത്തി. പൊതുജനമദ്ധ്യേ സ്തുതിക്കപ്പെട്ടതിനാൽ എന്റെ പ്രവർത്തിയുടെ പരലോകത്തുള്ള പ്രതിഫലം നഷ്ടപ്പെടുമെന്ന് ഞാൻ ഭയന്നു. അതുകൊണ്ട് അപ്രകാരം താൻ ചെയ്തതെന്നു പറഞ്ഞു. 'ഇതാ ഈ പണം താങ്കൾ തന്നെ എടുത്തുകൊൾക, താങ്കൾ ഇഷ്ടമുള്ളത് ചെയ്തുകൊൾക പക്ഷേ ഒരു ഉപാധി മാത്രം ഈ വിവരം മറ്റാരോടും പറയരുത്'. ഇത് കേട്ടപ്പോൾ വൃദ്ധൻ കരഞ്ഞുകൊണ്ടു പറഞ്ഞു: 'നേരത്തെ ഉണ്ടായ സംഭവത്തിൽ നിങ്ങളുടെ ജീവിതാവസാനം വരെ ആളുകൾ നിങ്ങളെ ശപിച്ചുകൊണ്ടിരിക്കും. അവർക്കെല്ലാം അറിയുക നേരത്തെ സംഭവിച്ചതാണ്. പക്ഷേ നിങ്ങൾ പണം തിരിച്ചുതന്ന കാര്യം ആരും അറിയില്ലല്ലോ.'

തിന്മയിലേക്ക് ചായുന്ന നഫ്സെ അമ്മാറക്കെതിരായ യുദ്ധത്തിൽ ഒരു സത്യവിശ്വാസി അവന്റെ ചിന്തകൾ മറച്ചുവെക്കാൻ ആഗ്രഹിക്കുകയും അവയെ രഹസ്യമാക്കിവെക്കുകയും ചെയ്യുന്നു. പക്ഷേ ദൈവം ആ രഹസ്യ ചിന്തകൾ പുറത്തു കൊണ്ടുവരുന്നു. തിന്മ ചെയ്യുന്ന ഒരാൾ തന്റെ തിന്മകൾ മറച്ചുവെക്കാൻ ശ്രമിക്കുന്നതുപോലെ ഒരു സത്യവിശ്വാസി തന്റെ സൽക്കർമ്മങ്ങളും രഹസ്യമാക്കി വെക്കുന്നു. അയാൾ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. പക്ഷേ മറ്റുള്ളവർ അത് കാണുമോ എന്ന് ഭയക്കുന്നു. യഥാർത്ഥ സത്യവിശ്വാസി ഒരുതരത്തിലുള്ള മൂടിയിടാൻ ആഗ്രഹിക്കുന്നു (അതായത് മറ്റുള്ളവർ കാണുന്നതിൽ നിന്നു മറയിടുന്നു).

സത്യവിശ്വാസത്തിന് പല നിലകളുമുണ്ട്. പക്ഷേ ശക്തിമത്തായ പ്രവർത്തനങ്ങൾക്ക് തഖ്‌വയുടെ ആവശ്യമുണ്ട്. (സത്യവിശ്വാസത്തിന്റെ ആദ്യഘട്ടം), ഒരു മുത്തഖി (സത്യവിശ്വാസത്തിന്റെ പ്രഥമഘട്ടത്തിലുള്ള ആൾ) നിരന്തരമായി യുദ്ധത്തിൽ (തിന്മയുടെ ആത്മാവുമായി) ഏർപ്പെടുന്നയാളായിരിക്കാം. 'സാലിഹ്' അഥവാ പരിശുദ്ധൻ ഈ ഘട്ടം തരണം ചെയ്തുകഴിഞ്ഞ ആളായിരിക്കും.

ഒരു മുത്തഖി പ്രകടനാത്മകതയുമായി നിരന്തരം യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കേണ്ട കാര്യത്തെപറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു. ചിലപ്പോൾ പ്രകടനാത്മകതയും ആത്മസംയമനവും തമ്മിൽ സംഘട്ടനത്തിൽ വരുന്നു. ഒരാൾക്ക് ദ്വേഷ്യം (അകാരണമായി) പിടിക്കുകയാണെങ്കിൽ ഇത് ദൈവത്തിന്റെ ഗ്രന്ഥത്തിലുള്ളതിന്നെതിരാണ്.

ഒരുപക്ഷേ അയാൾക്ക് ദ്വേഷ്യം വന്നത് അയാളെ മറ്റൊരാൾ ചീത്തപറഞ്ഞത് കൊണ്ടായിരിക്കാം. അയാളുടെ സ്വാർത്ഥമായ അഹങ്കാരമാണ്. അത് കേട്ടപ്പോൾ ആദ്യം മുന്നോട്ട് വന്നത്. എന്നാൽ തഖ്‌വ അദ്ദേഹത്തോട് ആവശ്യപ്പെടുന്നത് ദ്വേഷ്യത്തിൽ നിന്നു വിട്ടു നിൽക്കാനാണ്. ഖുർആൻ പറയുന്നു.

''വ്യർത്ഥമായ കാര്യങ്ങളുടെ അരികിലൂടെ നടന്നുപോകുന്നതായാൽ (അതിൽ പ്രവേശിക്കാതെ) മാന്യന്മാരായി അവർ നടന്നുപോകുന്നതാണ്.'' (25:73)

അതുപോലെ മുത്തഖിയും അക്ഷമക്കെതിരെ യുദ്ധം ചെയ്യേണ്ടതുണ്ട്. തഖ്‌വയുടെയും സത്യവിശ്വാസത്തിന്റേയും വഴിയിൽ ചരിക്കുന്ന ഒരാൾക്ക് ധാരാളം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. അദ്ദേഹത്തിന്റെ അഭിലഷിതമായ ലക്ഷ്യത്തിലെത്തിചേരുക എന്നത് വളരെയധികം പ്രയാസകരമായിരിക്കും. ഇക്കാരണത്താലാണ് അയാൾ അക്ഷമനാകുന്നത്. ഉദാഹരണത്തിന് ഒരുകിണറിന് അൻപത് മുഴം ആഴത്തിൽ കുഴിക്കേണ്ടതുണ്ടെന്ന് കരുതുക. രണ്ടോ നാലോ മുഴം കുഴിച്ചു ഈ പ്രവർത്തി ഉപേക്ഷിക്കുകയാണെങ്കിൽ ഇത് വ്യക്തമായ അവിശ്വസ്തതയല്ലാതെ മറ്റൊന്നുമല്ല. (ലഭിക്കേണ്ട ഫലത്തെക്കുറിച്ചുള്ള അവിശ്വസ്തത). തഖ്‌വയുടെ അടിയിലുള്ള അവസ്ഥ ഇത്പോലെയാണ്. മാർഗ്ഗദർശനത്തിന്നായുള്ള ദൈവികനിയമങ്ങൾ നിറവേറ്റപ്പെടണമെങ്കിൽ ഒരു പരിധി വരെ അതെത്തിക്കേണ്ടതുണ്ട്. അക്ഷമനാകാൻ പാടില്ല.

രണ്ട് വിധത്തിലായി അനുഗ്രഹിക്കപ്പെട്ടവരാണ് സത്യവിശ്വാസത്തിന്റെ ഉയർന്ന അവസ്ഥകളിൽ എത്തിച്ചേരുന്നത്. ഒരു കൂട്ടർ മതനിയമങ്ങളുടെ ഏറ്റവും മുഖ്യമായ നേട്ടങ്ങൾ ലളിതമായി പാലിച്ചുകൊണ്ട് പരിശ്രമങ്ങൾ ചെയ്യുന്നവരും അതിൽ സ്ഥിരചിത്തതയോടെ വർത്തിക്കുന്നവരുമാണ്. അവർ ഈ വഴിക്ക് മോക്ഷം നേടുന്നു. രണ്ടാമത്തെ കൂട്ടർ കൂടുതൽ മുന്നോട്ടു പോകുന്നു. അവർ ആഗ്രഹിച്ച ലക്ഷ്യത്തിലെത്തിചേരുന്നത് വരെ കഠിനമായി പരിശ്രമിക്കുന്നു. ആദ്യവിഭാഗത്തിൽപെട്ടവരേക്കാൾ ഏതാനും ചുവടുകൾ കൂടി മുന്നോട്ടുവെക്കുകയും എന്നാൽ അവരുടെ യാത്ര പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നവർ പരാജിതരാണ്. അത്തരം ആളുകൾ അനിവാര്യമായും നിരീശ്വരവാദികളായിത്തീരുന്നു. ഉദാഹരണത്തിന് ചില ആളുകൾ പറയാറുണ്ട്. അവർ പ്രാർത്ഥനകൾ നടത്തുകയും ആരാധനകൾ അനുഷ്ഠിക്കുകയും ആത്മീയമായ കർമ്മങ്ങൾ ആചരിക്കുകയും ചെയ്തു. അതെല്ലാം വ്യർത്ഥമാവുകയാണ് ചെയ്തത്. മൻസൂർ മസീഹ് എന്ന് പേരുള്ള ഒരാൾ ക്രിസ്ത്യാനിയായതിന്റെ കാരണം വിവരിക്കുന്നത് ഇങ്ങിനെയാണ്. അയാൾ ആത്മീയമായ മാർഗ്ഗദർശകനെ കണ്ടുമുട്ടി. ആത്മീയമായ ചില അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുകയും ചെയ്തു. പക്ഷേ അതിൽ നിന്നൊന്നും യാതൊരു ഫലവും ലഭിച്ചില്ല. അയാൾ നിരാശിതനായി അങ്ങിനെ കൃസ്ത്യാനിയായിതീർന്നു.

അക്ഷമ കാണിക്കുന്നയാൾ ശൈത്വാന് ഇരയായി തീരുകയും അവന്റെ പിടിയിൽ അമരുകയും ചെയ്യുന്നു. ആയതിനാൽ ഒരു സത്യവിശ്വാസി അസഹനീയമായ അവസ്ഥകളോട് പൊരുതേണ്ടതുണ്ട്. 'ബുസ്താനി'ൽ (സഅ്ദി എഴുതിയ ഗ്രന്ഥം) അല്ലാഹുവിനെ ആരാധിച്ച ഒരു വിശുദ്ധന്റെ കഥയുണ്ട്. അദ്ദേഹം പ്രാർത്ഥിക്കുമ്പോഴെല്ലാം 'നീ ഉപേക്ഷിക്കപ്പെട്ട തെറ്റുകാരനാണ് എന്ന ഒരശരീരി കേൾക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്ന ശിഷ്യനും ഈ അശരീരി കേട്ടു. അശരീരി കേട്ട ശിഷ്യൻ പറഞ്ഞു: 'തീർച്ചയായും സംഗതി തീരുമാനിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതിനെതിരെ ഒരാൾ തലയിട്ടടിച്ചിട്ടെന്ത് കാര്യം' ഇത് കേട്ട വിശുദ്ധനായ ദൈവഭക്തൻ പറഞ്ഞു: 'ഞാൻ അവനെ ഉപേക്ഷിച്ചാൽ എനിക്ക് പോകാൻ മറ്റൊരിടമെവിടെ? ഞാൻ അവനാൽ ശപിക്കപ്പെട്ടാൽ മറ്റെന്ത് ചെയ്യാനാണ്?, അത്തരം വാക്കുകളിൽ ദൈവം എന്നെ വിളിക്കുന്നത് തന്നെ അവന്റെ മഹത്തായ അനുഗ്രഹമാണ് എന്ന് ഞാൻ കരുതുന്നു' ഇങ്ങിനെ അവർ ഈ അശരീരിയെപറ്റി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വീണ്ടും ഒരു ശബ്ദം കേട്ടു: 'നിന്നെ ഞാൻ സ്വീകരിച്ചിരിക്കുന്നു'. ഇതെല്ലാം തന്നെ സഹനത്തിന്റെയും യഥാർത്ഥത്തിലുള്ള ആത്മാർത്ഥതയുടേയും ഫലമാണ്.ഒരു സത്യവിശ്വാസിക്കും അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഗുണങ്ങളാണിത്.

അല്ലാഹു ഖുർആനിൽ പറയുന്നു: 'നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ തീർച്ചയായും അവരെ നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു' (29:70)

ഇതിനർത്ഥം ഈ മാർഗ്ഗത്തിൽ പരിശ്രമിക്കണമെങ്കിൽ അല്ലാഹുവിന്റെ പ്രവാചകന്റെ മാർഗ്ഗത്തിൽ ചരിക്കേണമെന്നാണ്. ഏതാനും മണിക്കൂറുകൾക്ക് ശേഷം യുദ്ധക്കളത്തിൽ നിന്ന് ഓടി അകന്നുകളയുക എന്നത് ഒരുപടയാളിക്ക് ചേർന്നതല്ല. അതിനുപകരം തന്റെ ജീവിതം തന്നെ ബലിയർപ്പിക്കാൻ അവൻ പ്രതിജ്ഞാബദ്ധനായിരിക്കേണ്ടതാണ്. അതിനാൽ ഒരുസത്യവിശ്വാസിയുടെ അടയാളം സ്ഥിരോത്സാഹമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു.

'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്യുന്നവർ' (41:31)

അല്ലാഹു ഞങ്ങളുടെ ദൈവമാണെന്ന് പറയുകയും സ്ഥിരചിത്തരായി നിൽക്കുകയും മറ്റെല്ലാത്തിൽ നിന്നും വിമുഖരാവുകയും ചെയ്തുകൊണ്ട് അവർ ദൈവത്തെ അന്വേഷിക്കുന്നു. ഇതിന്നർത്ഥം വിജയം സ്ഥിരോത്സാഹത്തെ ആശ്രയിച്ചാണിരിക്കുന്നത്. പരീക്ഷണങ്ങളിലും പ്രയാസത്തേയും ഭയപ്പെടാതിരിക്കുക. സ്ഥിരചിത്തതയാണ് ദൈവത്തെ തിരിച്ചറിയുന്നത്. അത്തരം അന്വേഷകൻ പ്രവാചകന്മാർക്ക് ലഭിച്ചത് പോലെയുള്ള ദൈവിക വെളിപാടുകളുടെ സ്വീകർത്താവായി മാറും എന്നതാണ് അതിന്റെ അനിവാര്യമായ ഫലം

(മൽഫൂസാത്ത്)

■

ലേഖനം

Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ നിന്ന്

# സൂഫിസം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

## വെളിപാടുകളിലൂടെ ദൈവവുമായി ബന്ധപ്പെടാം എന്നതാണ് സൂഫിസത്തിന്റെ അന്തഃസത്ത

ചരിത്രത്തിൽ ട്രാൻസ് ഓക്സസ് എന്നറിയപ്പെടുന്ന തുർക്കി ഇറാൻ, അമുദാറിയായുടെ കിഴക്ക് ഭാഗത്തുള്ള രാജ്യങ്ങൾ എന്നീ പ്രദേശങ്ങളിലാണ് സൂഫിസം പ്രചാരം നേടിയത്. പഴയ സോവിയറ്റ് യൂണിയനിലെ ധാരാളം മുസ്‌ലിംകൾ സൂഫിസത്തിന്റെ അനുയായികളായിരുന്നു. സാർ ചക്രവർത്തിമാരുടെ ഭരണത്തിന് കീഴിലും അതുപോലെ കമ്മ്യൂണിസത്തിന്റെ കാലഘട്ടത്തിലും ഇസ്‌ലാമിനെ സജീവമാക്കി നിർത്തിയതിൽ പ്രധാന പങ്കുവഹിച്ചത് സൂഫികളാണ്.

മതത്തിന്റെ ബാഹ്യരൂപങ്ങളുടെ അന്തർഭാഗത്ത് വെളിപാടുകളുടെ ചേതനയാണ് പ്രവർത്തിക്കുന്നത്, അതിന് മതത്തിന്റെ ബാഹ്യരൂപത്തേക്കാൾ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന കാര്യത്തിൽ സൂഫിസം ശക്തമായ ഊന്നൽ നൽകുന്നു. ലളിതമായി പറഞ്ഞാൽ എല്ലാ മതങ്ങളും കഠിനപരിശ്രമത്തിലൂടെ നേടാനാഗ്രഹിക്കുന്ന പരമലക്ഷ്യം ഈ അന്തഃചൈതന്യമാണ്. സൂഫികൾ മനസ്സിലാക്കിയതും ഈ അന്തഃചൈതന്യം തന്നെയാണ്. ആ ആത്യന്തികലക്ഷ്യം ദൈവം സ്നേഹമാണ് എന്ന തിരിച്ചറിവും അവനുമായി ബന്ധം സ്ഥാപിക്കലുമായിരുന്നു. ആയതിനാൽ സൂഫികളെ സംബന്ധിച്ചേടത്തോളം നിങ്ങൾ മതത്തിന്റെ ബാഹ്യമായ കർമ്മാനുഷ്ഠാനങ്ങളിലൂടെയോ അല്ലാതെയോ ഈ ലക്ഷ്യത്തിൽ എത്തിച്ചേർന്നാൽ ഉദ്ദേശം സാധിച്ചു. നിങ്ങൾക്ക് ലഭിക്കേണ്ടത് ലഭിച്ചു. അതിനുള്ള ഏത് മാർഗ്ഗവും അവലംബിക്കാം. എല്ലാ സൂഫികളും ഇസ്‌ലാം മതത്തിലെ കർമ്മാനുഷ്ഠാനങ്ങളെ നിരാകരിച്ചിട്ടില്ല. അവർ തങ്ങളുടെ ജീവിതത്തെ അവർ മനസ്സിലാക്കിയ വിധം ഇസ്‌ലാമിക ശരീഅത്ത് പ്രകാരം ജീവിച്ചു. എങ്കിലും സൂഫികളുടെ മിക്ക ആരാധനാപരിശ്രമങ്ങളും ശരീഅത്തിനനുസൃതമായ ആരാധനാക്രമങ്ങൾ പാലിച്ചുകൊണ്ടുള്ളതല്ല. അവർ ദൈവത്തിന്റെ ചില ഗുണനാമങ്ങൾ ദിനേനയെന്നോണം ആവർത്തിച്ചുരുവിട്ട് ദൈവസ്മരണയിൽ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നു. അത്തരത്തിലുള്ള അവരുടെ അനുഷ്ഠാനങ്ങൾ യോഗികളുടെ സമ്പ്രദായങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. യോഗയെക്കുറിച്ച് ഹിന്ദുയിസം ചർച്ച ചെയ്യുന്ന ഭാഗത്ത് നാം പരാമർശിച്ചിട്ടുണ്ട്. ചിലപ്പോൾ ദൈവത്തെ സ്മരിക്കുന്നതിന് ചില പുതിയ വഴികളും പുതിയ രീതികളും നവീനമായി ചില സൂഫി ആചാര്യന്മാർ ആവിഷ്കരിച്ചതായി കാണുന്നു. അതാകട്ടെ ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥാപകന്റെ സുസ്ഥാപിതമായ സുന്നത്ത് (ചര്യകളിൽ നിന്നും വ്യക്തമായ വ്യതിചലനങ്ങളായിരുന്നു. ഈ വിഭാഗത്തിൽപ്പെട്ട ചില സൂഫി വിഭാഗങ്ങൾ ഖുർആനിക അദ്ധ്യാപനങ്ങളേക്കാൾ അത്യന്തം വികാരവായ്പോടെയും, ശക്തമായുമാണ് അത്തരം സമ്പ്രദായങ്ങൾ ആചരിക്കുന്നത്. അങ്ങിനെയാണ് സൂഫിസത്തിന്റെ പുതിയ ചിന്താസരണികൾ മുസ്‌ലിം ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വിവിധ കാലങ്ങളിലായി ആവിർഭവിച്ചത്.

സൂഫിചിന്തയുടെ വികാസത്തിന്റെ വിശദമായ വിവരണം നൽകുകയോ പിൽക്കാലത്ത് സൂഫിസത്തിൽ ആവിർഭവിച്ച ഭിന്നതകളെപ്പറ്റി പ്രതിപാദിക്കലോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പക്ഷേ ഒരു കാര്യം വളരെ സ്പഷ്ടമാണ്. ഇസ്‌ലാമിലെ ഇതുപോലെയുള്ള മറ്റു പല സമ്പ്രദായങ്ങളിൽ നിന്നും സൂഫിസത്തെ തിരിച്ചറിയുന്നത് വെളിപാടുകൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും അഥവാ ദൈവവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുമെന്നുമുള്ള സൂഫികളുടെ അചഞ്ചലമായ വിശ്വാസത്തിൽ നിന്നാണ്. വാസ്തവത്തിൽ ഇസ്‌ലാമിലെ സുപ്രസിദ്ധരായ സൂഫിവര്യന്മാരെല്ലാം തന്നെ തങ്ങൾ

ദൈവവുമായി നിരന്തരം ആത്മീയമായി ബന്ധപ്പെടാറുണ്ടെന്ന് വാദിച്ചവരാണ്. അവർക്ക് ലഭിച്ച നിരവധി വെളിപ്പാടുകൾ അവരുടെ ആധികാരിക പുസ്തകങ്ങളിൽ അവർ തന്നെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സൂഫികൾ ഇസ്ലാമിന്റെ അടിസ്ഥാനങ്ങളുമായുള്ള സകലബന്ധങ്ങളും വിഛേദിച്ചവരാണ്. അവരെ സംബന്ധിച്ചേടത്തോളം മതത്തിന്റെ ഉദ്ദേശം മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുക എന്നതാണ്. ഈ ലക്ഷ്യം കൈവരിച്ചവർക്ക് ഇസ്ലാമിന്റെ ബാഹ്യമായ ആരാധനാരൂപങ്ങൾ അധികപറ്റാണ്. അവർ മാനസികവും, ആത്മീയവുമായ ചില അഭ്യാസങ്ങൾ ആവിഷ്കരിച്ച് ഇതിലൂടെ ദൈവവുമായി മനുഷ്യനു ഒരു തരത്തിൽ ബന്ധം സ്ഥാപിക്കാമെന്നും വാദിക്കുന്നു. ചിലപ്പോൾ അത് ദൈവത്തിലുള്ള ഏകത്വത്തിന്റെ ഉണർച്ചയാണെന്നും അവർ വിവരിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ട സൂഫികൾ അവരുടെ മാർഗ്ഗം സംഗീതത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും വഴിമാറാൻ അധികം സമയമെടുക്കില്ല. യാഥാർത്ഥ്യത്തിൽ നിന്നുമുള്ള ബന്ധം വിഛേദിച്ച് മിഥ്യാഭ്രമത്തിന്റെ ലോകത്തിലേക്ക് അവർ അലക്ഷ്യമായി വഴിമാറിപ്പോവുന്നു. എല്ലാ സൂഫിപ്രസ്ഥാനങ്ങളും അവരുടെ പ്രയാണം പുതിയ കൃതിപ്പുകളുണ്ടാക്കി ആരംഭിച്ചതല്ല. ജീർണതകൾ പിൽക്കാലത്ത് അവരിലേക്ക് കടന്നുവരികയാണുണ്ടായത്.

കാലക്രമേണ ശരീഅത്തിൽ നിന്നും വഴിമാറിപ്പോയ സുസ്ഥാപിതവും വളരെയേറെ ആദരിക്കപ്പെടുന്നതുമായ നാലു സൂഫി ചിന്താസരണികളുണ്ട്. എങ്കിലും ഈ സൂഫിപ്രസ്ഥാനങ്ങളുടെ സ്ഥാപകന്മാരുടെ വിശുദ്ധ ഖുർആനോടും സുന്നത്തിനോടുമുള്ള കൂറ് അനിഷേധ്യവും അചഞ്ചലവുമാണ്. ഈ മുഖ്യസൂഫിവിഭാഗങ്ങൾ ചിശ്തിയ്യാ, സുഹ്റ് വർദ്ദിയ്യാ, ഖാദിരിയ്യാ, നഖ്ശ് ബന്ദിയാ എന്നിവയാണ്. ഈ മുഖ്യവിഭാഗങ്ങളെ വീണ്ടും ഉപവിഭാഗങ്ങളായി തിരിക്കാവുന്നതാണ്. സത്യത്തിന്റെ സാക്ഷാത്കാരത്തിന് ലോകവിരക്തിയുടെയും, ആത്മപീഢനത്തിന്റേയും പ്രാധാന്യം ഇവരെല്ലാം ഊന്നിപ്പറയുന്നു. പ്രാഥമികമായി ഈ സമ്പ്രദായങ്ങളൊന്നും തന്നെ ഇസ്ലാമിന്റെ പാരമ്പര്യങ്ങൾക്ക് പകരം വെക്കാവുന്നതല്ല. അതെല്ലാം പുറമെ നിന്നും കടന്നുകൂടിയവയാണ്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സൂഫിധാരണകൾ ഇസ്ലാമിന് അന്യമായുള്ള തത്ത്വശാസ്ത്രങ്ങളാൽ ക്രമേണ സ്വാധീനിക്കപ്പെടുകയുണ്ടായി. ഉദാഹരണത്തിന് ചില ഗ്രീക്ക് ക്ലാസിക്കൽ തത്ത്വശാസ്ത്രം സൂഫിചിന്തയിൽ കലരുകയുണ്ടായി. ഗ്രീക്കിലെ സർവ്വദൈവവാദത്തിന്റെ (Pantheism = പ്രപഞ്ചം തന്നെയാണ് ദൈവം എന്ന വാദം) പരിഷ്കരിച്ച രൂപം ചില സൂഫി വിഭാഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മറ്റു മുസ്ലിംകൾ അതിനെ നിശിതമായി വിമർശിച്ചിട്ടുമുണ്ട്. ഈശ്വരാംശം എല്ലാറ്റിലുമുണ്ടെന്ന ഈ സർവ്വേശ്വരാവാദത്തെ എതിർത്തവർ ദൈവവും അവന്റെ സൃഷ്ടികളുമായി വ്യക്തവും സ്പഷ്ടവുമായ വിഭജനരേഖയുണ്ടെന്ന് വാദിക്കുന്നു. അവരെ സംബന്ധിച്ചേടത്തോളം സൃഷ്ടി സ്രഷ്ടാവിന്റെ മുദ്ര വഹിക്കുകയും അത് സ്രഷ്ടാവിനെ പ്രതിഫലിപ്പിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ സ്രഷ്ടാവിന്റെ സത്തയുമായി അത് കലരുന്നില്ല. ഇതിനു വിപരീതമായി മറ്റു ചില വിഭാഗങ്ങൾ വിശ്വസിക്കുന്നത് പ്രപഞ്ചം മുഴുവനും സ്രഷ്ടാവിന്റെ പ്രകടനമായതിനാൽ സ്രഷ്ടാവും സൃഷ്ടിപ്പും തമ്മിൽ വ്യക്തമായ വേർതിരിവില്ല എന്നാണ്. അവരെ സംബന്ധിച്ചേടത്തോളം സൃഷ്ടികൾ സ്രഷ്ടാവിൽ നിന്നും വേർപ്പെട്ടതല്ല. കാരണം സ്രഷ്ടാവിന്റെ ഗുണങ്ങളെല്ലാം തന്നെ അവന്റെ സൃഷ്ടികളുടെ പ്രകൃതിയിൽ നിന്നും വേർപ്പെടുത്താൻ സാധ്യമല്ല. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ഒരു വിഭജന രേഖ വരക്കാൻ സാധ്യമല്ല. ആയതിനാൽ ദൈവമെന്നാൽ പ്രപഞ്ചമാണ്. പ്രപഞ്ചമെന്നാൽ ദൈവവുമാണ്. എങ്കിലും ദ്രവ്യത്തിൽ പ്രകൃതിഗുണം പ്രവർത്തിക്കുന്നത് പോലെ ദൈവത്തിന് അവന്റെതായ സ്വതന്ത്ര ഇച്ഛയുണ്ട്.

> **സൃഷ്ടി സ്രഷ്ടാവിന്റെ മുദ്ര വഹിക്കുകയും അത് സ്രഷ്ടാവിനെ പ്രതിഫലിപ്പിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ സ്രഷ്ടാവിന്റെ സത്തയുമായി അത് കലരുന്നില്ല. ഇതിനു വിപരീതമായി മറ്റു ചില വിഭാഗങ്ങൾ വിശ്വസിക്കുന്നത് പ്രപഞ്ചം മുഴുവനും സ്രഷ്ടാവിന്റെ പ്രകടനമായതിനാൽ സ്രഷ്ടാവും സൃഷ്ടിപ്പും തമ്മിൽ വ്യക്തമായ വേർതിരിവില്ല എന്നാണ്.**

പ്രഥമദൃഷ്ട്യാ സൂഫികളുടെ ഈ പ്രപഞ്ചവീക്ഷണം മുഴുവനും സർവ്വദൈവവാദമായി തോന്നിയേക്കാം. അതായത് ദൈവം എല്ലാമാണെന്നും എല്ലാം ദൈവമാണെന്നുമുള്ള വാദം. പക്ഷേ പ്രധാനപ്പെട്ട ഒരു വ്യത്യാസം ഓർക്കേണ്ടതുണ്ട്. വെളിപാടുകളിലൂടെ മനുഷ്യനുമായി വിനിമയം നടത്തുന്നതും മനുഷ്യന്റെ ജീവിതപരീക്ഷണങ്ങളിലും, ദുഃഖങ്ങളിലും സന്തോഷങ്ങളിലും താൽപര്യം കാട്ടുകയും, അവന് മാർഗ്ഗദർശനം നൽകുകയും, ബാഹ്യമായി നിലനിൽക്കുന്നതും, ബോധസ്വരൂപനുമായ ഒരു സ്രഷ്ടാവ് സർവ്വദൈവവാദികളുടെ ദൈവസങ്കല്പത്തിലില്ല. ഈ പ്രാചീന സർവ്വദൈവവാദത്തിനു വിരുദ്ധമായി മുസ്ലിം സൂഫികൾ സ്വതന്ത്രാസ്തിത്വമുള്ളതും തന്റെ സൃഷ്ടികളിലൂടെ പ്രതിഫലിക്കുന്നതുമായ ഒരു ദൈവത്തിൽ വിശ്വസിച്ചു. ആ ദൈവം സ്രഷ്ടാവുമായിരുന്നു.

സൂഫികൾ അവരുടെ പ്രകൃതമനുസരിച്ച് ചിലപ്പോൾ തീക്ഷ്ണവും കഠിനവുമായ വാദപ്രതിവാദങ്ങളിലേർപ്പെട്ടു. എങ്കിലും അവർ അവരുടെ വിശ്വാസങ്ങളിൽ മിതത്വം പാലിച്ചിരുന്നു. സൂഫികളെ എതിർത്തിരുന്ന വിശ്വാസങ്ങളോട്

# ഹല്ലാജ് മൻസൂർ

ഹജ്ജ് ചെയ്തതിനുശേഷം ഒരു വർഷക്കാലം മക്കയിൽ തന്നെ താമസിച്ച ഹല്ലാജ് തിരിച്ച് ബാഗ്ദാദിലെത്തി. എ.ഡി. 955ൽ അദ്ദേഹം ഇന്ത്യയിലേക്കും ഒരുയാത്ര നടത്തുകയുണ്ടായി.

ബാഗ്ദാദിലേക്ക് മടങ്ങിയ മൻസൂർ ധീരതയോടെ തന്റെ ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ തുടർന്നു. ആത്മീയമായ ഗൂഢാർത്ഥപദങ്ങൾ നിറഞ്ഞ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ യാഥാസ്ഥിതിക മതനേതൃത്വത്തിന് മനസ്സിലാക്കാനായില്ല. അവർ അദ്ദേഹത്തെ അവിശ്വാസിയെന്ന് മുദ്രകുത്തി ഭരണകൂടം മൻസൂറിനെതിരെ നിയമനടപടികളാരംഭിച്ചു. പണ്ഡിതന്മാർ അദ്ദേഹത്തിൽ നിന്നകലാൻ തുടങ്ങി. ന്യായാധിപനായ ഇബ്നു ദാവൂദ് മൻസൂറിന് ജീവപര്യന്തം തടവു വിധിച്ചു. ബാഗ്ദാദിൽ രാഷ്ട്രീയ മാറ്റം നടക്കുന്നതുവരെ, എട്ടുവർഷം അദ്ദേഹം തടവിൽ കഴിഞ്ഞു. ആഭ്യന്തര മന്ത്രിയായിരുന്ന ഹാമിദ് ബാഗ്ദാദിന്റെ പരമാധികാരമേറ്റെടുത്തു. മൻസൂറിനെ വീണ്ടും വിചാരണ ചെയ്തു. വിചാരണക്കാലത്ത് നടന്ന ആഭ്യന്തരകലാപം മൻസൂറിന്റെ നില കൂടുതൽ പരുങ്ങലിലാക്കി. മൻസൂറിന്റെ സുഹൃത്ത് ഇബ്നു അത്തയെ വിചാരണയ്ക്ക് സാക്ഷിയാകാൻ വിളിച്ചിരുന്നു. ഭരണകൂടത്തിന്റെയും മതപണ്ഡിതന്മാരുടേയും നിലപാടുകളെ പരിഹസിച്ച ഇബ്നു അത്തയെ അപ്പോൾ തന്നെ വധിച്ചുകളഞ്ഞു. ആഭിചാരകനെപോലെ ജനമനസ്സുകളെ വശീകരിക്കുന്ന മൻസൂറിന്റെ വചസ്സുകൾ നിശ്ചേതനമാക്കാൻ മതപണ്ഡിതന്മാരും ഭരണകൂടവും ഗൂഢാലോചന നടത്തി. മൻസൂറിന് വധശിക്ഷ ഉറപ്പുവരുത്താൻ അദ്ദേഹത്തിന്റെ ആശയങ്ങൾ വളച്ചൊടിച്ചു ദുർവ്യാഖ്യാനം ചെയ്തു. 'ഈ പാപിക്കുള്ള യഥാർത്ഥ ശിക്ഷ ദൈവം നൽകട്ടെ. ദൈവനിഷേധിയും ധിക്കാരിയുമായ മൻസൂർ മാപ്പർഹിക്കുന്നില്ല. ഞങ്ങളിതാ ഇവന് വധശിക്ഷ നൽകുന്നു' എന്നായിരുന്നു വിധി പ്രഖ്യാപനം. ഈ സംഭവത്തെ ഹിജ്റ ആറാം നൂറ്റാണ്ടിലെ മുജദ്ദിദ് ശൈഖ് മുഹ്യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി (റ ഹ്) അപലപിക്കുകയും താൻ അന്ന് ജീവിച്ചിരുന്നെങ്കിൽ അത് തടയുമെന്ന് പറയുകയും ചെയ്തതായി മുഹ്യുദ്ദീൻ മാലയിൽ കാണാം.

'ഹല്ലാജെ കൊല്ലുംന്നാൾ അന്നു ഞാൻ ഉണ്ടെങ്കിൽ
അപ്പോൾ അവർ കൈപിടിപ്പോൻ ഞാനെന്നോവർ'

വധശിക്ഷ കാണാനെത്തിയ വൻജനക്കൂട്ടത്തിനിടയിൽ സുഹൃത്ത് ശിബിലിയുമുണ്ടായിരുന്നു. ശിബ്ലി നൽകിയ വിരിയിൽ നമസ്കാരം നിർവ്വഹിച്ച് ചാഞ്ചല്യലേശമില്ലാതെ ഹല്ലാജ് ബലി പീഠത്തിലേക്ക് നടന്നുനീങ്ങി. ആദ്യമായി അദ്ദേഹത്തിന്റെ കൈപ്പത്തികളും പാദങ്ങളും മുറിച്ചെടുത്തു. ജീവനോടെതന്നെ അദ്ദേഹത്തെ തൂക്കുമരത്തിൽ പൊതു ദർശനത്തിനു വെച്ചു.

ഈ അവസ്ഥയിൽ മൻസൂറിനോട് സുഹൃത്ത് ശിബിലി എന്താണ് സൂഫിസം എന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'സൂഫിസത്തിന്റെ ഏറ്റവും താഴ്ന്ന തലമാണിത്. നാളെ നിങ്ങൾക്കതിന്റെ ഉയർന്ന തലം കാണാം. നിങ്ങൾക്കറിയാനാവാത്ത ദിവ്യ മഹത്വത്തിലേക്കുള്ള എന്റെ ആരോഹണം നാളെയാണല്ലോ?'

അടുത്ത ദിവസം (എ.ഡി. 922 മാർച്ച് 26) മൻസൂറിന്റെ തല മുറിച്ചു മാറ്റി. ശരീരം എണ്ണയൊഴിച്ച് കത്തിച്ചു. ചാരം ടൈഗ്രീസ് നദിയിലൊഴുക്കി.

വധശിക്ഷാവേളയിൽ മൻസൂർ ചൊല്ലിയ കവിത പ്രശസ്തമാണ്. അതിപ്രകാരമായിരുന്നു.

*''എന്റെ വിശ്വസ്തരായ സുഹൃത്തുക്കളേ,*
*എന്നെ വധിക്കൂ.*
*എനിക്ക് വധം ജീവിതത്തിലേക്കുള്ള വഴിയാണ്.*
*ജീവിതത്തിലായിരുന്നു എന്റെ മരണം.*
*ജീവിതം മരണത്തിലും.''*

**എ. എം.**

പോലും സഹിഷ്ണുത കാണിച്ചു. അസഹിഷ്ണുത നിരന്തരം വർദ്ധിച്ചുകൊണ്ടിരുന്ന മതയാഥാസ്ഥിതികരെപറ്റി ഇപ്രകാരം പറയാൻ സാധ്യമല്ല. അതിനാൽ യാഥാസ്ഥിതിക മതപുരോഹിതന്മാരുടെ കൈകളാൽ ധാരാളം സൂഫികൾ പീഡിപ്പിക്കപ്പെട്ടു. അപൂർവ്വം സന്ദർഭങ്ങളിൽ മതയാഥാസ്ഥിതികർ സൂഫികളെ നേരിടാൻ ചില പ്രസ്ഥാനങ്ങൾ തന്നെ ഉണ്ടാക്കി. എല്ലാ സൂഫി വിഭാഗങ്ങളും ഇത്തരം കഠിനമായ ശത്രുതകൾക്ക് വിധേയമായിട്ടുണ്ട്. സർവ്വദൈവവാദത്തോട് അടുത്തുനിന്ന സൂഫി ദൈവസങ്കല്പമായിരുന്ന മുഖ്യധാരയിലുള്ള മതപുരോഹിതന്മാരുടെ ഏറ്റവും കടുത്ത കോപത്തിന് ശരവ്യമായത്. ചിലപ്പോൾ അവരുടെ മേൽ വധശിക്ഷ വിധിക്കുകയും ഹീനമായി വധിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. അവരുടെ സർവ്വദൈവ തത്ത്വശാസ്ത്രം സ്വതന്ത്രമായ അസ്തിത്വമുള്ള പരമോന്നത സ്രഷ്ടാവിന്റെ ഏകത്വത്തിന് യാതൊരു വിധത്തിലും വിരുദ്ധമല്ല എന്ന അവരുടെ വിശദീകരണങ്ങളൊന്നും അവരുടെ രക്ഷക്കെത്തിയില്ല. സൂഫികളുടെ ദൈവവിശ്വാസം ദൈവത്തിൽ പങ്കുകാരെ കല്പിക്കുന്നതാണെന്ന് പറഞ്ഞ് അവർക്ക്മേൽ കുറ്റം വിധിക്കപ്പെടുകയുണ്ടായി. യാഥാസ്ഥിതിക മതപണ്ഡിതന്മാർ അവരുടെ മേൽ കുറ്റം ചുമത്തി ക്രൂരമായി പീഡിപ്പിച്ചു.

സ്വയം ദൈവമാണെന്ന് വാദിച്ചു എന്ന് ആരോപിക്കപ്പെടുന്ന സൂഫികൾ എത്തരത്തിൽ കൈകാര്യം ചെയ്യപ്പെട്ടു എന്നതിന്ന് ഉത്തമോദാഹരണമാണ് സുപ്രസിദ്ധ സൂഫിവര്യനായിരുന്ന മൻസൂർ അൽ ഹല്ലാജിന്റെ ചരിത്രം. 'അനൽഹഖ്, അനൽഹഖ്' (ഞാനാണ് ദൈവം ഞാനാണ് ദൈവം) എന്ന് ആത്മഹർഷവേളയിൽ അദ്ദേഹം ഒരു വിട്ടതിന്റെ പേരിൽ അദ്ദേഹത്തെ തൂക്കി

ക്കൊല്ലാൻ വിധിക്കുകയുണ്ടായി. അദ്ദേഹം തന്റെ അസ്തിത്വത്തെ മുഴുവൻ ദൈവാനുരാഗത്തിൽ ലയിപ്പിച്ച് ആത്മീയഹർഷത്തിന്റെ തുരീയാവസ്ഥയിൽ നടത്തിയ ഈ പ്രസ്താവങ്ങൾ താൻ സ്വയം ദൈവമാണെന്ന അവകാശവാദമാണെന്ന് യാഥാസ്ഥികന്മാർ ധരിച്ചു. അദ്ദേഹം ഉദ്ദേശിച്ചത് അദ്ദേഹത്തിന്റെ അസ്തിത്വം ശൂന്യമാണെന്നും ദൈവമാണ് എല്ലാം ആണെന്നുമാണ്. മൻസൂർ ഹല്ലാജ് ശിരസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് തൂക്കുമരത്തിലേക്ക് കയറിപ്പോയി. അണുമണിതൂക്കം പോലും ആസന്നമായ മരണത്തെ അദ്ദേഹം ഭയപ്പെട്ടില്ല. അദ്ദേഹത്തിന്റെ ശബ്ദം, ചുറ്റും ആൾക്കൂട്ടത്തിന്റെ ശകാരവാക്കുകൾക്കുള്ളിൽ മുങ്ങിപ്പോയില്ല. ആ ശബ്ദം കൂടുതൽ വ്യക്തമായും ഔന്നത്യത്തോടെയും ഉയരുകയായിരുന്നു. അനൽഹഖ്, അനൽഹഖ്. അദ്ദേഹത്തിന്റെ ജീവൻ വേർപ്പെടുന്നത് വരെ അത് ഉരുവിടുകയായിരുന്നു.

ഈ കാണുന്ന ഭൗതികപ്രപഞ്ചം യാഥാർത്ഥ്യമാണോ അതല്ല മനസ്സിന്റെ ഒരു തോന്നൽ മാത്രമാണോ എന്ന പ്രശ്നത്തെ അടിസ്ഥാനമാക്കി ഉയർന്നുവന്നതാണ് മറ്റൊരു സൂഫി വിഭാഗം. പ്ളാറ്റോവും അരിസ്റ്റോട്ടിലും കൈകാര്യം ചെയ്ത അതിപുരാതനമായ ഒരു പ്രശ്നമാണിത്. അക്കാലത്തും അവർക്ക് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ സാധിച്ചിട്ടില്ല. പിൽക്കാലത്ത് സൂഫികൾക്കും ഇത് പരിഹരിക്കാൻ സാധിച്ചിട്ടില്ല. ഇപ്പോഴും അത് തത്വജ്ഞാനികൾക്കിടയിൽ ഒരു സജീവതർക്കവിഷയമായി നിലനിൽക്കുന്നു. മനുഷ്യമനസ്സിന്റെ സാന്നിദ്ധ്യമില്ലാതെ സ്ഥലവും കാലവും (Space and Time) സങ്കല്പിക്കാൻ സാധ്യമല്ല. ഒരു ചിത്തരോഗിയുടെ മനോവിലാസങ്ങൾ അയാളെ സംബന്ധിച്ചേടത്തോളം ഒരു ശാസ്ത്രജ്ഞന്റെ പ്രകൃതി പ്രതിഭാസത്തെപറ്റിയുള്ള നിരീക്ഷണം പോലെ സത്യമാണ്. ഈ വീക്ഷണകോണിലൂടെ നോക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ അപരിഹൃതങ്ങളായി തന്നെ നിലനിൽക്കും.

ബാഹ്യപ്രപഞ്ചത്തെക്കുറിച്ചുള്ള ഓരോ വ്യക്തിയുടേയും ധാരണ മറ്റുള്ളവരുടേതിൽ നിന്നും വിഭിന്നമായിരിക്കും. നമുക്ക് ചുറ്റും കാണുന്ന ലോകത്തെപ്പറ്റി നമുക്കുള്ള അറിവുകളും അതിന്റെ ഗുണങ്ങളെപറ്റിയുള്ള നമ്മുടെ ധാരണകളും ചിലപ്പോൾ മറ്റു നിരവധി ആളുകളുമായി നാം പങ്കുവെക്കാറുണ്ട്. ഉദാഹരണത്തിന് മേശ, കസേര, എന്നീ വസ്തുക്കളുടെ നിർവചനത്തെപറ്റി എല്ലാവരും ഒരേ അഭിപ്രായക്കാരായിരിക്കും. എന്നാൽ പരസ്പരം അഭിപ്രായൈക്യത്തിൽ എത്തിച്ചേരാത്ത മറ്റു പല സംഗതികളും നമുക്ക് ചുറ്റുമുണ്ട്. ഉദാഹരണത്തിന് ഒരു വസ്തുവിന്റെ നിറം പല ആളുകൾക്കും അവരുടെ കാഴ്ചശക്തിക്കനുസരിച്ച് വ്യത്യസ്തമായി അനുഭവപ്പെടുന്നു. അതുപോലെ ഓരോ വ്യക്തികളുടേയും നൈസർഗികമായ കഴിവുകൾ മറ്റുള്ളവരുടേത് പോലെയല്ല. ഓരോ വ്യക്തികളുടേയും ഗന്ധാനുഭവം വ്യത്യസ്തമായിരിക്കാം. അതുപോലെ ചൂടിന്റേയും, തണുപ്പിന്റെയും അനുഭവം വ്യത്യസ്തങ്ങളായിരിക്കാം. കൂടാതെ നിരീക്ഷണസ്ഥാനത്തിന്റെ വ്യത്യാസമനുസരിച്ച് ഒരേ ദ്രഷ്ടാവിന് തന്നെ വിവിധ തരത്തിൽ വസ്തുവിനെ കാണുന്നു. ഇതിനുപുറമെ ശാരീരികവും മാനസികവുമായ അവസ്ഥാഭേദങ്ങൾക്കനുസരിച്ച് പ്രശ്നം കൂടുതൽ സങ്കീർണ്ണമാവും. അതായത് വസ്തുനിഷ്ഠ യാഥാർത്ഥ്യം വ്യക്തികളുടെ മസ്തിഷ്കത്തിന്റെ അഗാധങ്ങളിൽ അനുഭവപ്പെടുന്ന ആത്മനിഷ്ഠാ യാഥാർത്ഥ്യവുമായി പൂർണ്ണമായും യോജിക്കണമെന്നില്ല. ചുരുക്കത്തിൽ ആത്മനിഷ്ഠാ യാഥാർത്ഥ്യങ്ങൾ ബാഹ്യലോകവുമായി എല്ലായ്പ്പോഴും ഒരേപോലെ ആയിരിക്കണമെന്നുമില്ല. ഇതാണ് ചില തത്ത്വശാസ്ത്രജ്ഞന്മാരുടെ നിലപാട്. കാഴ്ചക്കാരന് അനുഭവപ്പെട്ട അറിവിന്റെ അടിസ്ഥാനത്തിൽ കേവലമായ സുനിശ്ചിതത്തിലേക്ക് എത്തിച്ചേരാനുള്ള സാധ്യതയെ ഇത് ഇല്ലാതാക്കുന്നു.

അനിശ്ചിതത്വത്തിന്റേയും അയഥാർത്ഥത്തിന്റേയും മേൽപ്പറഞ്ഞ അനുഭവങ്ങൾ മറ്റൊരു സൂഫിവിഭാഗത്തിനു ജന്മം നൽകി. അവർ ബാഹ്യവസ്തുക്കളുടെ അസ്തിത്വത്തെ പാടെ നിഷേധിച്ചു. അനശ്വരസത്യം എന്നത് ആത്മനിഷ്ഠാപരമായ സങ്കല്പം മാത്രമാണ്. അവരിൽ തന്നെയുള്ള തീവ്രവാദികൾ വസ്തുക്കളുടെ എല്ലാ ഭൗതികസാന്നിദ്ധ്യത്തേയും നിഷേധിച്ചു. അവരുടെ സ്വന്തം അസ്തിത്വത്തെ തന്നെയും അവർ നിരാകരിച്ചു. അങ്ങിനെ ബാഹ്യസത്യങ്ങളെക്കുറിച്ച് അനിതരസാധാരണമായ ഉൾക്കാഴ്ചയോടെ മനസ്സിലാക്കാനാരംഭിച്ച ഒരു ധൈഷണിക പ്രസ്ഥാനം മുഴുഭ്രാന്തിൽ ചെന്നവസാനിച്ചു. എങ്കിലും ഈ ഭ്രാന്തിലും വിചിത്രമായ ഒരു മാസ്മരികത ദൃശ്യമായിരുന്നു. അക്കാലത്തെ ഏറ്റവും ഏറ്റവും പ്രഗത്ഭരായ തർക്കശാസ്ത്രവിദഗ്ധരേയും, അക്കാദമിക്ക് പണ്ഡിതന്മാരേയും നിശ്ചേതനരാക്കാൻ സൂഫികളുടെ ഈ വാദത്തിന് സാധിച്ചിരുന്നു.

ഇതു സംബന്ധിച്ച് വളരെ രസകരമായ ഒരു കഥയുണ്ട്. ബാഹ്യലോകം മാത്രമാണെന്ന് വാദിച്ചിരുന്ന ഒരു സൂഫി വിഭാഗത്തിന്റെ നേതാവിനെ ഒരിക്കൽ ഒരു രാജാവ് തന്റെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി. അക്കാലത്തെ ഏറ്റവും പ്രാമാണികരായ പണ്ഡിതന്മാരുമായി വാദപ്രതിവാദം ആരംഭിച്ചു. എല്ലാവരേയും അത്ഭുതസ്തബ്ധരാക്കിയും ബുദ്ധിമുട്ടിച്ചും അവരുടെ പ്രതീക്ഷക്ക് വിരുദ്ധമായി മായാവാദികൾക്കനുകൂലമായി വാദപ്രതിവാദം മുന്നോട്ടുപോയി. ചുരുക്കം ചില ഖണ്ഡനമണ്ഡനങ്ങൾകൊണ്ട് തന്നെ പണ്ഡിതകേസരികൾ വെള്ളം കുടിച്ചു, കിതക്കുവാൻ തുടങ്ങി, വാക്കുകൾക്കുവേണ്ടി പണ്ഡിതന്മാർ തപ്പിത്തടഞ്ഞു. ദുർഗ്രഹമായ സൂഫികളുടെ മായാവാദത്തോട് കിടനിൽക്കാൻ ആർക്കും സാധിച്ചില്ല. ഈ സമയത്ത് പൊടുന്നനെ രാജാവിന്റെ ബുദ്ധിയിൽ ഒരാശയമുദിച്ചു. ആനക്കാരനെ വിളിച്ചു ആനകളുടെ കൂട്ടത്തിൽ ഏറ്റവും വികൃതിയായ ആനയെ കൊട്ടാരമൈതാനത്ത് കൊണ്ടുവരുവാൻ കല്പിച്ചു. പാപ്പാൻ കൊണ്ടു വന്ന ഈ ആനക്ക് സൂഫിയേപ്പോലെ മദമിളകിയിരുന്നു. ഒരുപക്ഷേ വ്യത്യാസം ഒന്നു മാത്രം സൂഫിയുടെ മനസ്സിൽ ബാഹ്യ

*(ശേഷം 14 -ാം പേജിൽ)*

മുസ്‌ലിം ലോകവും രാഷ്ട്രീയ അരക്ഷിതത്വവും - 2

# ഇസ്‌ലാമിന്റേയും പാശ്ചാത്യരുടേയും ചരിത്രവീക്ഷണങ്ങൾ

എം.എ. അഷ്‌റഫ്, സ്കോട്ട്ലന്റ്

**പാശ്ചാത്യർക്ക് ചരിത്രം ഭൗതികശാസ്ത്രം പോലെ നിരന്തരം പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഒരു നേർരേഖാ ചലനമാണ്. മുസ്‌ലിംകൾക്കാകട്ടെ ധാർമ്മികതക്കനുസരിച്ച് ഉയർച്ചയും താഴ്ച്ചയുമുള്ള ഒരു ചാക്രികചലനമാണ് ചരിത്രം.**

ചരിത്രത്തിലുടനീളം മതപരമായി ഒരു ശത്രുവിനെപ്പോലെയും, രാഷ്ട്രീയമായി ഒരു പ്രതിയോഗിയെപ്പോലെയുമാണ് പാശ്ചാത്യർ ഇസ്‌ലാമുമായി പ്രതിപ്രവർത്തിച്ചത്. പാശ്ചാത്യർക്ക് അല്പം മാത്രം പരിചിതമായ ചൈനീസ് സംസ്കാരത്തെ അപേക്ഷിച്ച് ഇസ്‌ലാമിനെക്കുറിച്ച് നിഷേധാത്മകമായ അഭിപ്രായം രൂപീകരിക്കാൻ കാരണമിതായിരുന്നു. പാശ്ചാത്യലോകവും ഇസ്‌ലാമുമായി മതപരവും രാഷ്ട്രീയവുമായി സ്ഥിരമായ വൈരത്തിന്ന് കാരണം കുരിശുയുദ്ധങ്ങളായിരുന്നു. സംസ്കാരത്തിലും ശാസ്ത്രജ്ഞാനത്തിലും താരതമ്യേന അറബികൾക്ക് മേധാവിത്വമുണ്ടായിരുന്നിട്ടുകൂടി പാശ്ചാത്യമനസ്സുകളിൽ ഇസ്‌ലാമിനോടുണ്ടായിരുന്ന പ്രതിച്ഛായ വളരെ വലിയതോതിൽ നിഷേധാത്മകമായിരുന്നു. ഇതിന് കാരണം നൂറുക്കണക്കിന് വർഷങ്ങളായി നടന്ന രക്തപങ്കിലമായ സംഘട്ടനങ്ങളായിരുന്നു. പാശ്ചാത്യർ അവരുടെ നവോത്ഥാനത്തിന്റെ ആശയപരമായ വേരുകൾ തേടിയിരുന്നത് ഗ്രീക്കുകാരുടെ തത്ത്വശാസ്ത്രത്തിലും, ശാസ്ത്രത്തിലും മിത്തോളജിയിലുമായിരുന്നു. പുരാതന ഗ്രീസുകാരാകട്ടെ പേർഷ്യക്കാരുമായി യുദ്ധത്തിലുമായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അവരുടെ ഈ കിഴക്കൻ അയൽക്കാരോട് നിഷേധാത്മകമായ ശത്രുതാമനോഭാവമായിരുന്നു ഉണ്ടായിരുന്നത്. അവരെ സംബന്ധിച്ചിടത്തോളം എല്ലാ പൂർവ്വദേശക്കാരും പിന്നോക്കക്കാരും, അസംസ്കൃതരും, വിശ്വസിക്കാൻ കൊള്ളരുതാത്തവരുമാണ്. ഗ്രീക്കുകാരുടെ കിഴക്കിനെ സംബന്ധിച്ചുള്ള ഈ വിദ്വേഷാത്മകവും ഒരേവാർപ്പിലുള്ളതുമായ അഭിപ്രായങ്ങളുമായി പരിചയപ്പെട്ട പാശ്ചാത്യർ പൂർവ്വദേശത്തെപറ്റി ഈ ചിന്ത തന്നെയാണ് കൈക്കൊണ്ടത്. പിൽക്കാലത്ത് ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച ഓറിയന്റലിസ്റ്റുകളും അതേ രീതിയിൽ ഈ മിഥ്യാധാരണകളാണ് വെച്ചുപുലർത്തിയിരുന്നത്. ഇസ്‌ലാമിനേക്കാൾ നൂറുകണക്കിന് വർഷം പഴക്കമുള്ളതാണ് പുരാതന ഗ്രീക്കുകാരുടേയും പേർഷ്യക്കാരുടേയും സാന്നിദ്ധ്യം എന്ന് നാമോർക്കണം. പാശ്ചാത്യ കോളോണിയൽ ശക്തികൾ മുസ്‌ലിം രാജ്യങ്ങൾ കീഴടക്കിയപ്പോൾ ഓറിയന്റലിസ്റ്റുകൾ അവരുടെ വീക്ഷണം ലോകത്തെ അറിയിക്കുകയുണ്ടായി. അത് ഗ്രീക്കുകാരുടെ കിഴക്കിനെ സംബന്ധിച്ച പുരാതനമായ മുൻവിധിയുടെ പുനരാവർത്തനമായിരുന്നു. അതുകൊണ്ട് ഇസ്‌ലാം ഒരു പിന്നോക്ക മതമാണെന്നും വന്യമായ ആഫ്രിക്കയെപോലെ അപരിഷ്കൃതവും സംസ്കാരശൂന്യവുമാണെന്നും അവർ അഭിപ്രായപ്പെട്ടു. അവരുടെ മോചനത്തിന് വേണ്ടി അവരെ കീഴ്പ്പെടുത്തണമെന്നുള്ള ക്രിസ്ത്യൻ മിഷനറിമാരുടെ വാദത്തിന് ഓറിയന്റലിസ്റ്റുകൾ ആശയപരമായ നീതീകരണം നൽകുകയുണ്ടായി. ഈയടുത്തകാലത്തുണ്ടായ ഇസ്‌ലാമിക തീവ്രവാദം ഈ പഴയ മുൻവിധികളെ രണ്ടാമതും പുനരുജ്ജീവിപ്പിച്ചിരിക്കുന്നു.

അമേരിക്കയുടെ അറ്റോർണി ജനറൽ ജോൺ ആഷ്ക്രോഫ് പറഞ്ഞു : 'നിങ്ങളോടു നിങ്ങളുടെ പുത്രന്മാരെ മരിക്കാനയക്കണമെന്ന് പറയുന്ന ദൈവമുള്ള മതമാണ് ഇസ്‌ലാം. എന്നാൽ ദൈവം തന്റെ പുത്രനെ നിങ്ങൾക്കു വേണ്ടി മരിക്കാനയക്കുന്ന മതമാണ് ക്രിസ്തുമതം' (11) സെപ്തംബർ 11–ന് ശേഷമുള്ള അർത്ഥപൂർണ്ണവും കരുതിക്കൂട്ടിയുള്ളതുമായ ഒരു പ്രത്യാക്രമണമാണിത്. അഷ്ക്രോഫിന്റെ പ്രസ്താവനയിലെ ദൈവശാസ്ത്രപരമായ അനേകം പൊരുത്തക്കേടുകളും, അയഥാർത്ഥങ്ങളും തിരുത്തുവാൻ മുസ്‌ലിംകൾ ആഗ്രഹിക്കുന്നു. അതിലെ രണ്ട് വസ്തുതകൾ തീർച്ചയായും തെറ്റാണ്. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം യേശു ദൈവത്തിന്റെ പുത്രനല്ലെന്നും

അദ്ദേഹം കുരിശിൽ മരിച്ചിട്ടില്ല എന്നും വിശ്വസിക്കുന്നു. ക്രിസ്ത്യാനികളും മുസ്‌ലിംകളും ഒരുപോലെ വിശ്വസിക്കുന്ന മറ്റൊരു കാര്യം യേശു ഏത് വിധേനയെങ്കിലും പീഡിപ്പിക്കപ്പെട്ടുവെന്നും അദ്ദേഹത്തിന്റെ സ്വന്തം വിശ്വാസത്തിനും മറ്റുള്ളവരുടെ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും വേണ്ടി മരിക്കാൻ അദ്ദേഹം തയ്യാറായിരുന്നുവെന്നുമാണ്. ആവശ്യമാണെങ്കിൽ മനസ്സാക്ഷി സ്വാതന്ത്ര്യത്തിന് വേണ്ടി മരിക്കാൻ തയ്യാറാവുക എന്നത് രണ്ട് മതങ്ങളിലേയും പൊതുമൂല്യങ്ങളാണ്. ഈ വിശ്വാസമാണ് ക്രിസ്തുമതത്തിലെ ആത്മീയമോക്ഷത്തിനും രക്തസാക്ഷിത്വത്തിന്റെയും മതസങ്കല്പങ്ങൾക്ക് അടിസ്ഥാനം. ഇസ്‌ലാമിലെ ജിഹാദ് സങ്കല്പത്തിനും അടിസ്ഥാനം ഈ വിശ്വാസം തന്നെ. ജിഹാദിനെ സംബന്ധിച്ച തെറ്റായ വ്യാഖ്യാനങ്ങളും അവരുടെ സഹചരന്മാരോടുള്ള മുസ്‌ലിംകളുടെ പെരുമാറ്റവുമാണ് ഇന്നത്തെ ആഗോളസംഘട്ടനങ്ങളുടെ മൂലകാരണം. ആഷ്ക്രോഫിന്റെ അഭിപ്രായങ്ങൾ സൂചിപ്പിക്കുന്നതുമതാണ്.

രണ്ടാമതായി ആഷ്ക്രോഫിനെ നമുക്ക് മുഖവിലക്കെടുക്കുകയാണെങ്കിൽ ക്രിസ്ത്യാനികൾ സമാധാനവാദികളാണെന്ന് കരുതേണ്ടി വരും. 20,000 ബ്രിട്ടീഷുകാരെ സോമിയിൽ വെച്ച് കശാപ്പു ചെയ്തതും 10,000 ജർമ്മൻ സിവിലിയന്മാരെ ഡ്രെസ്ഡണിൽ വെച്ച് ചുട്ടുകൊന്ന ചരിത്രവും മുസ്‌ലിംകളായ നമുക്കില്ല. ഇറാഖിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ക്രിസ്തുമതഭക്തനായ ജോർജ് ബുഷ് സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമടക്കം ഒരു ലക്ഷം പേരെ കൊന്നൊടുക്കുകയുണ്ടായി. തീർച്ചയായും അവർ ഇത് ചെയ്തത് ''ക്രിസ്ത്യൻ വീരപോരാളികളെ മുന്നോട്ട് !" എന്ന സ്തുതിഗീതം പാടിക്കൊണ്ടായിരിക്കില്ല. അപ്പോഴെല്ലാം പാശ്ചാത്യദേശങ്ങളിൽ മതം രാഷ്ട്രീയത്തിൽ നിന്നും വിഭിന്നമായിരുന്നുവെങ്കിലും മതം പട്ടാളക്കാരുടെ വിശ്വാസത്തിന്റെ അവിഭാജ്യഘടകമായി നിലകൊണ്ടിരുന്നു. ഫീൽ ഡ് മാർഷൽ മൊണ്ട്ഗോമറിയും ജനറൽ ജോർജ് എസ്സ്. പാറ്റണും അവരുടെ പട്ടാളട്രൂപ്പുകൾക്ക് വേണ്ടി പ്രാർത്ഥനാഗാനങ്ങൾ എഴുതിയിട്ടുണ്ട്.(12)

വസ്തുത ഇതാണ്, ക്രിസ്ത്യാനിയാവട്ടെ, മുസ്‌ലിമാവട്ടെ, ജൂതനാകട്ടെ എല്ലാവരും മനുഷ്യരാണ്. എല്ലാവരും തന്നെ ഉന്നതമായ ആദർശങ്ങളോ അല്ലെങ്കിൽ കിരാതമായ കൃത്യങ്ങളോ തങ്ങളുടെ വിശ്വാസങ്ങൾക്ക് വേണ്ടി നിർവഹിക്കാൻ പ്രാപ്തരാണ്. ഭൂമിയിലെ തങ്ങളുടെ സഹചരരായ മനുഷ്യാത്മാക്കളെ നിഷ്ഠൂരമായ രീതിയിൽ കൊന്നൊടുക്കുകയും ഗോത്രവർഗ്ഗങ്ങളെയും ആധുനികലോകത്തെ ജനസമൂഹങ്ങളേയും ഉന്മൂലനം ചെയ്തതും ക്രിസ്ത്യാനികൾ തന്നെയാണ്. അവർ മതത്തിൽ നിന്നും വേർപ്പെട്ടതിന് ശേഷമാണല്ലോ അത് നിർവ്വഹിച്ചത്. അതുപോലെ മുസ്‌ലിംകൾ നിരപരാധികളെ കശാപ്പ് ചെയ്യുന്നത് അല്ലാഹുവിന്റെ പേരിലാണെന്ന് പറഞ്ഞ് ന്യായീകരിച്ചുകൊണ്ടാണെന്ന് മാത്രം. മുസ്‌ലിംകളെ വിമർശിക്കുമ്പോഴും പാശ്ചാത്യനാടുകൾ പോയകാലത്ത് ചെയ്ത വ്യക്തമായ കിരാതകൃത്യങ്ങൾ ഏറ്റുപറയാൻ കഴിയുന്നില്ല. ഇത് അവരുടെ കാപട്യവും ഇരട്ടത്താപ്പുമാണെന്ന വാദത്തിലേക്കാണ് നയിക്കുന്നത്. പക്ഷേ അതിന്റെ കാരണങ്ങൾ വളരെയധികം ആഴത്തിലുള്ളതാണ്.

ഇസ്‌ലാമിന്റേയും പാശ്ചാത്യരുടേയും ചരിത്രസങ്കല്പത്തിലും അദ്ധ്യാത്മികതയിലും വ്യത്യാസങ്ങളുണ്ട്. ഇസ്‌ലാമിന്റെ ചരിത്രം പരിണാമാത്മകമാണ്. അതായത് ഉയർച്ചയും താഴ്ചയും ഉള്ളതാണ്. അത് മനുഷ്യന്റെ ആത്മീയതയുമായി ബന്ധപ്പെട്ട പുരോഗതിയുടേയും അധോഗതിയുടേയും അനേകം ചാക്രിക പ്രതിഭാസങ്ങൾ ഉൾക്കൊണ്ടതാണ്. എന്നാൽ പാശ്ചാത്യനാടുകളെസംബന്ധിച്ചേടത്തോളം ചരിത്രം നിരന്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രേഖീയ വികാസമാണ് (linear phenomenon). അതിൽ ഭൗതികപുരോഗതിയും ആത്മീയതയും തമ്മിൽ നേരിട്ട് യാതൊരു ബന്ധവുമില്ല. പുരോഗതി എന്നത് ശാസ്ത്ര ത്തിന്റെ മാറ്റങ്ങളും ആശയങ്ങളും, മൂല്യങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ക്രിസ്ത്യാനികളുടേയോ അല്ലെങ്കിൽ ഏതെങ്കിലും ലിബറൽ ജനാധിപത്യ സംവിധാനങ്ങളുടേയോ അരനൂറ്റാണ്ടു മുമ്പുള്ള പരാജയങ്ങൾ ഈ സ്ഥാപനങ്ങളുടെ സൽപേര് നഷ്ടപ്പെടുത്തുന്നില്ല. മുസ്‌ലിംകളുടെ പെരുമാറ്റസംഹിത സ്ഥാപിക്കപ്പെട്ടിട്ട് 1400 വർഷങ്ങളോളമായി. അതിന്റെ നിർവ്വചനങ്ങൾ പരസ്പരവൈരുദ്ധ്യമില്ലാത്തതും എക്കാലവും നിലനിൽക്കുന്ന സനാതന മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം മനുഷ്യപുരോഗതിയുടെ അടിസ്ഥാനം എന്ന നിലക്ക് ഒരു കാലത്ത് സ്വീകരിക്കപ്പെട്ടിരുന്ന സമീപനം മറ്റൊരുകാലത്ത് മുഴുവൻ അസ്വീകാര്യമായി വരാം. ഇതിന്നനുസൃതമായി പാശ്ചാത്യർ സമകാലീനമായ മാനദണ്ഡങ്ങൾ വെച്ച് ഇസ്‌ലാമുമായി തങ്ങളെ താരതമ്യപ്പെടുത്താറുണ്ട്. മറിച്ച് മുസ്‌ലിംകൾ തങ്ങളെ സ്വയമായും പാശ്ചാത്യരേയും കാണുന്നത് ചരിത്രപരവും ആത്മീയവുമായ ഒരു വിശാലമായ വീക്ഷണകോണിലാണ്. മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള ചരിത്രപരവും ആത്മീയവുമായുള്ള സങ്കല്പങ്ങളിലെ ഈ പൊരുത്തക്കേട് ഒരുപക്ഷേ ഒരിക്കലും പരിഹരിക്കപ്പെടുകയില്ല. രണ്ട് സംസ്കാരങ്ങളുടേയും വ്യക്തിത്വങ്ങളിൽ ഈ വ്യത്യാസങ്ങൾ എന്തുകൊണ്ട് പ്രതിഫലിക്കുന്നു എന്നതിന്ന് എല്ലാവർക്കും സ്വീകാര്യമായ വിശദീകരണങ്ങളില്ല. എന്തായിരുന്നാലും വ്യക്തമായി നിലനിൽക്കുന്ന ഈ വ്യത്യസ്തതകൾ മനസ്സിലാക്കുന്നതും പ്രശ്നങ്ങളെ പറ്റി ധാരണകളുണ്ടാവുന്നതും സംവാദങ്ങളിൽ വ്യക്തതയുണ്ടാ വാനും ആശയങ്ങൾ ചർച്ച ചെയ്യാനും സഹായകമാണ്.

തെറ്റിദ്ധാരണയുടെ മറ്റൊരു കാരണം മതവും ഭീകരതയും തമ്മിലുള്ള ബന്ധമാണ്. പാശ്ചാത്യരുടെ പ്രചാരലുപ്തമായ സങ്കല്പമനുസരിച്ച് സാമൂഹ്യസംഘർഷങ്ങൾക്ക് അടിസ്ഥാനം മതം, വംശം, വർഗ്ഗം എന്നിവയാണ് എന്നാണ്. മനഃശ്ശാസ്ത്രപരമായി ഈ സങ്കല്പം മറ്റൊരു രൂപത്തിലാണ് അവതരിക്കപ്പെ

ടുന്നത്. അതായത് തിന്മയെ വലിയ നന്മകൾ കൊണ്ട് ന്യായീകരിക്കുക എന്നത് മനുഷ്യന്റെ ഒരു രീതിയാണ്. വാൾട്ടർ റീക്ക് അദ്ദേഹത്തിന്റെ 'ഭീകര വാദത്തിന്റെ ഉദ്ഭവം' 'Walter Reich 'Origin of Terrorism' എന്ന കൃതിയിൽ ധാർമ്മിക നീതികരണങ്ങളെയും നിഷ്പ്രഭമാക്കുന്ന മനസ്സാക്ഷിയെയും പറ്റി വിശദീകരിക്കുന്നുണ്ട്. മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ സ്വയം തന്നെ തടയുന്ന ഒരു സ്വയം നിയന്ത്രണ സംവിധാനമാണ് മനുഷ്യൻ എന്ന കാര്യം അദ്ദേഹം തന്റെ കൃതിയിൽ കണ്ടെത്തുന്നുണ്ട്. മനുഷ്യത്വഹീനമായ പ്രവർത്തികൾ ചെയ്യേണ്ടി വരുന്ന സന്ദിഗ്ധമായ അവസ്ഥകൾ അഭിമുഖീകരിക്കുമ്പോൾ അതിനെ മറികടക്കാൻ. ഹീനമായ പ്രവർത്തികൾ ചെയ്യാനായി മനുഷ്യൻ തന്റെ വ്യക്തിഭാവത്തെ (മനസ്സാക്ഷിയെ) മയക്കിക്കിടത്തുന്നു. ധാർമ്മികമായ ഉദ്ദേശങ്ങൾക്കായി ചെയ്യുന്നു എന്ന ഭാവത്തോടെ തന്റെ പെരുമാറ്റത്തെ മനുഷ്യൻ പുനർക്രമീകരിക്കുന്നു. തന്റെ പ്രവർത്തി മൂലം ഉണ്ടായിത്തീരുന്ന ഹാനികരമായ അനന്തരഫലത്തെ അവൻ അവഗണിക്കുകയോ വളച്ചൊടിച്ച് വ്യാഖ്യാനിക്കുകയോ ചെയ്യുന്നു. അതിന് ഇരയായിത്തീർന്നവനെ അവൻ അപമാനവീകരിക്കുന്നു. (Dehumanise) (13)

ചുരുക്കത്തിൽ ആളുകൾ ഭീകരപ്രവർത്തികൾ ചെയ്യാനൊരുങ്ങുമ്പോൾ അതിന് മുമ്പായി അവന് ഒരു ധാർമ്മികമായ നീതീകരണം ആവശ്യമാണ്. ഇതിന്നായി അവർ തങ്ങളുടെ സമൂഹത്തിലെ ധാർമ്മികതയുടെ പ്രാഥമികമായ ഉറവിടങ്ങളിൽ അഭയം തേടുന്നു. ഈ അഭയകേന്ദ്രം തീർച്ചയായും മതങ്ങളായിരിക്കും. മതമാണോ രാഷ്ട്രീയമാണോ, അതല്ല മനുഷ്യപ്രകൃതിയാണോ ഏതാണ് പൈശാചികതയ്ക്ക് യഥാർത്ഥ കാരണം എന്ന് മനസ്സിലാക്കുന്നതിൽ ആശയക്കുഴപ്പമുണ്ട്. മാർക്ക് ജുയർഡെൻസ് മേയറേപോലെയുള്ള അപൂർവ്വം ചിലരൊഴികെ പാശ്ചാത്യരുടെ സെക്കുലർ സമൂഹം സംഘട്ടനങ്ങളിൽ മതത്തിന് വല്ല പങ്കുമുണ്ടോ എന്ന കാര്യം അന്വേഷിക്കാൻ മിനക്കെടാറില്ല. ഇസ്ലാം കലഹകലുഷിതമായ ഒരു മതമാണ് എന്ന മുൻധാരണയാണവർക്കുള്ളത്. അതേസമയം ക്രിസ്തുമതവും, പാശ്ചാത്യജനാധിപത്യവും ദയാപൂർണ്ണമാണെന്നും അവർ കരുതുന്നു.

പാശ്ചാത്യരുടെ ചരിത്രപരമായ അനുഭവം പോലെ തന്നെ മുസ്ലിം സമൂഹത്തിന്റെ അകത്തുനിന്നുതന്നെയുള്ള പല ഘടകങ്ങളും ഇസ്ലാം മതത്തെ തെറ്റായി മനസ്സിലാക്കുന്നതിൽ സഹായകരമാണ്. ദുർബലമായികൊണ്ടിരിക്കുന്ന ഇസ്ലാമിക നീതിശാസ്ത്രം, വിജ്ഞാനം ആർജിക്കുന്നതിൽ ഉണ്ടാവുന്ന പരാജയങ്ങൾ, സുസ്ഥിരമായ സാമൂഹ്യസ്ഥാപനങ്ങളുടെ അഭാവം എന്നിവ മൂലം മനുഷ്യാവകാശങ്ങളെ അവഗണിക്കുക മാത്രമല്ല ജിഹാദിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കാൻ പോലും അവർക്ക് സാധിക്കാതെ വരികയും ചെയ്യുന്നു. അതുപോലെ ന്യൂനപക്ഷങ്ങളോടു കാണിക്കേണ്ട ബാദ്ധ്യതകൾ കൈ യ്യൊഴിയാൻ കാരണമാവുകയും ചെയ്യുന്നു. എന്നാൽ ഉൽബുദ്ധരായ മുസ്ലിംകൾ ഈ മൂന്ന് മേഖലകളിൽ മുസ്ലിം സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു. "വെളിപാടുകൾ, യുക്തി, ജ്ഞാനം ഇവ തമ്മിൽ ബന്ധപ്പെടുത്തി ഇസ്ലാമിന്റെ യഥാർത്ഥ സത്യം അവതരിപ്പിക്കുക എന്നത് ഇവരെ സംബന്ധിച്ചേടത്തോളം ഒരു വെല്ലുവിളിയാണ്. അപ്രകാരം ഇസ്ലാമിക സമൂഹത്തിൽ വ്യക്തിയുടെ അവകാശങ്ങളിലും രാഷ്ട്രീയത്തിലും ഇസ്ലാമിന്റെ പങ്ക് എന്താണെന്നും തീരുമാനിക്കേണ്ടതുണ്ട്. ഇത്തരം സംവാദങ്ങളിൽ ഇസ്ലാമിക രാഷ്ട്രവും സെക്കുലർ സമൂഹവും എന്ന ഇരട്ട വിഷയത്തെപറ്റി മാത്രമായിരിക്കുമോ ചർച്ചയുണ്ടാവുക? അതല്ല ഇസ്ലാം രാഷ്ട്രീയത്തോട് കൂടുതൽ ഉദാരമായ നയം സ്വീകരിക്കേണ്ടതുണ്ടോ എന്നതാണോ ചർച്ചാവിഷയമാവുക? ഏതായാലും ഈ വിഷയങ്ങളെ പറ്റിയുള്ള ചർച്ചകൾ മുഖേന ദാർശനികമായ ഒരു പശ്ചാത്തലത്തിൽ ജിഹാദിനെ സംബന്ധിച്ചും മനുഷ്യാവകാശത്തെക്കുറിച്ചും മുസ്ലിം സമൂഹത്തിൽ ന്യൂനപക്ഷങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ചും വിശദമായ വിശകലനങ്ങൾ നടക്കുകയും വ്യക്തമായ ധാരണകൾ ഉണ്ടാക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം. മുസ്ലിം സമുദായത്തിലാകമാനം ഇത്തരം ചർച്ചകൾ നടക്കുന്നത് വരെ മുസ്ലിം ലോകത്ത് ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാകുകയും അവരുടെ മതം ദുർവ്യാഖ്യാനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യും. ഉൽബുദ്ധരും മിതവാദികളുമായ മുസ്ലിംകളുടെ ശത്രുക്കൾ ഈ ആശയക്കുഴപ്പത്തെ ചൂഷണം ചെയ്യുകയും ചെയ്യും.

(തുടരും)

11. Dan Eggen, 'Ashcroft Invokes religion in US War on Terrorism. The Washington Post, Feb. 20, 2002.

12. Ronald Lewellyn Montgomery As Military Commander (Newyork) P. 21 to 22.

13. Watter Reich, Origin of Terrorism, (Washington DC (1998) P. 161.

*(11 -ാം പേജിൽ നിന്ന് തുടർച്ച)*

ലോകം വെറും മിഥ്യയാണ് അഥവാ ഇല്ലാത്തതാണ്. ആനക്കാരുടെയും താനടക്കമുള്ള എല്ലാ ബാഹ്യയാഥാർത്ഥ്യങ്ങളെയും തകർ ത്തുതരിപ്പണമാക്കണമെന്ന മോഹവും! ആ സൂഫിക്കുണ്ടായിരുന്നു. മൈതാനത്തിന്റെ ഒരറ്റത്ത് നിന്ന് സൂഫിയെയും മറുഭാഗത്തുനിന്നും മദമിളകിയ ആനയേയും തള്ളിവിട്ടു. ആനയെക്കണ്ട സൂഫി ശ്വാസമടക്കിപ്പിടിച്ച് ജീവനും കൊണ്ടോടി. സൂഫിയുടെ ഓട്ടം കണ്ടുകൊണ്ടിരുന്ന രാജാവ് കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ നിന്നും വിളിച്ചുപറഞ്ഞു; 'അല്ലയോ സൂഫിവര്യാ, താങ്കൾ ഓടരുത്. ഇത് മായാ ആനയാണ്. അത് യാഥാർത്ഥ്യമല്ല, താങ്കളുടെ മനസ്സിന്റെ ഒരു മിഥ്യാഭ്രമം മാത്രമാണ്'. സൂഫി തിരിച്ചടിച്ചു: ആരാണ് ഓടുന്നത്? ഞാൻ ഓടുന്നില്ല. അത് നിങ്ങളുടെ മനസ്സിലെ ഒരു തോന്നൽ മാത്രമാണ്, അതോടെ സൂഫിയുടെ വിഷമാവസ്ഥ തീർന്നു. പക്ഷേ വിവാദം തീർന്നില്ല. ഇപ്പോഴും അത് തുടരുന്നു.

# ഇമാം അൽറാസി എന്ന മഹാപ്രതിഭ

സക്കറിയാ വിർക്ക്

**'അറബിക്ക് ഗാലൻ' എന്ന് പാശ്ചാത്യർ വിശേഷിപ്പിക്കുന്ന അൽറാസി മദ്ധ്യകാലഘട്ടത്തിൽ വിജ്ഞാനദീപമായി പ്രശോഭിച്ച ഇസ്‌ലാമിന്റെ മഹാനായ പുത്രനാണ്.**

അബൂബക്കർ മുഹമ്മദ്ബ്നു സക്കറിയ്യാ അൽറാസി. മധ്യകാലഘട്ടത്തിലെ ഏറ്റവും വലിയ വൈദ്യശാസ്ത്ര വിജ്ഞാനിയായിരുന്നു. ശൈഖുൽ റഈസ് ഇബ്നുസീന (അവിസെന്ന) കഴിഞ്ഞാൽ വൈദ്യവിജ്ഞാനീയത്തിലെ ഏറ്റവും ആധികാരിക വക്താവായിരുന്നു ഇമാം റാസി. നിരീക്ഷണപാടവത്തിൽ ഇബ്നുസീനയേക്കാൾ ഇമാം റാസി വളരെയധികം മുൻപന്തിയിലായിരുന്നു. അദ്ദേഹത്തിന്റെ അന്തർദൃഷ്ടിയും, തീക്ഷ്ണമായ ബുദ്ധിശക്തിയും സകല വിജ്ഞാനങ്ങളിലുമുള്ള അറിവും 'അറബിക് ഗാലൻ' എന്ന പേര് അദ്ദേഹത്തിനു നേടിക്കൊടുത്തു. ചികിത്സാശാസ്ത്രത്തിലും മനസ്സും ശരീരവുമായുള്ള ബന്ധത്തെപ്പറ്റിയുള്ള വൈദ്യവിജ്ഞാനീയത്തിലും ഒരു കുലപതിയായിട്ടാണ് അൽറാസി വിശേഷിപ്പിക്കപ്പെടുന്നത്.

പേര് സൂചിപ്പിക്കുന്നത്പോലെ റാസി എ.ഡി. 844 ൽ ടെഹ്റാനിനടുത്തുള്ള റയ് (Rayy)ലാണ് ജനിച്ചത്. ഭാഷാശാസ്ത്രം, ഗണിതം, തത്ത്വശാസ്ത്രം, തർക്കശാസ്ത്രം, രസതന്ത്രം, സംഗീതം മുതലായ വിഷയങ്ങൾ പഠിച്ചതിനുശേഷം 30ാം വയസ്സിൽ വൈദ്യശാസ്ത്രപഠനത്തിനായി അദ്ദേഹം സ്വയം സമർപ്പിക്കപ്പെട്ടു. വിദ്യാഭ്യാസം കരസ്ഥമാക്കാൻ അദ്ദേഹം ബാഗ്ദാദിലേക്ക് പോയി. തുടർന്ന് സ്വദേശമായ റയ്യിലുള്ള ആശുപത്രിയുടെ ഡയറക്ടറാവുകയും പ്രശസ്തമായിരുന്ന ബാഗ്ദാദ് ആശുപത്രിയിലെ അത്യുന്നത സ്ഥാനത്ത് പിന്നീട് അവരോധിക്കപ്പെടുകയും ചെയ്തു. ബാഗ്ദാദിൽ അദ്ദേഹം ഏറ്റവും ആദരണീയനായ ഒരു ഗുരുനാഥനും ബുവായ്യിദ് അമീറായിരുന്ന അമൂദ്–അൽ ദൗലായുടെ (949 –983) കൊട്ടാര വൈദ്യനുമായിരുന്നു. ബാഗ്ദാദ് ജനറൽ ആശുപത്രിയുടെ ഡയറക്ടർ എന്ന നിലക്ക് അദ്ദേഹം ആശുപത്രിയുടെ സ്ഥാനം നിർണ്ണയിച്ചത് കൗതുകരമാണ്. നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹം മാംസക്കഷ്ണങ്ങൾ തൂക്കിയിടുകയുണ്ടായി. അതിൽ ഏറ്റവും കുറഞ്ഞ തോതിൽ മാംസത്തിന്റെ ജീർണ്ണനം നടന്ന സ്ഥലമാണ് അദ്ദേഹം ആശുപത്രി നിർമ്മാണത്തിന് തിരഞ്ഞെടുത്തത്. ഈ ആശുപത്രിയിൽ അദ്ദേഹം ഡയറക്ടറുടെ സ്ഥാനവും മെഡിക്കൽ സ്കൂളിന്റെ ഡീനിന്റെ സ്ഥാനവും ഒരേ സമയം വഹിക്കുകയുണ്ടായി. മാനസികരോഗത്തിന് ഒരു പ്രത്യേക വാർഡ് അദ്ദേഹം തന്റെ ആശുപത്രിയിൽ സജ്ജീകരിച്ചിരുന്നു.

അൽറാസി വിദൂരദേശങ്ങളിലുള്ള നഗരങ്ങളിൽ വിജ്ഞാനാർജ്ജനത്തിന്നായി സഞ്ചരിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്തുള്ള പ്രഗത്ഭരായ പണ്ഡിതന്മാരുമായി ബന്ധപ്പെടാൻ ഇത് മുഖേന സാധിച്ചു. തത്ത്വശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം എന്നീ വിഷയങ്ങളിൽ ഇരുനൂറോളം ആധികാരിക ഗ്രന്ഥങ്ങളുടെ കർത്താവായിരുന്നു അദ്ദേഹം. പേർഷ്യൻ ആയിരുന്നെങ്കിലും അറബി ഭാഷയിലായിരുന്നു അദ്ദേഹം ഗ്രന്ഥരചന നടത്തിയിരുന്നത്. ആ ഭാഷയായിരുന്നു അക്കാലത്ത് വിജ്ഞാന വിനിമയ ഭാഷ. രോഗനിദാനശാസ്ത്രത്തിലും ചികിത്സയിലും അദ്ദേഹം അഗാധശ്രദ്ധ പതിപ്പിക്കുകയുണ്ടായി. സൂക്ഷ്മമായ നിരീക്ഷണത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിലായിരുന്നു അദ്ദേഹത്തിന്റെ ചികിത്സാരീതി. ശുചിത്വത്തിനും ഭക്ഷണക്രമത്തിനും വലിയ പ്രാധാന്യമുണ്ടായിരുന്നു. അത്യധികമായ സർഗ്ഗശേഷിയുണ്ടായിരുന്ന കഠിനാദ്ധ്വാനിയായ അൽറാസി എന്ന ബഹുമുഖ പ്രതിഭ അത്യുന്നതനായ ഒരു ഗുരുനാഥൻ കൂടിയായിരുന്നു. രോഗിയെ പരിശോധിക്കുമ്പോൾ ക്ലാസിക്കൽ മെഡിക്കൽ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ രോഗലക്ഷണങ്ങൾ മനസ്സിൽ ഓർക്കണമെന്നും നിരീക്ഷണഫലങ്ങൾ അവയുമായി താരതമ്യം ചെയ്യണമെന്നും തന്റെ വിദ്യാർത്ഥികളോട് അദ്ദേഹം ഉപദേശിക്കാറുണ്ടായിരുന്നു.

അഫ്ഗാനിസ്ഥാനിലെ പ്രഗത്ഭ ശാസ്ത്രവിജ്ഞാനിയായിരുന്ന അൽബി

റൂണി ഇമാം റാസിയുടെ പുസ്തകങ്ങളുടെ ഒരു കാറ്റലോഗ് തയ്യാറാക്കുകയുണ്ടായി. 184 എണ്ണം വരുമായിരുന്നു അവ. ഈ പുസ്തകങ്ങളിൽ ബഹുഭൂരിപക്ഷവും നഷ്ടപ്പെടുകയുണ്ടായി. ലാറ്റിൻ പരിഭാഷയിലുള്ള ചില പുസ്തകങ്ങളാണ് അവശേഷിച്ചിട്ടുള്ളത്. 1924 –ൽ ജർമ്മൻ ഭാഷയിൽ ബർലിനിൽ നിന്നും അൽബിറൂണിയുടെ ഈ ഗ്രന്ഥം 'Al - Birunni als quelle fur das leben and die schrifen al-razi' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഇമാം റാസിയുടെ വൈദ്യവിജ്ഞാനത്തിന്റെ ഒരു പ്രത്യേകത അദ്ദേഹം സൈദ്ധാന്തിക പഠനത്തേക്കാൾ കൂടുതൽ പ്രാധാന്യം നൽകിയത് നിരീക്ഷണങ്ങൾക്കും, പരിശോധനകൾക്കുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ വൈദ്യശാസ്ത്ര സംബന്ധമായ രചനകൾ സാക്ഷ്യം വഹിക്കുന്നു. അവയിലെല്ലാം രോഗവിവരങ്ങളെ പറ്റി സുദീർഘമായ പരാമർശങ്ങളുണ്ട്. ഇത് അദ്ദേഹത്തിന്റെ നിരീക്ഷണ പ്രധാനമായ വൈദ്യശാസ്ത്ര സമീപനത്തെ കാണിക്കുന്നു. പരിശോധനയിലൂടെ രോഗനിർണ്ണയം നടത്തുക എന്ന രീതിക്ക് അദ്ദേഹം വമ്പിച്ച പ്രാധാന്യം നൽകിയിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു.

## കിതാബ് - അൽ ഹാവി

ഇമാം റാസിയുടെ ഏറ്റവും പ്രധാനപ്പെട്ട പുസ്തകം കിതാബ് അൽഹാവി (സമഗ്ര ഗ്രന്ഥം) എന്ന പുസ്തകമായിരുന്നു. അദ്ദേഹത്തിന്റെ സുദീർഘമായ പഠനസപര്യയുടെ ഫലമായിരുന്നു ഈ സചിത്ര ഗ്രന്ഥം. ഗ്രീക്ക് അറബിക് സാഹിത്യങ്ങളിൽ നിന്നുള്ള നിരവധി ആശയങ്ങൾ ഇതിൽ കാണാം. അതുപോലെ അദ്ദേഹത്തിന്റെ സ്വന്തമായ അനേകം മെഡിക്കൽ രേഖകളും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. വൈദ്യവിജ്ഞാനീയത്തിലെ സർവ്വവിജ്ഞാനകോശം എന്നറിയപ്പെടുന്ന ഈ പുസ്തകം പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ 17ാം നൂറ്റാണ്ടുവരെയുള്ള അഞ്ഞൂറു കൊല്ലക്കാലം യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ പാഠപുസ്തകമായിരുന്നു. ഈ കാലഘട്ടങ്ങളിൽ ഇബ്നുസീന, ഇമാംറാസി, ഗാലൻ എന്നിവരായിരുന്നു വൈദ്യശാസ്ത്രരംഗത്തെ ആധികാരിക സ്രോതസ്സുകൾ. റാസിയുടെ അൽഹാവി എന്ന ഈ ഗ്രന്ഥം 1279–ൽ ഇറ്റാലിയൻ രാജാവായിരുന്ന അൻജോയിലെ ചാൾസ് ഒന്നാമൻ, (King Charles 1 of Anjou AD 1220-1285) സിസിലിയൻ ജൂതപണ്ഡിതനായ ഫറാജ് ഇബ്നുസലിമിനെക്കൊണ്ട് ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യിപ്പിക്കുകയുണ്ടായി. ഇരുപത് വാല്യങ്ങളുള്ള ഈ മെഡിക്കൽ എൻസൈക്ലോപീഡിയ ഒരു വ്യക്തിയാൽ സമാഹരിക്കപ്പെട്ട എക്കാലത്തേയും ഏറ്റവും വലിയ പുസ്തകമായി ഗണിക്കപ്പെടുന്നു. വിശ്വപ്രശസ്ത ചരിത്രകാരനായ വിൽഡ്യൂറൻ എ.ഡി. 1395–ൽ പാരീസിലെ വൈദ്യശാസ്ത്രവകുപ്പിലെ മുഴുവൻ ഗ്രന്ഥങ്ങൾ ചേർന്നാലും അൽഹാവിയുടെ 9 വാല്യങ്ങൾ ക്ക് പകരം നിൽക്കാനേ സാധ്യമാവൂ എന്നെഴുതിയിട്ടുണ്ട്. 1986–ൽ ഈ പുസ്തകത്തിന്റെ ഒരു ലാറ്റിൻ വിവർത്തനം 'Liber Dictus Al-Havi' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ആയിരം വർഷങ്ങൾക്കുശേഷം സിഗ്മണ്ട് ഫ്രോയിഡ് വികസിപ്പിച്ചെടുത്ത സൈക്കോതെറാപ്പിയുടെ നാടകീയ ഫലങ്ങൾ അൽറാസി തന്റെ ചികിത്സയിൽ ഉപയോഗിക്കുകയുണ്ടായി. പ്രസിദ്ധനായ ഒരു ഖലീഫയെ സന്ധിവാത രോഗത്തിന് ചികിത്സിക്കാൻ റാസിയോട് അഭ്യർത്ഥിക്കുകയുണ്ടായി. അദ്ദേഹം ഖലീഫയോട് ചൂടുവെള്ളത്തിൽ കുളിക്കാൻ ഉപദേശിച്ചു. ഖലീഫ കുളിച്ചുകൊണ്ടിരിക്കെ റാസി നിവർത്തിപിടിച്ച ഒരു കഠാരിയുമായി വന്നു കൊന്നുകളയുമെന്ന് ഭീഷണി മുഴക്കി. അദ്ദേഹം കരുതിക്കൂട്ടി നടത്തിയ ഈ ഭീഷണി ചികിത്സയുടെ ഭാഗമായിരുന്നു. ശരീരത്തിലെ ഉഷ്ണം വർദ്ധിക്കുകയും കാൽമുട്ടിലെ എല്ല് കൂടുതൽ മൃദുലമാകുകയും ചെയ്ത അവസരത്തിൽ ഖലീഫ പേടിച്ചോടിയപ്പോൾ അദ്ദേഹത്തിന്റെ കാൽമുട്ടിലെ തടസ്സം നീങ്ങികിട്ടുകയായിരുന്നു.

അൽറാസി (ലാറ്റിനിൽ റാസസ് (Rhazes) വൈദ്യശാസ്ത്രത്തിന്റെയും ചികിത്സയുടെയും പല മേഖലകളിലും മുൻഗാമിയായിരുന്നു. പ്രത്യേകിച്ച്, ശിശുരോഗശാസ്ത്രം പ്രസൂതികാശാസ്ത്രം, കണ്ണിനെപ്പറ്റിയുള്ള ശാ സ്ത്രം എന്നിവയിൽ. 'കിതാബ് അൽ മൻസൂരി, കിതാബ് അൽ ഹാവി, കിതാബ് അൽ മുലൂകി, കിതാബ് അൽ ഖുദ്റി വൽ ഹസാബ എന്നിവയെല്ലാം തന്നെ അതിപ്രശസ്തങ്ങളായ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. നിയന്ത്രിതമായ ഭക്ഷണക്രമത്തിലൂടെയുള്ള ചികിത്സയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം. അദ്ദേഹത്തിന്റെ ചികിത്സയുടെ പാർശ്വഫലങ്ങളെപ്പറ്റി അറിയാൻ അത് മൃഗങ്ങളിലായിരുന്നു പരീക്ഷിച്ചിരുന്നത്.

സാങ്കേതികമായ ചില നൂതന സംവിധാനങ്ങൾ അദ്ദേഹം ആവിഷ്കരിക്കുകയുണ്ടായി. ആന്റിസെപ്റ്റിക്ക് എന്ന നിലയിൽ ആദ്യമായി ആൾക്കഹോൾ ഉപയോഗിച്ചത് അദ്ദേഹമാണ്. ബോധരഹിതമാക്കാൻ കറുപ്പ് ആദ്യമായി ഉപയോഗിച്ചതും അദ്ദേഹമാണ്. അതുപോലെ തന്നെ രസം വയറിളക്കത്തിന് ആദ്യമായി ഉപയോഗിച്ചതും അദ്ദേഹമാണ്. കുരങ്ങിൽ പരീക്ഷിച്ചതിന് ശേഷമാണ് അത് മനുഷ്യനിൽ പ്രയോഗിച്ചത്. ഈ മരുന്ന് അൽബം റാസി (Albam Rhazes) എന്ന പേരിലാണ് മധ്യകാലഘട്ടങ്ങളിൽ അറിയപ്പെട്ടിരുന്നത്. മൂത്രാശയത്തിൽ കല്ല് കണ്ടെത്തിയ ആദ്യത്തെ വൈദ്യവിജ്ഞാനിയായിരുന്നു അദ്ദേഹം. തിമിര ശസ്ത്രക്രിയയെപറ്റി വിശദമായ വിവരണങ്ങൾ നൽകിയ ആദ്യത്തെ വൈദ്യനും അൽറാസിയാണ്. കണ്ണിലെ കൃഷ്ണമണിയുടെ വികാസ സങ്കോചങ്ങൾ ചർച്ച ചെയ്തുകൊണ്ട് പ്രകാശത്തോട് പ്രതിപ്രവർത്തിക്കുന്ന കണ്ണിലെ പേശികളുടെ സാന്നിദ്ധ്യം കൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നതെന്ന് അദ്ദേഹം വിശദീകരിക്കുന്നു. കണ്ണിനെ സംബന്ധിച്ച ശാസ്ത്രത്തെപ്പറ്റി ഇമാം റാസിയുടെ വിവരണങ്ങൾ 1900ൽ ഡബ്ളിയു, ബ്റണ്ണർ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. ആദ്യമായി മൃഗത്തിന്റെ ആന്തരികാവയവങ്ങളിൽ നിന്നും തയ്യാർ ചെയ്യുന്ന നാരുപ

യോഗിച്ച് മുറിവുകൾ തുന്നിക്കെട്ടിയത് റാസിയായിരുന്നു. മുറിഞ്ഞ എല്ലുകൾ യോജിപ്പിക്കാൻ പ്ളാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചതും അദ്ദേഹമാണ്. മൂത്രം പരിശോധിച്ച് രോഗനിർണ്ണയം നടത്തുന്ന രീതി വളരെ പ്രചാരത്തിലിരുന്ന കാലമായിരുന്നു അത്. ചിലർ രോഗിയെ പോലും കാണാതെ മൂത്രം പരിശോധിച്ചു മാത്രം രോഗനിർണ്ണയം നടത്തിയിരുന്നു. ഈ പ്രവണത അദ്ദേഹം നിർത്തലാക്കി. യൂറോളജിയിൽ അദ്ദേഹം, മൂത്രവാർച്ച, ലൈംഗികരോഗങ്ങൾ, മൂത്രാശയത്തിൽ കല്ല് മുതലായ രോഗങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്.

മധ്യകാലഘട്ടത്തിൽ ഒരു വൈദ്യശാസ്ത്ര വിദ്യാർത്ഥിക്ക് താഴെപ്പറയുന്ന ടെക്സ്റ്റുപുസ്തകങ്ങൾ ആവശ്യമായിരുന്നു. ഹിപ്പോക്രാറ്റിന്റെ സൂത്രവാക്യങ്ങൾ (Aphorism of Hippocrat) ഹുനൈനു ഇബ്നു ഇസ്ഹാഖിന്റെ ചോദ്യങ്ങൾ, അൽ-റാസിയുടെ പഠനസഹായി, സാബിത് ഇബ്നു ഖുറ്റയുടെ വിജ്ഞാനശേഖരം, ഗാലന്റെ പതിനാറ് പ്രബന്ധങ്ങൾ, അൽറാസിയുടെ കിതാബ് അൽ ഹാവി, ഇബ്നുസീനയുടെ അൽശിഫ.

## പരീക്ഷണ പടുവായ ശാസ്ത്രജ്ഞൻ

ജാബിറുബ്നു ഹയ്യാൻ അൽറാസിയെ വമ്പിച്ച തോതിൽ സ്വാധീനിച്ചിരുന്നു. എന്നിരുന്നാലും അൽറാസി സ്വതന്ത്രമായി തന്നെയാണ് രസതന്ത്രം വികസിപ്പിച്ചെടുത്തത്. അദ്ദേഹത്തിന്റെ 'സിറ്ർ അൽ ഇസ്റാർ' ലാറ്റിനിലേക്ക് Liber Secretorum Buba Caris' എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ട്. ആ പുസ്തകത്തിൽ അദ്ദേഹം കാൽസിനേഷൻ (Calcination = ചൂളകളിൽ ചൂടാക്കി ഉരുക്കി ലോഹങ്ങളിലെ അപദ്രവ്യങ്ങൾ നീക്കിക്കളയുന്ന പ്രക്രിയ), ക്രിസ്റ്റലീകരണം, സ്വേദനം (Distillation) മുതലായ പ്രക്രിയകളിലെ രാസപ്രവർത്തനങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പരീക്ഷണശാലയിൽ ഉപയോഗിച്ച 25 ഉപകരണങ്ങളുടെ വിവരണങ്ങൾ ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. ബീക്കറുകൾ, കത്രിക (Shear), ചവണ (Tongs) വാറ്റുപാത്രം (Alembic) പെസ്ൽ (Pestle = പൊടിക്കുന്ന ദണ്ഡ്) ചാണ (Mortar) മുതലായവയായിരുന്നു അവ. സൾഫ്യൂറിക് ആസിഡ് കണ്ടുപിടിച്ചതും അൽറാസിയായിരുന്നു. രാസവസ്തുക്കളെ അദ്ദേഹം ധാതുക്കൾ, സസ്യങ്ങൾ, മൃഗങ്ങൾ എന്നിങ്ങനെ വർഗ്ഗീകരിച്ചു. ഈ വിഭജനം ജൈവരസതന്ത്രത്തിന്റേയും അജൈവ രസതന്ത്രത്തിന്റെയും അടിസ്ഥാനമായിരുന്നു. എല്ലാ ജീവികളും ജീവനുള്ള കോശങ്ങളാൽ നിർമ്മിതമാണെന്നും അവ സങ്കീർണ്ണങ്ങളായ രാസപ്രക്രിയകളെ ആശ്രയിച്ചു നില്ക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

അമേരിക്കയിലെ ന്യൂജഴ്സിയിൽ പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഒരു ചർച്ചിലും പാരീസ് യൂണിവേഴ്സിറ്റിയിലെ മെഡിക്കൽ ഫാക്കൽറ്റിയിലും രണ്ട് മുസ്ലിം വൈദ്യവിജ്ഞാനികളുടെ ചിത്രം സ്ഥാപിച്ചതായിക്കാണാം. അൽറാസിയുടെയും അവിസെന്നയുടേതുമായിരുന്നു അത്. അവർ വൈദ്യശാസ്ത്രത്തിനു നൽകിയ അമൂല്യമായ സംഭാവനക്കുള്ള സ്മാരകങ്ങളായിരുന്നു അവ. ഇസ്ലാമിന്റെ ഈ മഹാനായ പുത്രനെ സംബന്ധിച്ച് വളരെ പരിമിതമായ സാഹിത്യങ്ങളെ പൗരസ്ത്യ ഭാഷകളിലുള്ളൂ. പക്ഷേ ഇംഗ്ലീഷിലും ജർമ്മനിയും അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതത്തെ സംബന്ധിച്ച് നിരവധി പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ജർമൻ ഭാഷയിൽ പ്രൊഫ. മാക്സ് ന്യൂസർഗരുടെ 'Die Gschichte der Medizin' (1911) എന്ന പുസ്തകത്തിൽ അൽറാസിയെ സംബന്ധിച്ച് ഒരു അദ്ധ്യായമുണ്ട്. ജോർജ്ജ് റാംഗിംങ്ങിന്റെ റാസിയുടെ ജീവിതവും പ്രവർത്തനങ്ങളും (The Life and works of Rhazes) (1913) നല്ല ഒരു പുസ്തകമാണ്.

പ്രഗത്ഭമതികളും പ്രതിഭാശാലികളുമായ ശിഷ്യന്മാരായിരുന്നു റാസിക്കു ചുറ്റും കൂടിയിരുന്നത്. അവർ അദ്ദേഹത്തെ രണ്ടാം ഗാലനെന്ന് (ഗാലൻ: ഗ്രീക്ക് ഭിഷഗ്വരൻ, ഹിപ്പൊക്രാറ്റസിനുശേഷം പാശ്ചാത്യ വൈദ്യരംഗത്തെ ഏറ്റവും പ്രഗത്ഭനായ ബഹുമുഖ പ്രതിഭ. 2ാം നൂറ്റാണ്ടിലാണ് ഇദ്ദേഹം ജീവിച്ചത്. നീറോയുടെ കാലത്ത് റോമിൽ തീപ്പിടുത്തമുണ്ടായപ്പോൾ ഗാലൻ അവിടെ കൊട്ടാരവൈദ്യനായി ഉണ്ടായിരുന്നു എന്നു കരുതപ്പെടുന്നു. ആ തീപ്പിടുത്തത്തിൽ അദ്ദേഹത്തിന്റെ മിക്ക ഗ്രന്ഥങ്ങളും നശിച്ചുപോയി എന്നു വിശ്വസിക്കപ്പെടുന്നു. വിവ:) വിളിച്ചു. തലമുറകൾക്കായുള്ള അതിഗംഭീരങ്ങളായ വൈദ്യശാസ്ത്ര വിജ്ഞാനങ്ങളുടെ കലവറയായിരുന്നു അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. അദ്ദേഹത്തിന്റെ എഴുത്തിൽ നിന്നെടുത്ത താഴെ എഴുതിയ ഉദ്ധരണികളിൽ നിന്നും അദ്ദേഹത്തിലെ അനിതരസാധാരണമായ വൈദ്യശാസ്ത്രവിജ്ഞാനിയെ നമുക്ക് തിരിച്ചറിയാം.

'യാഥാർത്ഥ്യം എന്നത് വൈദ്യശാസ്ത്രത്തിൽ ഒരിക്കലും സാക്ഷാൽക്കരിക്കാൻ കഴിയാത്ത ഒരു ലക്ഷ്യമാണ്. ഗ്രന്ഥങ്ങളിൽ ഇത് സംബന്ധമായി വിവരിക്കപ്പെട്ട വിജ്ഞാനത്തിൽ നിന്നും ചിന്താശീലനായ ചികിത്സകന്റേയും അനുഭവവിജ്ഞാനം എത്രയോ വിദൂരമായിരിക്കാം.

രോഗം വരുമ്പോൾ അതിന്നുള്ള ചികിത്സകൾ നിശ്ചയിച്ചതുകൊണ്ടു മാത്രം രോഗശക്തി കുറയില്ല. ഭക്ഷണക്രമം കൊണ്ട് രോഗം മാറ്റിയെടുക്കാൻ പറ്റുമെങ്കിൽ മരുന്നുകൾ ഉപയോഗിക്കരുത്. ലളിതമായ പഥ്യം കൊണ്ട് രോഗം മാറുമെങ്കിൽ സങ്കീർണ്ണമായ ചികിത്സാക്രമങ്ങളിലേക്ക് പോകരുത്.

യഥാർത്ഥ വൈദ്യന്മാരിൽ നിന്നും ജനങ്ങളെ അകറ്റരുത്. രോഗിയോട് ഒന്നും ചോദിക്കാതെ തന്നെ എല്ലാം അറിയുന്നവരാണ് വൈദ്യന്മാർ എന്ന വിശ്വാസം വെച്ചുപുലർത്തുന്നത് ശരിയല്ല.

ഭരണാധികാരിക്കുള്ള ഉപദേശം, അയാൾ തന്റെ ചികിത്സകനെ ഉൽക്കണ്ഠാകുലനാക്കരുത്. അയാളെ പ്രസന്നചിത്തനാക്കുക, അപ്രകാരം സമൂഹമദ്ധ്യത്തിലും അദ്ദേഹത്തെ ആക്കിത്തീർക്കുക. മാറാരോഗങ്ങൾ മാറ്റുക എന്നത് ചികിത്സകന്റെ ബാദ്ധ്യതയല്ല

**വസൂരിയെക്കുറിച്ചും അഞ്ചാംപനിയെക്കുറിച്ചുമുളള വ്യത്യാസങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തുവാനുളള സങ്കേതങ്ങൾ അദ്ദേഹം സ്വയം ആവിഷ്കരിച്ചതാണ്.**

എന്ന ബോധം ജനങ്ങളിൽ ജനിപ്പിക്കുക. ചികിത്സകന് വരുന്ന കൈപ്പിഴകൾക്കും തെറ്റിദ്ധാരണകൾക്കും അയാളെ പഴിക്കാതിരിക്കുകയും ചെയ്യുക.

ഒരു ചികിത്സകൻ അയാളുടെ രോഗിയുടെ എല്ലാ രോഗസംബന്ധമായ വിവരങ്ങളും ചോദിച്ചറിയാൻ ഒരിക്കലും മറക്കരുത്. ഒരു ചികിത്സകൻ മരുന്നു കൊടുത്തു ചികിത്സിക്കുന്നതിന് പകരം രോഗിയെ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷണങ്ങളിലൂടെ ചികിത്സിപ്പിച്ചു ഭേദമാക്കാൻ കഴിയുമെങ്കിൽ അതാണ് ഏറ്റവും നല്ല ചികിത്സയായി ഗണിക്കപ്പെടുക.

ചികിത്സകൻ ചികിത്സയുടെ പുരോഗതി രോഗിയെ അറിയിക്കുകയും രോഗം ഭേദമാവുമെന്ന് രോഗിയെ പറഞ്ഞ് ആശ്വസിപ്പിക്കുകയും ചെയ്യണം. രോഗിയുടെ മാനസികാവസ്ഥ രോഗശമനത്തിന് ഏറ്റവും നിർണ്ണായകഘടകമാണ്.

## വൈദ്യസാഹിത്യത്തിന് ഒരു ഭൂഷണം

ഒരു നിർദ്ദിഷ്ട പ്രശ്നത്തിന് ഗ്രീക്ക്, സിറിയൻ, പേർഷ്യൻ, ഹിന്ദു വൈദ്യസാഹിത്യങ്ങളിൽ നിന്നും അവരവരുടെ അഭിപ്രായങ്ങൾ ഉദ്ധരിക്കുകയും, അത് സംബന്ധമായി തന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുകയാണ് അൽറാസിയുടെ ശൈലി. ഈ സ്വതന്ത്രമായ നിലപാട് അദ്ദേഹത്തിന് ധാരാളം പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുവാനുള്ള കഴിവുകൾ നൽകി. വസൂരിയെക്കുറിച്ചും അഞ്ചാംപനിയെക്കുറിച്ചുമുള്ള വ്യത്യാസങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തുവാനുള്ള സങ്കേതങ്ങൾ അദ്ദേഹം സ്വയം ആവിഷ്കരിച്ചതാണ്. 'കിത്താബ് അൽ ജുദ്‌രി വൽ ഹസ്ബ' എന്ന അൽറാസിയുടെ പ്രശസ്തഗ്രന്ഥം അദ്ദേഹത്തെ അനശ്വരനാക്കുകയും വൈദ്യശാസ്ത്രസാഹിത്യത്തിന് അത് ഒരു ഭൂഷണമായിത്തീരുകയും ചെയ്തു. പകർച്ചവ്യാധികളെക്കുറിച്ചുള്ള വൈദ്യശാസ്ത്ര വിജ്ഞാനീയത്തിന്റെ സാഹിത്യചരിത്രത്തിൽ വസൂരിയെക്കുറിച്ചുള്ള ആദ്യകാലപഠനങ്ങളിലും ഈ പുസ്തകം അത്യുന്നത സ്ഥാനമാണ് അലങ്കരിക്കുന്നത്. വളരെ ശ്രദ്ധാപൂർവ്വമാണ് തുടക്കത്തിൽ തന്നെയുള്ള വസൂരിയുടെയും അഞ്ചാംപനിയുടെയും അടയാളങ്ങൾ അദ്ദേഹം വിവരിക്കുന്നത്. ദീർഘകാലത്തെ അനുഭവസമ്പത്തിൽ നിന്നുമാണ് അദ്ദേഹം ചികിത്സകൾ നിശ്ചയിച്ചിരുന്നത്. നൂറ്റാണ്ടുകളോളം അൽറാസിയുടെ ഈ സമ്പ്രദായമായിരുന്നു വസൂരിയുടെ ചികിത്സ നിർണ്ണയത്തിന് ആധാരമാക്കിയിരുന്നത്. ഇത് സംബന്ധിച്ച അദ്ദേഹത്തിന്റെ പണ്ഡിതോചിതമായ വിവരണം ശ്രദ്ധിക്കുക:

തുടർച്ചയായ പനിയും, പുറംവേദനയും മൂക്കിനുള്ളിലെ അസ്വാസ്ഥ്യങ്ങളും, ഉറക്കത്തിലെ വിറയലിനേയും തുടർന്നാണ് വസൂരി രോഗം വരുന്നത്. ഈ രോഗത്തിന്റെ മുഖ്യഅടയാളങ്ങൾ പനിയോടുകൂടിയ പുറംവേദന, ശരീരമാസകലം കുത്തുന്നത്പോലെയുള്ള വേദന, മുഖം വലിഞ്ഞു മുറുകൽ, ചിലപ്പോൾ കോച്ചിവലിക്കൽ, കവിളിലും കണ്ണിലും വല്ലാത്തൊരു ചുവപ്പ് ശരീരത്തിലാകമാനം രക്തസമ്മർദ്ദം ദേഹം മുഴുവൻ വലിഞ്ഞുമുറുകൽ, തൊണ്ടവേദനയും നെഞ്ചുവേദനയും ശ്വാസതടസ്സവും, വായ വരണ്ടു പോവുക, ഉമിനീർ കട്ടികൂടൽ, ശബ്ദത്തിന് കട്ടികൂടുക, തലവേദനയും തലയിൽ സമ്മർദ്ദവും അനുഭവപ്പെടൽ, ഉൽക്കണ്ഠ, മനംപിരട്ടൽ, അസ്വസ്ഥത, ഉൽക്കണ്ഠയും മനംപിരട്ടലും അസ്വസ്ഥതയും അഞ്ചാംപനിയേക്കാൾ കൂടുതലായി വസൂരിരോഗത്തിൽ കാണപ്പെടുന്നു. അതുപോലെ പുറംവേദനയും വസൂരിരോഗത്തിൽ അധികമാണ്.

1565-ലാണ് കിതാബ് അൽ ജുദ്‌രി വൽ ഹസ്ബ് എന്ന ഈ പുസ്തകം ആദ്യമായി ലാറ്റിനിലേക്ക് വിവർത്തനം ചെയ്യുന്നത്. അതിനുശേഷം നിരവധി യൂറോപ്യൻ ഭാഷകളിലേക്കും വിവർത്തനങ്ങളുണ്ടായി. 1498നും 1866നും മദ്ധ്യേ നാൽപത് പതിപ്പുകളിറങ്ങി. അൽറാസി 24 ഗർഭ നിരോധന ഔഷധങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഗർഭനിരോധനത്തിന്റെ സാങ്കേതികവും രാസപരവുമായ മാർഗ്ഗങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. 'അനുഭവങ്ങളുടെ സത്ത്' (Quintessence of Experience) എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ട അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഗർഭനിരോധന മാർഗ്ഗങ്ങൾ എന്ന അദ്ധ്യായത്തിലാണ് അദ്ദേഹം ഇത് വിവരിച്ചിട്ടുള്ളത്.

അദ്ദേഹം എഴുതിയ വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ 50 എണ്ണത്തോളം വരും. അൽറാസിയുടെ മറ്റൊരു പ്രധാനപ്പെട്ട വൈദ്യശാസ്ത്രപുസ്തകം 'കിതാബ് അൽ മസൂരി' ആണ്. 10 വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകം. അറബ് ഗ്രീക്ക് വൈദ്യത്തെപ്പറ്റിയാണ് പരാമർശിക്കുന്നത്. ഈ പുസ്തകത്തിന്റെ ചില വാല്യങ്ങൾ ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം യഹൂദ വൈദ്യശാസ്ത്രവിജ്ഞാനിയും തത്വശാസ്ത്രപണ്ഡിതനുമായ ശേം തോബ് 1264-ൽ ലാറ്റിനിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. 1480-ൽ ഇറ്റാലിയൻ പണ്ഡിതനായിരുന്ന ക്രമോണയിലെ ജറാർഡ് 'Nonus Almansori' എന്ന പേരിൽ ഇറ്റാലിയൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. ഈ പുസ്തകത്തിൽ, അൽറാസി ശരീരഘടനയെപ്പറ്റിയും, പഞ്ചേന്ദ്രിയങ്ങളടക്കം ശരീരത്തിലെ വിവിധ അവയവങ്ങളെ സംബന്ധിച്ചും വിശദമായ വിവരങ്ങൾ നൽകിയിട്ടുണ്ട്. നട്ടെല്ലിനെക്കുറിച്ച് വളരെ സൂക്ഷ്മമായ വിവരണമുണ്ട്. മസ്തിഷ്കത്തിനോ, നട്ടെല്ലിനോ ചതവ് സംഭവിക്കുകയാണെങ്കിൽ അവയവങ്ങളിലേക്ക് പോകുന്ന നാഡികൾ തകരാറിലാവുകയും

അവയവങ്ങൾ തളർന്നുപോവുകയും ചെയ്യുമെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടുവരെ യൂറോപ്യൻ യൂണിവേഴ്സിറ്റികളിൽ ഇത് ഒരു ആധികാരികപുസ്തകമായിരുന്നു.

അൽറാസി എന്ന തത്ത്വശാസ്ത്ര വിജ്ഞാനി അദ്ദേഹത്തിലെ വൈദ്യശാസ്ത്ര പണ്ഡിതനേക്കാൾ ഒട്ടും പിറകിലായിരുന്നില്ല. അദ്ദേഹം, ടോളമിയുടെയും സ്റ്റോയിക്കുകളുടെയും എപ്പിക്കൂറിയനുകളുടേയും തത്ത്വശാസ്ത്രങ്ങളിൽ അവഗാഹം നേടി. ആശയങ്ങളേയും മൂല്യങ്ങളേയും ചോദ്യം ചെയ്യുന്ന ഏറ്റവും സമുന്നതമായ ധിഷണാശാലിയായി സോക്രട്ടീസിനെ അദ്ദേഹം കണ്ടു. സോക്രട്ടീസിനെപോലെ മതമൂല്യങ്ങളെ പലതിനെയും ചോദ്യം ചെയ്യുന്ന ഈ ശീലം കാരണം യാഥാസ്ഥിതിക മുസ്‌ലിംകൾ അദ്ദേഹത്തിന്റെ തത്ത്വശാസ്ത്രപുസ്തകങ്ങളെ നശിപ്പിക്കുവാൻ പരമാവധി ശ്രമിക്കയുണ്ടായി. തിമിരം മൂലം തന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടപ്പോൾ അത് അദ്ദേഹത്തിന്റെ അവിശ്വാസത്തിന് ദൈവം നൽകിയ ശിക്ഷയാണെന്ന് അവർ പറഞ്ഞുപരത്തി. ഏതൊരു മുസ്‌ലിം പണ്ഡിതനേക്കാളും സ്വയം വികസനത്തിന് യുക്തി അനിവാര്യമാണെന്ന് പറഞ്ഞ അതുല്യപ്രതിഭാശാലിയായിരുന്നു അൽറാസി. 'ആത്മീയ ശരീരഘടന' എന്ന പുസ്തകത്തിൽ യുക്തിയുടെ പ്രാധാന്യത്തെ അദ്ദേഹം പ്രകീർത്തിക്കുന്നുണ്ട്. യുക്തി മനുഷ്യന് ദൈവം നൽകിയ അതിമഹത്തായ വരദാനമാണ്. യുക്തി ഇല്ലാതെ മനുഷ്യന്റെ അവസ്ഥ മൃഗങ്ങൾക്ക് തുല്യമാണ്. ആ അവസ്ഥ മനുഷ്യനെ കുട്ടിയെപ്പോലെയോ, ഭ്രാന്തനെപ്പോലെയോ ആക്കിത്തീർക്കുന്നു. യുക്തിയുടെ ഈ ഉന്നതസ്ഥാനത്തെ വില കുറച്ച് കാണാനോ അതിനെ അവമതിക്കാനോ സാധ്യമല്ല. യുക്തിയുടെ മേൽ നമുക്ക് വൈകാരികമായ യജമാനത്വം നൽകപ്പെട്ടിട്ടില്ല. വികാരം യുക്തിയെ മലിനമാക്കുന്നു. അത് യുക്തിജ്ഞനായ മനുഷ്യനെ സത്യം കാണുന്നതിൽ നിന്നും വഴിതെറ്റിക്കുകയും ചെയ്യുന്നു.'

പ്രൊഫ. ഹുഡ്ബോയ് 'ഇസ്‌ലാമും ശാസ്ത്ര വും' (Islam and Science) എന്ന പുസ്തകത്തിൽ 'മഹാനായ പ്രമാണവിരുദ്ധൻ' (Great Heretic) എന്ന പേരിലുള്ള അഞ്ചാം അദ്ധ്യായത്തിൽ റാസിയുടെ ജീവിതത്തിലെ ഈ ഭാഗം പരാമർശിക്കുന്നുണ്ട്. സമകാലീനമായ ചിന്താധാരയിൽ നിന്നും വിഭിന്നമായ അൽറാസിയുടെ അഭിപ്രായങ്ങൾ അദ്ദേഹത്തെ എല്ലാ മുസ്‌ലിംകളുടേയും പ്രിയങ്കരനാക്കിയിരുന്നില്ല. പിൽകാല എഴുത്തുകാർ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിൽ അത്ഭുതം കൂറിയെങ്കിലും യുക്തിക്ക് വെളിപാടുകളേക്കാൾ സ്ഥാനം കല്പിച്ചതിന് അദ്ദേഹത്തിൽ മതനിന്ദ ആരോപിക്കുന്നുണ്ട്. ജനസാമാന്യത്തിന്റെ അഭിപ്രായങ്ങളെ നിരാകരിക്കുന്ന ഇസ്‌ലാമിക പണ്ഡിതനായ നാസിർ കസ്റോപോലും അൽറാസിയിൽ മതനിന്ദ ആരോപിക്കുന്നു. തന്റെ വിപ്ലകരമായ ചിന്ത മൂലം അൽറാസിക്ക് വലിയ വില നൽകേണ്ടി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ വൈജ്ഞാനിക ചിന്തകൾക്കെതിരെയുള്ള തരംതാഴ്ത്തലുകൾ മൂലം അവയിൽ പലതും വിസ്മൃതിയിലായി. അൽബിറൂണിപോലും തന്റെ യാഥാസ്ഥിതികരായ രക്ഷാധികാരികളെ പ്രീതിപ്പെടുത്താൻ അൽറാസിക്ക് അന്ധത ബാധിച്ചത് ദൈവികശിക്ഷയാണ് എന്ന് ഉറക്കെ പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ അൽറാസിക്ക് അന്ധത ബാധിച്ചത് ബുക്കാറയിലെ യാഥാസ്ഥിതികരായ മൻസൂറി കുടുംബത്തിലെ അംഗമായ ഒരു അമീർ നൽകിയ ശിക്ഷകൊണ്ടാണെന്നാണ് പറയപ്പെടുന്നത്. കോപാകുലനായ ഈ അമീർ അൽറാസി എഴുതിയ പുസ്തകത്തിൽ തലയിട്ടടിക്കാൻ അദ്ദേഹത്തോട് കല്പിക്കുകയുണ്ടായി. ഒന്നുകിൽ അൽറാസിയുടെ തലയോ അല്ലെങ്കിൽ പുസ്തകമോ രണ്ടിലേതെങ്കിലുമൊന്ന് മുറിയുന്നത് വരെ തലയിട്ടടിക്കാൻ കല്പിച്ചു. അതോടെ അൽറാസിയുടെ കാഴ്ചയും ജീവിതത്തോടുള്ള ആശയും നശിച്ചു. നയനരോഗവിദഗ്ദ്ധരായ വൈദ്യന്മാർ കണ്ണ് ശസ്ത്രക്രിയക്ക് നിർദ്ദേശിക്കുകയും നിർബന്ധിക്കുകയും ചെയ്തപ്പോൾ അൽറാസിയുടെ പ്രതികരണം ഇങ്ങിനെയായിരുന്നു. 'ഞാൻ ഈ ലോകം മതിയാവോളം കണ്ടുകഴിഞ്ഞു. അതുകൊണ്ട് വീണ്ടും കാഴ്ച ലഭിക്കുമെന്ന പ്രതീക്ഷയിൽ ശസ്ത്രക്രിയ ചെയ്യുന്നത് ഇഷ്ടപ്പെടുന്നില്ല'. മഹാനായ ആ പ്രതിഭാശാലി ഇറാനിൽ വെച്ച് എൺപത്തിരണ്ടാമത്തെ വയസ്സിൽ (എ.ഡി. 926) കടുത്ത ദാരിദ്ര്യത്തിലും അന്ധതയിലും പരലോകം പൂകുകയുണ്ടായി.

ജോർജ് സാർട്ടൺ തന്റെ വിഖ്യാതമായ 'ശാസ്ത്രചരിത്രത്തിന്നൊരാമുഖം' (Introduction to the History of Science) എന്ന പുസ്തകത്തിൽ അൽറാസിയെ അനുസ്മരിക്കുന്നത് 'അൽറാസി ഇസ്‌ലാമിക ലോകത്തെയും, മദ്ധ്യകാലത്തെയും ഏറ്റവും മഹാനായ വൈദ്യവിജ്ഞാനിയായിരുന്നു' എന്നാണ്. ഇസ്‌ലാമിക് എൻസൈക്ലോപീഡിയ പറയുന്നത് പതിനേഴാം നൂറ്റാണ്ടുവരെ വൈദ്യശാസ്ത്രരംഗത്തെ ചോദ്യംചെയ്യപ്പെടാത്ത പ്രാമാണികനായിരുന്നു അൽറാസി എന്നാണ്. 1970-ൽ ലോകാരോഗ്യസംഘടന (WHO) അദ്ദേഹത്തെ അനുസ്മരിച്ചത് ഇങ്ങിനെയാണ്. വസൂരിയെക്കുറിച്ചും അഞ്ചാംപനിയെകുറിച്ചുമുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ മൗലികമായതും സൂക്ഷ്മമായതുമാണ്. പകർച്ചവ്യാധികളെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ ഈ വിഷയത്തിലുണ്ടായ ആദ്യത്തെ ശാസ്ത്ര പഠനങ്ങളാണ്'.

## REFERENCE


1. History of Medicine, English translation of Prof. Max Neuberger's book, 1910 available at Queens University, Kingston, Canada.
2. The Spiritual Physick of Rhazes; English translation by A.J. Arberry, 1950 London.
3. Age of Faith. History of Medieval Civilisation - 325 - 1300, will Durant, 1950 P. 247.
4. Islam and Arab World, Edited by Bernard Lewis, 1976.
5. Islam and Science by Pervaize Hoodbhoy P. III, 1992, New York


■

ലേഖനം

# കലയും സംസ്കാരവും ഇസ്‌ലാമിൽ

**അബ്ദുസ്സലാം അക്തർ**

## ഇസ്‌ലാമിക കല ഇസ്‌ലാമിക സംസ്കാരത്തിന്റെ മുഖമുദ്രയായിരുന്നു. മനുഷ്യനെ അത് ദൈവോന്മുഖനും ജ്ഞാനിയും ഉദാത്തനുമാക്കിത്തീർക്കുന്നു.

മുസ്‌ലിം പ്രതിഭാശാലികളെപ്പറ്റിയുള്ള വിശദമായ വിവരണം നൽകുന്നതിന്ന് മുമ്പ് ഒരു കാര്യം ഓർക്കേണ്ടതുണ്ട്. അക്കാലത്ത് ഇസ്‌ലാമിക പാണ്ഡിത്യം എന്നത് ജലനിബദ്ധമായ ഒരു കമ്പാർട്ട്മെന്റ് എന്ന പോലെ ഒരു വിഷയത്തിൽ മാത്രമായുള്ള അവഗാഹമായി പരിമിതപ്പെട്ടു നിന്നിരുന്നില്ല. അക്കാലത്തും ഒരു വിഷയത്തിൽ വൈദഗ്ധ്യം നേടിയ സ്പെഷലിസ്റ്റുകൾ ഉണ്ടായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല, അതോടൊപ്പം തന്നെ മറ്റു വിഷയങ്ങളിലും അത്തരം പണ്ഡിതന്മാർ വിപുലമായ അറിവ് നേടിയിരുന്നു. അവർ തങ്ങളുടെ ചുറ്റുമുള്ള ലോകത്തെ നിരീക്ഷിച്ചുകൊണ്ടിരുന്നു. ഈ നിരീക്ഷണമാണ് ഒരാളെ രസതന്ത്രജ്ഞൻ ആക്കി തീർക്കുന്നതിന് പുറമെ ഖഗോളവിജ്ഞാനിയും തത്ത്വജ്ഞാനിയുമാക്കി മാറ്റുന്നത്. വിശ്വവിഖ്യാതനായ ചരിത്രകാരൻ ഇബ്നു ഖൽദൂൻ ഒരേ സമയം ചരിത്രകാരനും തത്ത്വജ്ഞാനിയുമായിരുന്നല്ലോ. തീർച്ചയായും അദ്ദേഹത്തെപ്പറ്റി പാശ്ചാത്യ ഓറിയന്റലിസ്റ്റായ ഫിലിപ്പ് കെ.ഹിറ്റി പറഞ്ഞതാണ് ശരി. 'അദ്ദേഹം വിഖ്യാതനായ ചരിത്രതത്ത്വജ്ഞാനിയായിരുന്നു' (Historical Philosopher) എന്നാണ് ഹിറ്റി വിശേഷിപ്പിച്ചത്. മറ്റൊരു പ്രഗത്ഭനായ മുസ്‌ലിം തത്വശാസ്ത്രജ്ഞനായിരുന്നു ഇബ്നു റുഷ്ദ്. അദ്ദേഹത്തെപ്പറ്റി ഹിറ്റി പറഞ്ഞത് : "ഇബ്നു റുഷ്ദ് എന്ന വൈദ്യശാസ്ത്രജ്ഞനെ ഇബ്നു റുഷ്ദ് എന്ന തത്ത്വജ്ഞാനി ഗ്രസിച്ചിരിക്കുന്നു!' എന്നാണ് (Ibn-e-Rushad, the physician, was entirely eclipsed by Ibn-e-Rushad the philosopher and commentator) (1)

മറ്റൊരു വസ്തുത – വിശുദ്ധ ഖുർആന്റെ സാധാരണക്കാരനായ ഒരു വായനക്കാരനെ സംഗതികളുടെ കേവല കാഴ്ചകൾക്കപ്പുറത്തെ കാര്യങ്ങൾ കാണാൻ ഖുർആൻ പ്രേരിപ്പിക്കുന്നു. ഒരു അമുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം പ്രകൃതിയിൽ നടക്കുന്ന ശാസ്ത്രീയ നിയമങ്ങളെ പറ്റിയും ഒരു മതഗ്രന്ഥത്തിൽ പ്രതിപാദിക്കുക എന്നത് തികച്ചും നൂതനമായൊരു ആശയമാണ്. പക്ഷേ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അവനൊരു തൊഴിലാളിയാകട്ടെ, നിയമജ്ഞനാവട്ടെ, വൈദ്യനാകട്ടെ, ദിവ്യനാകട്ടെ ഈ പ്രപഞ്ചം എന്നത് ചിന്തിക്കാനും, പ്രവർത്തിക്കാനുമുള്ളതാണ്. ഖുർആൻ പറയുന്നു.:

'ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിന്നുള്ളതാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അവർ അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിയ്ക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) പറയും: ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ' (3:190–192)

ശാസ്ത്രീയമായി ചിന്തിക്കാൻ അനുവദിക്കുക മാത്രമല്ല അനുശാസിക്കുക കൂടി ചെയ്യുന്ന ഈ ഖുർആനികാദ്ധ്യാപനങ്ങളാണ് ഉന്നതനിലവാരമുള്ള മുസ്‌ലിം പ്രതിഭാശാലികളെ സൃഷ്ടിച്ചെടുത്തത്. അതുകൊണ്ടാണ് ജർമൻ പണ്ഡിതനായ ഹംബേർട്ട് പറഞ്ഞത്:

അൽ തബരിയാണ് മറ്റൊരാൾ. ലോകാരംഭം മുതൽ ഏ.ഡി. 915 വരെയുള്ള ചരിത്രം അദ്ദേഹമെഴുതി. പഠനത്തിനുവേണ്ടി മാത്രം പഠിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അതുകൊണ്ട് അദ്ദേഹത്തിന്റെ ചരിത്രത്തിൽ ഒരു ദൈവശാസ്ത്രജ്ഞന്റെ ഉത്സാഹവും, ഒരു ന്യായാധിപന്റെ സൂക്ഷ്മതയും ഒരു രാഷ്ട്രീയക്കാരന്റെ ഉൾക്കാഴ്ചയും ഉണ്ടായിരുന്നു. അദ്ദേഹം പഠനത്തിനുവേണ്ടി സ്വയം സമർപ്പിതനായിരുന്നു. അദ്ദേഹം ജീവിതത്തിലുടനീളം കടുത്ത സാമ്പത്തിക പരീക്ഷണങ്ങളെ അഭിമുഖീകരിച്ചിരുന്നുവെങ്കിലും ആരോടും യാതൊരു സമ്മാനവും സ്വീകരിച്ചിരുന്നില്ല.

## ചിത്രകലയും വാസ്തുശില്പവും

ആധുനിക കാലത്ത് മറ്റൊരു രൂപം കൈക്കൊണ്ടതിനാൽ കല ഒരു വിവാദവിഷയമാണ്. എങ്കിലും ചിത്രകലകളോടും ശില്പകലകളോടുമുള്ള മനുഷ്യന്റെ അഭിരുചി കണക്കിലെടുക്കേണ്ടതുണ്ട്. മനുഷ്യഭാവനക്ക് സ്പർശിക്കാൻ കഴിയുന്നതെല്ലാം മുസ്‌ലിം കല സ്വായത്തമാക്കി. 13ാം നൂറ്റാണ്ടിലെ ഗ്രന്ഥങ്ങൾ, വിശേഷിച്ച് ശാസ്ത്ര പുസ്തകങ്ങളും കഥാപുസ്തകങ്ങളും ചിത്രീകരണങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു. പ്രശസ്ത കലാകാരനായ യഹ്‌യാ ഇബ്നു അലി മികവുറ്റ ചിത്രകാരനായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ 'മുഖമ്മതി ഹരീരി' എന്ന പ്രതീകാത്മക ചിത്രീകരണം ആഹ്ലാദവും ഭാവനയും ജനിപ്പിക്കുന്നതാണ്. അന്നത്തെ ഏറ്റവും പ്രചാരമുള്ള ചിത്രകല ചുവർചിത്രങ്ങളായിരുന്നു. സിറിയൻ മരുഭൂമിയിൽ ഖാലിദ് പണികഴിപ്പിച്ച ക്രീഡാഗൃഹങ്ങളായിരുന്നു അതിൽ പ്രധാനപ്പെട്ടവ. യസീദിന്റെ ഖസ്റെ അംറയുടെ ചുമരുകളും ചിത്രങ്ങളാൽ അലംകൃതമായിരുന്നു. അത് പോലെയുള്ള ചുവർചിത്രങ്ങൾ അമവിയ്യാ ഭരണത്തിനുകീഴിൽ ഇറാനിലും ഈജിപ്തിലും ഉണ്ടായിരുന്നു.

ലോകം അതുവരെ ദർശിച്ചിട്ടില്ലാത്ത ഏറ്റവും മനോഹരമായ ചിത്ര

ശാസ്ത്രജ്ഞനും മുസ്‌ലിം വിജ്ഞാനിയുമായിരുന്നു അവറോസ് (ഏ.ഡി. 1126 – 1193) എന്ന് അറിയ.പ്പെട്ടിരുന്ന ഇബ്നു റുഷ്ദ്. അരിസ്റ്റോട്ടിലിന്റെ തത്ത്വശാസ്ത്രത്തെപറ്റി ക്രിസ്ത്യൻ പണ്ഡിതനായ റോജർ ബേക്കൺ അറിയുന്നത് പൂർവ്വദേശത്ത് വസിച്ചിരുന്ന അവിസെന്ന (ഇബ്നു സീന)യിലൂടെയാണ് (4)

## ചരിത്ര രചനാശാസ്ത്രം

ചരിത്രരചനാശാസ്ത്രം എന്നാൽ ചരിത്ര വസ്തുതകൾ കാലാനുക്രമം രേഖപ്പെടുത്തുന്ന ശാസ്ത്രമാണ്. ശുദ്ധമായ തത്ത്വശാസ്ത്രജ്ഞന്മാരുടെ തൊട്ടടുത്ത ഇഷ്ടവിഷയം ചരിത്രമാണ്. മുസ്‌ലിം ചരിത്രകാരന്മാർക്കിടയിൽ മൂന്ന് നാമധേയങ്ങൾ അതുല്യമാണ്. ഒന്നാമത്തേത് അബൂ അൽ ഹസൻ അലി അൽ മസൂദിയാണ്. അദ്ദേഹമാണ് അറബികളുടെ ചരിത്രത്തിന്റെ പിതാവ്. 'അറബികളുടെ ഹെറോഡോട്ടസ്' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ചരിത്രവസ്തുതകളെ സംബന്ധിച്ച് അദ്ദേഹത്തിന് വ്യത്യസ്തമായ കാഴ്ചപ്പാടായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹമാണ് വിഷയാനുക്രമം എന്ന രീതി ആവിഷ്കരിച്ചത്. കാലാനുക്രമണ ശൈലിയായിരുന്നില്ല ചരിത്ര ക്രോഡീകരണത്തിന് അദ്ദേഹം ഉപയോഗിച്ചത്. വ്യക്തികളേയും രാജഭരണങ്ങളേയും കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹം ചരിത്രത്തെ സമീപിച്ചത്. ഉപാഖ്യാനങ്ങൾ നൽകി ചരിത്ര ശാസ്ത്രത്തെ സജീവമാക്കിയതും അദ്ദേഹമാണ്.

മറ്റു രണ്ട് ചരിത്രകാരന്മാരിൽ ഉന്നത സ്ഥാനീയനായ ഒരാൾ ഇബ്നു ഖൽദൂനാണ്. അദ്ദേഹമാണ് തന്റെ പ്രസിദ്ധമായ 'മുഖദ്ദിമ' എന്ന കൃതിയിൽ പ്രകൃതിശക്തി, കാലാവസ്ഥ, ഭൂമിശാസ്ത്രം ധാർമ്മിക ശക്തി എന്നിവ ചരിത്രത്തെ സ്വാധീനിക്കുന്ന ഘടകങ്ങളായി കണ്ട് ചരിത്രരചന നടത്തിയത്. ജനവർഗ്ഗങ്ങളുടെ പുരോഗതിയുടെയും ശിഥിലീകരണത്തിന്റേയും നിയമങ്ങൾ ആവിഷ്കരിച്ചത് അദ്ദേഹമായിരുന്നു. ജനതകളുടെ ഉത്ഥാനപതനങ്ങൾ ശാസ്ത്രീയമായി വിശദീകരിക്കുന്നത് അദ്ദേഹത്തിലാണ് നാം ആദ്യമായി ദർശിക്കുന്നത്.

'ആധുനിക ഭൗതികശാസ്ത്രങ്ങളുടെ യഥാർത്ഥ പിതാക്കളായി അറബികളെയാണ് ഗണിക്കേണ്ടത്' എന്ന്. ജോർജ് സാർട്ടൺ എന്ന ശാസ്ത്ര ചരിത്രകാരൻ മുസ്‌ലിം ശാസ്ത്ര പ്രതിഭകൾക്ക് പ്രണാമമർപ്പിച്ചുകൊണ്ട് പറഞ്ഞത് ഇപ്രകാരമാണ്: "ഏറ്റവും മൂല്യവത്തും ഏറ്റവും മൗലികവും ഏറ്റവും ആശയസമ്പുഷ്ടവുമായ രചനകൾ നടന്നത് അറബി ഭാഷയിലാണ്." 8–ാം നൂറ്റാണ്ടു മുതൽ 11ാം നൂറ്റാണ്ടു വരെ അറബിയായിരുന്നു മനുഷ്യവംശത്തിന്റെ ഏറ്റവും പുരോഗമനാത്മകമായ ശാസ്ത്രഭാഷ. അക്കാലത്ത് ഏതൊരാളും അറബിഭാഷ പഠിച്ചുകൊണ്ട് സമകാലികമായ അറിവുകൾ കരസ്ഥമാക്കുകയും അഭിജ്ഞനായിത്തീരുകയും ചെയ്യണമെന്ന് അഭിലഷിച്ചിരുന്നു. അത്തരത്തിൽപ്പെട്ട ഉജ്ജ്വല വ്യക്തിത്വത്തിനുടമകളും പാശ്ചാത്യനാടുകളിൽ അവർക്ക് തുല്യതയില്ലാത്തവരുമായ ചില പ്രതിഭാശാലികളുടെ പേരുകൾ അനുസ്മരിക്കട്ടെ, ജാബിറുബ്നു ഹയ്യാൻ, അൽകിന്ദി, അൽ ഖവാരിസ്മി, അൽറാസി, താബിത്ബ്നു ഖുറ്റാ, ഇബ്നു യൂനുസ്, അലിഇബ്നു ഈസ, ഇബ്നു സീന.... ഈ വിജ്ഞാനികളുടെ പട്ടിക ഇനിയും നീട്ടുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. മധ്യകാല യൂറോപ്പിന്റെ ധൈഷണിക ചരിത്രത്തിൽ സ്പെയിൻ പ്രകാശോജ്ജ്വലമായ ഒരദ്ധ്യായമാണ് എഴുതിച്ചേർത്തത്. ഏഴാം നൂറ്റാണ്ടിന്റെ പകുതി മുതൽ പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭം വരെ അറബി ഭാഷ സംസാരിക്കുന്ന ജനതയിലായിരുന്നു ശാസ്ത്രത്തിന്റെ മാർഗ്ഗദർശകർ' (3)

മറ്റൊരു ശാസ്ത്രചരിത്രകാരനും ഭൗതികശാസ്ത്രങ്ങളുടെ ആധികാരിക വക്താവുമായ സർ എഡ്വേർഡ് തോർപെയിൻ എഴുതുന്നു: 'യൂസുഫിന്റെയും സ്പെയിനിലെ മുസ്‌ലിം ഖലീഫമാരായ യാക്കൂബിന്റെയും ഭരണത്തിനു കീഴിലാണ് ശാസ്ത്രം തിരോഭവിക്കുന്നതിൽ നിന്നും തടയപ്പെട്ടത്. കോർഡോവാ, സാവിച്ചി, ഗ്രനഡ, ടൊലഡോ എന്നീ സ്ഥലങ്ങൾ പാശ്ചാത്യ യൂറോപ്പിലെ മുഖ്യ ശാസ്ത്ര കേന്ദ്രങ്ങളായിരുന്നു. മികവുറ്റ ഭൗതിക

കല ഇന്ത്യയിലെ മുഗൾ ഭരണകാലത്താണ് രൂപം കൊണ്ടത്. ആഗ്രയിലെ റോയൽ ലൈബ്രറിയിൽ 24,000 കയ്യെഴുത്തു പ്രതികളുണ്ടായിരുന്നു. അവയിൽ മിക്കതും ചിത്രീകരണങ്ങൾ ഉള്ളതായിരുന്നു. അവ കൂടാതെ കോട്ടകളിലും കൊട്ടാരങ്ങളിലും, ഗോപുരങ്ങളിലും വലകെട്ടാകൃതിയിൽ കൊത്തുപണികളോടുകൂടിയ മാർബിൾ ശില്പ വേലകൾ കല്ലിലെഴുതിയ കവിതകളെപ്പോലെ ചേതോഹരങ്ങളായിരുന്നു. മുഗൾ വാസ്തുശില്പകല ബൃഹത്തായ ഒരു വിഷയമാണ്. അതിലെ കുംഭഗോപുരങ്ങളുടേയും കമാനങ്ങളുടേയും നിർമ്മാണത്തിലെ രൂപപൊരുത്തം (Symmetry) പ്രത്യേകം പഠനമർഹിക്കുന്നതാണ്. ഇസ്ലാമിക വാസ്തുശില്പകലക്ക് അതിന്റേതായ നിരവധി പ്രത്യേകതകളുണ്ട്. ഒറ്റനോട്ടത്തിൽ തന്നെ ഈ എല്ലാ കെട്ടിടങ്ങളും ഇസ്ലാമികമാണ് എന്ന് അതിന്റെ പ്രാകാര ഘടന വിളിച്ചു പറയും. എം. ആർ. അഹ്മദ് മുസ്ലിം വാസ്തുശില്പികളുടെ കലാചാതുരിയെക്കുറിച്ച് എഴുതുന്നു:

കുരിശുയുദ്ധത്തോടെ ക്രിസ്ത്യൻ മുസ്ലിം വാസ്തുശില്പകലകൾ സങ്കലനത്തിന് വിധേയമായി. അത് സ്പാനിഷ് ശൈലിയായി അറിയപ്പെടുന്നു. വാസ്തവത്തിൽ സ്പാനിഷ് ഭാഷയിൽ ഇപ്പോഴും നിരവധി അറബി പദങ്ങൾ നിലനിൽക്കുന്നു. കുതിരലാട ആകൃതിയിലുള്ള ഏതൊരു കമാനത്തിനും ഇപ്പോഴും 'മൂറിഷ് ആർക്ക്' എന്നാണ് പറയുന്നത്. അത്തരത്തിലുള്ള വാസ്തുശില്പങ്ങളെ മുസ്ലിം എന്ന സവിശേഷതയോടെയാണ് പാശ്ചാത്യലോകത്ത് ഇപ്പോഴും അറിയപ്പെടുന്നത്. പതിമൂന്ന് പതിനാല് നൂറ്റാണ്ടുകളിൽ മുസ്ലിം ക്രിസ്ത്യൻ ദേശങ്ങളിൽ നിരവധി ഗംഭീരങ്ങളായ കെട്ടിടങ്ങൾ പണിതുയർത്തുകയുണ്ടായി. ഇരു സംസ്കാരങ്ങളുടെയും സ്വാധീനങ്ങൾ അവരുടെ കെട്ടിടനിർമ്മാണ കലയിൽ പ്രതിഫലിച്ചിരുന്നു. പാശ്ചാത്യനാടുകൾ മുസ്ലിം വാസ്തുശില്പ കലയുടെ ശൈലി സ്വീകരിക്കുകയും അർദ്ധകുംഭങ്ങളും, കമാനങ്ങളും പെയിന്റിങ്ങും കൊണ്ട് അവ അലങ്കരിക്കുകയും ചെയ്തു. അഴികളെക്കൊണ്ടും പ്ലെയിറ്റുകളെക്കൊണ്ടുമുള്ള ചിത്രപ്പണികളാൽ അവ മനോഹരമാക്കിയിരുന്നു. പുറമേ നിന്നാൽ കാണാൻ പറ്റാത്ത ഗോപുരകവാടത്തിന്റെ തൂണുകളിൽ സ്ഥാപിച്ച അഴികളും കോട്ടമതിലിലെ ചിത്രപ്പണികളുള്ള ദ്വാരങ്ങളും, ലോഹഗ്രില്ലുകളും, വളരെ രൂപപ്പൊരുത്തത്തോടെ നിർമ്മിച്ചിരിക്കുന്നു. മറ്റു പല മഹത്തരങ്ങളായ ശില്പവേലകളും വാസ്തുശില്പകലയിൽ അവർ സന്നിവേശിപ്പിച്ചിരിക്കുന്നു.(5)

## വാഗ്മിത്വവും സംഗീതവും

ഇസ്ലാം മതത്തിന്റെ ആവിർഭാവ കാലം മുതൽ പള്ളി പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളുടേയും, ചർച്ചകളുടെയും നിർദ്ദേശങ്ങളുടേയും കേന്ദ്രമായിരുന്നു. പള്ളിയിലെ മിംബറുകളിൽ നിന്നുള്ള ഈ പ്രസംഗങ്ങൾ ഒരു സാഹിത്യകലയായി രൂപാന്തരം പ്രാപിച്ചു. അക്കാലത്ത് അത് വളർന്ന് പുഷ്കലമായി ത്തീർന്നു. വരമൊഴിയേക്കാൾ കൂടുതലായി വാമൊഴിയിലായിരുന്നു അവ പ്രകടിതമായത്. ഫിലിപ്പ് ഹിറ്റിയെത്തന്നെ നമുക്ക് ഉദ്ധരിക്കാം. പൊതു പ്രസംഗങ്ങൾ ഉമയാദുകളുടെ ഒരു ഐതിഹാസിക കലാരൂപമായിരുന്നുവെന്ന് ഹിറ്റി പറയുന്നു

ഖത്തീബുമാർക്ക് വെള്ളിയാഴ്ചകളിലെ ഉച്ചസമയപ്രാർത്ഥനകളിലെ പ്രസംഗങ്ങൾ ഒരു ഉപകരണമായിരുന്നു. പട്ടാള ജനറൽമാർ സൈനികരിൽ ആവേശം ഉണ്ടാക്കാൻ ഈ പ്രഭാഷകരെയായിരുന്നു ആശ്രയിച്ചിരുന്നത്. സംസ്ഥാന ഗവർണർമാർ അവരുടെ പ്രജകളിൽ രാജ്യസ്നേഹം സൃഷ്ടിക്കാൻ ഈ വെള്ളിയാഴ്ച ജുമാ നമസ്കാരത്തിലെ പ്രാസംഗികരെ (ഖത്തീബുമാരെ)യായിരുന്നു ആശ്രയിച്ചിരുന്നത്. അത്യുന്നതമായ ധാർമ്മികബോധം ഉളവാക്കുന്ന അലിയുടെ പ്രാസബദ്ധവും ജ്ഞാനനിർഭരവുമായ പ്രസംഗങ്ങളും, ഖലീഫ ഉമറുബ്നു അബ്ദുൽ അസീസിന്റെ സാന്നിദ്ധ്യത്തിൽ പ്രസംഗം നടത്തിയിരുന്ന സൂഫിവര്യനായ ഹസനുൽ ബസരിയുടെ പ്രഭാഷണവും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സിയാദുബ്നു അറബിയുടെ സൈനിക പ്രഭാഷണങ്ങൾ, തീപ്പൊരി പ്രസംഗം നടത്തുന്ന അൽ ഹജ്ജാജ് മുതലായ ഇസ്ലാമിന്റെ ആദ്യകാല പ്രഭാഷകരുടെ ജ്ഞാന സംപുഷ്ടമായ പ്രഭാഷണങ്ങൾ നമുക്ക് കൈമാറിക്കിട്ടിയ സമ്പത്തുകളാണ് (6).

ഇസ്ലാമിന്റെ ആദ്യകാല ചരിത്രം യുദ്ധങ്ങളും സമരങ്ങളും പരീക്ഷണങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നു. ഓരോ സമരഭടനും ഓരോ പ്രഭാഷകനായിരുന്നു. ഓരോ പ്രഭാഷകനും ഓരോസമരഭടനുമായിരുന്നു. പട്ടാളത്തിൽ ആളെ ചേർക്കുന്ന അവസരത്തിൽ പട്ടാളക്കാരുടെ പ്രഭാഷണങ്ങൾ സ്ത്രീകളടക്കം ആയിരക്കണക്കിന് ആളുകളെ ആവേശഭരിതരാക്കുകയും പട്ടാളത്തിൽ അണിചേരാൻ സന്നദ്ധരാവുകയും ചെയ്യുമായിരുന്നു. അങ്ങനെ നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള ആളുകളെയെല്ലാം സൈന്യത്തിൽ അണിനിരത്താൻ അക്കാലത്തെ പ്രഭാഷകർക്ക് കഴിഞ്ഞിരുന്നു.

സംഗീതത്തിന്റെ കാര്യവും അതുപോലെയാണ്. അൽഫറാളി മഹാനായ ഒരു സംഗീതപ്രേമിയും സംഗീതത്തിന്റെ സൈദ്ധാന്തികനുമായിരുന്നു. 'കിതാബുൽ മൗസിക്ക് അൽകബീർ' എന്ന ഫറാബിയുടെ പുസ്തകം പതിനേഴാം നൂറ്റാണ്ടു വരെ സംഗീതവിഷയത്തിൽ ചോദ്യം ചെയ്യപ്പെടാത്ത ഒരു ആധികാരിക ഗ്രന്ഥമായിരുന്നു. പക്ഷേ ഇതിൽ നിന്നും ഇസ്ലാമിന്റെ ആദ്യകാലത്ത് സംഗീതം പ്രൊഫഷനായി സ്വീകരിച്ചവർ ഉണ്ടായിരുന്നു എന്ന് ധരിക്കരുത്. സാഹിത്യത്തിന് ഒരു ഉപസേവക കലയായിട്ടും അനുബന്ധ കലയായിട്ടുമാണ് സംഗീതത്തെ കണ്ടിരുന്നത്. ഇന്ന് സുകുമാരകലകൾ കൂടുതൽ വിശേഷവത്കരിക്കപ്പെട്ടു ഒരു സ്വതന്ത്ര ശാഖയായി മാറിയിട്ടുണ്ട്. ഇസ്ലാമിന്റെ ആദ്യകാലങ്ങളിൽ മതജീവിതവുമായി പൊരുത്തപ്പെട്ട നിലയിലായിരുന്നു സംഗീതമുണ്ടായിരുന്നത്. വിശുദ്ധ ഖുർആൻ സ്വയം തന്നെ താളബദ്ധമാണ്. അത് ഉറക്കെ പാരായണം ചെയ്യുമ്പോൾ കർണാനന്ദകരവും

സംഗീത സാന്ദ്രവുമായ സ്വരമേളനം (Symphony) സൃഷ്ടിക്കപ്പെടുന്നു.

## സംസ്കാരത്തേയും സഹിഷ്ണുതയേയും പറ്റിയുള്ള നമ്മുടെ ആശയങ്ങൾ

സംസ്കാരം എന്നത് മനസ്സിന്റെ സംസ്കരണമാണ്. ചിലർ കരുതുന്നത് പോലെ ഒരുവ്യക്തിയുടെ മാനസികഭാവമല്ല അത്. മഹത്തായ ചില വിശ്വമാനവീയ മൂല്യങ്ങൾ സാക്ഷാൽക്കരിക്കാൻ മനുഷ്യസമൂഹത്തിന്റെയാകമാനമുള്ള സംസ്കരണമാണ് അത് അർത്ഥമാക്കുന്നത്. ഇസ്ലാമിക സംസ്കാരത്തെക്കുറിച്ച് മാർമഡ്യൂക്ക് പിക്ത്താളിനെ നമുക്ക് ഉദ്ധരിക്കാം:

എത്ര വലിയ യുദ്ധവിജയങ്ങളായാലും അത് ഇസ് ലാമിന്റെ നേട്ടമായി ചിത്രീകരിക്കാൻ സാധ്യമല്ല. ഇസ്ലാമിന് വളരെ വിശാലമായ ലക്ഷ്യങ്ങളും മഹത്തായ വീക്ഷണങ്ങളുമാണുള്ളത്. അതിന്റെ ലക്ഷ്യം വിശ്വസാഹോദര്യത്തിൽ കുറഞ്ഞ ഒന്നുമല്ല.... ശാസ്ത്രം, സാഹിത്യം, കല മുതലായ രംഗങ്ങളിലെല്ലാമുള്ള ഇസ്ലാമിന്റെ പ്രവർത്തനങ്ങൾ ഒരേയൊരു ലക്ഷ്യത്തിന് വേണ്ടി സഹായകമായ കാര്യങ്ങളായിരുന്നു. അതിൽ ചിലത് നല്ല കവിതകളാണ്, ചിലത് വാസ്തുശില്പങ്ങളാണ്. ഈ എല്ലാ വൈജ്ഞാനിക, സാഹിത്യ, കലാ, പ്രവർത്തനങ്ങളിലും ഒരേയൊരു നേതാവിനെയായിരുന്നു തിരിച്ചറിഞ്ഞിരുന്നത്. ഒരേയൊരു മാർഗ്ഗദർശനമായിരുന്നു സ്വീകരിച്ചത്. ഒരേയൊരു ലക്ഷ്യമായിരുന്നു അവക്കെല്ലാമുണ്ടായിരുന്നത്. നേതാവ് പ്രവാചകനും മാർഗ്ഗദർശനം ഖുർആനും, ലക്ഷ്യം അല്ലാഹുവുമായിരുന്നു. (8)

ഇസ്ലാം മനുഷ്യസമൂഹത്തിന്റെ അത്യുജ്ജ്വല ഭാവി മുൻകൂട്ടി കാണുകയുണ്ടായി. ദൈവസേവനത്തിനു മുന്നിൽ തന്റെ ജീവിതം ഒരു മുസൽമാന് വളരെ നിസ്സാരമായിരുന്നു. മറ്റൊന്നിനുവേണ്ടിയും അവന്റെ ജീവിതം സമർപ്പിക്കപ്പെട്ടിരുന്നില്ല. വിശ്വജഗത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന ആ ഒരേയൊരു ശക്തിയിൽ അവൻ സ്വയം സമർപ്പിതനായിരുന്നു. ആ ശക്തിയുടെ കഴിവിൽ ആരെയും മുസ്ലിംകൾ പങ്കാളികളാക്കുന്നില്ല. ഇസ്ലാമികമായ ആദർശവാദത്തിന്റെ അടിത്തറ ഇതാണ്. ഒരു മുസൽമാന്റെ സാംസ്കാരിക വീക്ഷണം എല്ലാ ഭൗതികാസ്തിത്വങ്ങളേയും അതിവർത്തിച്ചു നിൽക്കാൻ കാരണമിതാണ്. അതേസമയം അത് മനുഷ്യന്റെ ഭൗതിക ക്ഷേമത്തേയും ലക്ഷ്യമാക്കുന്നു. വാസ്തവത്തിൽ ഈയൊരു വസ്തുതയാണ് ഈയ്യടുത്തകാലം മുതൽ പാശ്ചാത്യസംസ്കാരത്തേയും സ്വാധീനിക്കാൻ തുടങ്ങിയത്.

സാഹോദര്യത്തിന് ഇസ്ലാം കല്പിക്കുന്നത് പോലെയുള്ളത്ര പ്രാധാന്യം മറ്റൊരു മതവും നൽകുന്നില്ല. സാഹോദര്യവും സമത്വവുമാണ് ഇസ്ലാമിന്റെ സാമൂഹികമായ അടിസ്ഥാന സന്ദേശം. ഇസ്ലാം മതത്തിന്റെ ഈ ആദർശസങ്കല്പത്തിന്റെ സാരം സഹിഷ്ണുതയിലാണ് നിലകൊള്ളുന്നത്. ചരിത്രം ഇതിനു സാക്ഷിയാണ്. കഴിഞ്ഞ കാലത്ത് മുസ്ലികൾ ഭരണം നടത്തിയ സ്ഥലങ്ങളിലും ഭരണമില്ലാത്ത സ്ഥലങ്ങളിലും അവരുടെ ആരാധനാലയങ്ങൾ എല്ലാ മതവിഭാഗങ്ങൾക്കും വേണ്ടി തുറന്നു വെച്ചതായിരുന്നു. സഹിഷ്ണുതയും നീതിബോധവുമായിരുന്നു ഇസ്ലാം മതത്തിന്റെ സന്ദേശം. ഖുർആൻ പറയുന്നു: ഒരു ജനതയോടുള്ള വെറുപ്പ് അവരോട് അതിക്രമം പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ (5:3).

ഖുർആന്റെ ഈയൊരു അനുജ്ഞ കാരണം മുസ്ലിംകളോട് ക്രൂരമായി അതിക്രമം കാട്ടിയവരോടും കുറ്റം ചെയ്തവരോടു പോലും അവർ പ്രതികാരം കാട്ടിയില്ല. അതിനുപകരം വിശ്വസ്നേഹപരമായ മനോഭാവത്തോടെയായിരുന്നു അവർ വർത്തിച്ചത്. ഇസ്ലാം നിയമവാഴ്ചയോടും നിയമത്തെ അനുസരിക്കുന്നതിനോടും പ്രതിബദ്ധത പുലർത്തുന്നു. രാഷ്ട്രനിയമങ്ങളും, ദൈവനിയമങ്ങളും മനുഷ്യമനസ്സിനെ കൂടുതൽ ഉദാരമാക്കുന്നു. മർദ്ദിക്കപ്പെട്ടവരോടും ദുഃഖിതരോടും ഇസ്ലാം അനുഭാവം കാട്ടുന്നു. ശാശ്വത നന്മയുടെ വിത്ത് അതിലാണ് കുടികൊള്ളുന്നതെന്ന് ഇസ്ലാം അതിന്റെ അനുയായികളെ പഠിപ്പിക്കുന്നു. ഇസ്ലാമിലെ കല ഇസ്ലാമിക സംസ്കാരത്തിന്റെ മുദ്രയാണ്. അത് മനുഷ്യനെ ദൈവോന്മുഖനും കൂടുതൽ ഉദാത്തനുമാക്കിത്തീർക്കുന്നു.


1. Philip K. Hitty. History of Arabs.
2. Kosmos Vol. II
3. Philip K. HItty - History of Arabs P. 557.
4. A History of Chemistry P. 20
5. Glories of Islam P. 67
6. History of Arabs P. 249
7. Islamic Culture P. 2.
8. Mamaduque Pickthal - 'The meaning of Quran'.


■

## ആഘോഷവേളകളിലെ ആഹ്ലാദ പ്രകടനം

ഹദ്റത്ത് ആയിശ(റ)യിൽ നിന്നു നിവേദനം : "ഒരു ഈദ് ദിവസം എന്റെ വീട്ടിൽ രണ്ടു അൻസാർ പെൺകുട്ടികൾ ബുആസ് യുദ്ധത്തിന്റെ പാട്ടുപാടുകയായിരുന്നു. അവർ പതിവ് പാട്ടുകാരായിരുന്നില്ല. തദവസരം ഹദ്റത്ത് അബൂബക്കർ ഞങ്ങളെ സന്ദർശിക്കാൻ ഇടയായി. അദ്ദേഹം അത്ഭുതപ്പെട്ടു. ഇതെന്ത്! പ്രവാചകന്റെ ഭവനത്തിൽ പിശാചിന്റെ പാട്ടുകളോ? അപ്പോൾ റസൂൽ തിമേനി (സ) അദ്ദേഹത്തോട് പറഞ്ഞു: 'എല്ലാ സമുദായങ്ങൾക്കും അവരുടെ ആഘോഷ ദിവസങ്ങളുണ്ട്. ഇത് നമ്മുടെ പെരുന്നാളാണ് (ബുഖാരി)

ലേഖനം

# ധാർമ്മിക വ്യതിയാനങ്ങളും ലൈംഗിക അരാജകത്വവും

കെ.പി. അഹ്മദ്

**ദോഷപ്രവണമായ ആത്മാവ് തന്നെയാണ് ആധുനിക മനശ്ശാസ്ത്രം പറയുന്ന നിലതെറ്റിയ രതിവൈകൃതങ്ങളുടെ അപകൃഷ്ട സ്രോതസ്സ്.**

മൃഗതുല്യമായ സ്വഭാവ വൈകൃതങ്ങളിലൂടെ സമൂഹത്തെ ഞെട്ടിക്കുകയും ഭയചകിതരാക്കുകയും ചെയ്യുന്ന ധാർമ്മിക വ്യതിയാനങ്ങളുടെ ഒട്ടേറെ സംഭവങ്ങൾ നാം ശ്രവിച്ചു കാണും! പാശ്ചാത്യനാടുകളിൽ സാധാരണവും മറ്റു രാജ്യങ്ങളിൽ താരതമ്യേന കുറഞ്ഞും കാണപ്പെടുന്ന മയക്കുമരുന്നിന്റെ അപകടകരമായ പ്രത്യാഘാതങ്ങളിലും, സെക്സിന്റെ അതിപ്രസരത്തിലും രൂപംകൊള്ളുന്ന ജുഗുപ്സാവഹമായ സ്വഭാവവൈകല്യങ്ങളും, നശീകരണപ്രവണതകളും, അമ്പരപ്പിക്കുന്ന കൊലപാതകങ്ങളും മനോവിജ്ഞാനീയത്തിന്റെ ആഴക്കടലിൽ മുങ്ങിത്തപ്പുന്ന മനഃശാസ്ത്രവിശാരദന്മാർക്കു പോലും പിടികിട്ടാത്ത പ്രതിഭാസമായിട്ടാണ് അവശേഷിക്കുന്നത്! ഇവിടെയാണ് 'ദോഷപ്രവണമായ ആത്മാവി'നെ കുറിച്ച് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഖുർആൻ സൂക്തങ്ങളുദ്ധരിച്ചുകൊണ്ട് വ്യാഖ്യാനിച്ച തത്വരഹസ്യങ്ങൾ ശ്രദ്ധേയമാവുന്നത്.

''നഫ്സ് അമ്മാറ എന്നാൽ മനുഷ്യനെ അവന്റെ പരിപൂർണ്ണതക്കും ധാർമ്മികോൽക്കർഷത്തിനും ഹാനികരമായ തിന്മയിലേക്ക് പ്രേരിപ്പിക്കുകയും അഹിതവും ദോഷകലുഷിതവുമായ മാർഗ്ഗങ്ങളിൽ അവനെ ചലിപ്പിക്കുകയും ചെയ്യുന്ന സ്വഭാവമുള്ള ആത്മാവാകുന്നു." (വി.ഖു. 12:54)

മേലുദ്ധരിച്ച ഖുർആൻ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ് (അ) പറയുന്നു.

''ചുരുക്കത്തിൽ അമിതത്വത്തിലേക്കും തിന്മയിലേക്കും പ്രേരിപ്പിക്കുന്ന ഈ സ്വഭാവം മനുഷ്യസാധാരണമാണ്. ധാർമ്മികാവസ്ഥ രൂപപ്പെടുന്നതിനു മുമ്പേ മനുഷ്യനിൽ മികച്ചുകാണാവുന്നതാണ് ഈ വൈകാരികാവസ്ഥ. വിവേകബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശത്തിൽ നടക്കാതെ കേവലം ജന്തുക്കളെപ്പോലെ അശനപാനങ്ങൾ, നിദ്രാജാഗരങ്ങൾ, കോപതാപങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ വികാരധീനരായി വർത്തിക്കുന്നേടത്തോളം അവനിൽ ഈ ശാരീരികാവസ്ഥ പ്രകടമായിരിക്കുന്നതാണ്." (ഇസ്ലാം മതതത്വജ്ഞാനം പേജ് 25).

ഈ വ്യാഖ്യാനത്തിൽ വെളിപ്പെടുത്തുന്ന ജ്ഞാനത്തിന്റെയും വിവേകബുദ്ധിയുടെയും അഭാവവും, കേവലം ജന്തുക്കളെ അനുസ്മരിപ്പിക്കുന്ന ഭക്ഷ്യ-പാനീയ ആഹാരക്രമവും, നേരമോ കാലമോ നോക്കാതെ താളം തെറ്റിയ ഉറക്കവും, ആലസ്യത്തെ ആലിംഗനം ചെയ്തുകൊണ്ടുള്ള ഉണർച്ചയും, കോപപ്രകടനങ്ങളുടെ വൈകാരിക തീക്ഷ്ണതയും നേരത്തേ സ്വഭാവത്തിൽ അലിഞ്ഞുചേർന്നുപോയ ഒരു മനുഷ്യനെ സംബന്ധിച്ചേടത്തോളം ഇതോടൊപ്പം മയമക്കുമരുന്ന് സേവയും, സെക്സിന്റെ കെട്ടടങ്ങാത്ത മാംസദാഹവും കൂടിവന്നു ചേർന്നാൽ പിന്നീടുള്ള അയാളുടെ മനോവിഭ്രാന്തികൾ ഊഹിക്കാവുന്നതേയുള്ളൂ! ലക്ഷ്യമില്ലാതെ ഒഴുകുന്ന നൌകക്ക് ഒരു തള്ളും കൂടി കൊടുത്താൽ ഉണ്ടാകുന്ന ആപൽക്കരമായ കുതിപ്പിലേക്കായിരിക്കും അത് വഴിയൊരുക്കുന്നത്.

സംഭ്രമജനകവും ജുഗുപ്സാവഹവുമായ സ്വഭാവവൈകൃതങ്ങൾ രൂപംകൊള്ളുന്നത് പക്വതയാർജ്ജിക്കാത്ത മനസ്സിന്റെ വിഹ്വലതകളും മയക്കുമരുന്നിന്റെ ദുസ്വാധീനവുമാണെന്ന് മനഃശാസ്ത്രവിദഗ്ധന്മാർ വിലയിരുത്തുന്നു. ഉദാഹരണമായി മറ്റുള്ളവരുടെ വേദനയിൽ ആനന്ദം കണ്ടെത്തുന്ന 'സാഡി

*(ശേഷം 28 -ാം പേജിൽ)*

ജൂത ജനതയുടെ ചരിത്രം - 2.

# മദ്ധ്യകാലവും യഹൂദപീഢനങ്ങളും

എ. എം. മുഹമ്മദ് സലീം

**അഞ്ചുമുതൽ പതിനേഴു നൂറ്റാണ്ടുകൾ വരെ ക്രിസ്തു സഭക്ക് പ്രാബല്യമുണ്ടായിരുന്ന യൂറോപ്പിൽ യഹൂദികൾക്കെതിരെ നടന്ന അത്യാചാരങ്ങൾക്കും അതിക്രമങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല.**

**"തീർച്ചയായും പുനരുത്ഥാന നാൾ വരേക്കും അവരുടെ മേൽ കഠിന മർദ്ദനങ്ങൾ ഏല്പിക്കുന്നവരെ ഞാൻ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം (3:115). അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉള്ള (സംരക്ഷണ) ഉടമ്പടി മുഖേനയല്ലാതെ (അവർക്ക് ഈ മർദ്ദനത്തിൽ നിന്നും മോചനമില്ല). അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായമായ നിലയിൽ കൊല്ലുവാൻ ശ്രമിക്കുകയും ചെയ്യുന്നവരായിരുന്നുവെന്നതാണ് അതിനുകാരണം. ഇത് അവർ ധിക്കരിക്കുകയും അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തതുകൊണ്ടായിരുന്നു". (3:113).**

മദ്ധ്യകാലഘട്ടം മുതൽ ആധുനിക കാലം വരെയുള്ള യൂറോപ്യൻ ചരിത്രത്തിലുടനീളം ക്രിസ്തുമതമേധാവിത്വം പ്രകടമായിരുന്നു. ചോദ്യം ചെയ്യാനാവാത്ത പരമാധികാരം കൈയ്യാളിയിരുന്ന ക്രിസ്തുസഭയുടെ കീഴിൽ യൂറോപ്പിലെ ധൈഷണികജീവിതം നിശ്ചേതനമായിരുന്നു. അസഹിഷ്ണുതയുടേയും മർദ്ദനത്തിന്റേയും ഫലമായി മാനവീയതയുടെ മരുപ്പറമ്പായി മാറിയ യൂറോപ്പിൽ നിന്നും ഉയർന്ന ഏറ്റവും വലിയ ദീനരോദനങ്ങൾ യഹൂദരുടേതായിരുന്നു. തങ്ങളുടെ മസീഹിനെ ക്രൂശിച്ചവരുടെ തലമുറ എന്ന നിലക്ക് യഹൂദികളോട് ക്രിസ്ത്യാനികൾ കാട്ടിയ അത്യാചാരങ്ങൾക്കും പീഡനങ്ങൾക്കും ചരിത്രത്തിൽ സമാനതകളില്ല. കഴിഞ്ഞ നാലായിരം വർഷമായി യഹൂദ ചരിത്രത്തിലുടനീളം ശപ്തമായ നിയോഗം കണക്കെ ആ ജനതയെ നിഴൽപോലെ പിന്തുടർന്ന ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും പൊരുൾ മേലുദ്ധരിച്ച ഖുർആൻ വചനത്തിൽ അടങ്ങിയിരിക്കുന്നു. അല്ലാഹു അയച്ച പരിശുദ്ധാത്മക്കളായ പ്രവാചകന്മാർക്കെതിരെ വധശ്രമം നടത്തുക, കരാറുകൾ ലംഘിക്കുക, വിശ്വാസവഞ്ചന നടത്തുക, യുദ്ധമുണ്ടാക്കാൻ ശ്രമിക്കുക, പലിശ വ്യാപാരം നടത്തുക മുതലായ നിരവധി തിന്മകളുടെ പാരമ്പര്യങ്ങൾക്ക് അർഹിക്കുന്ന പ്രതിഫലമായി വി. ഖുർആൻ ഇതിനെ കാണുന്നു.

### അശ്കിനാസിയും സെഫാർദും

**'നാം അവരെ ഭൂമിയിൽ വിവിധ ജനതകളായി പിരിച്ച് വ്യാപിപ്പിച്ചു' (വി.ഖുർആൻ 7:169).**

നൂറ്റാണ്ടുകളായി തുടർന്നുവന്ന യഹൂദികളുടെ ചിതറിത്തെറിക്കലിന്റെ (Diaspora) ഫലമായി വിവിധ നാടുകളിൽ അവർ കുടിയേറിപ്പാർക്കുകയുണ്ടായി. തദ്ദേശീയമായ സംസ്കാരങ്ങളുടെ സ്വാധീനം യഹൂദരിൽ പ്രകടമാവുകയും ചെയ്തു. അതിന്റെ ഫലമായി ഇന്ന് ലോകത്ത് കാണുന്ന യഹൂദജനത അശ്കിനാസികൾ സെഫാർദുകൾ എന്നീ മുഖ്യമായ രണ്ട് ഗ്രൂപ്പുകളായി പിരിഞ്ഞു. അഞ്ചുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള മദ്ധ്യകാലഘട്ടങ്ങളിലാണ് ഈ വിഭജനം കൂടുതൽ പ്രകടമായത്. സ്പെയിൻ ഒഴികെയുള്ള യൂറോപ്പ്, അമേരിക്ക, റഷ്യ, എന്നീ രാജ്യങ്ങളിൽ വസിച്ചവരാണ് അശ്കിനാസികൾ. ഇന്ന് കാണുന്ന യഹൂദജനതയിൽ ബഹുഭൂരിപക്ഷവും അശ്കിനാസി ജൂതന്മാരാണ്. ജർമ്മനിയായിരുന്നു ഇവരുടെ കേന്ദ്രം. പീഢിതമായ സാഹചര്യത്തിൽ കഴിഞ്ഞിരുന്ന അശ്കിനാസികൾ മദ്ധ്യകാലഘട്ടങ്ങളിൽ ക്രൈസ്തവയൂറോപ്പിൽ ജീവൻ നിലനിർത്താനുള്ള വെപ്രാളത്തിലായിരുന്നു. അതുമൂലം അവരിൽ കലയും, സംസ്കാരവും തത്ത്വചിന്തയും തളിരിട്ടില്ല. പിന്നീട് ജർമ്മനിയിൽ നാസികൾ വധിച്ച 60 ലക്ഷവും റഷ്യൻ രാജാക്കന്മാർ വധിച്ച 30 ലക്ഷവും മറ്റു കൂട്ടകൊ

**ആന്റിസെമിറ്റിസം, പോഗ്രാം, ഇൻക്വിസിഷൻ എന്നീ പേരുകളിൽ യൂറോപ്പിൽ അരങ്ങേറിയ യഹൂദരുടെ കൂട്ടകശാപ്പുകൾ ചരിത്രത്തെ കിടിലം കൊള്ളിക്കുന്നതാണ്.**

ലകൾക്കിരയായവരിൽ ഭൂരിപക്ഷവും അശ്കിനാസി യഹൂദികളായിരുന്നു. സെഫാർദ് ജൂതന്മാർ സ്പെയിനിൽ മുസ്‌ലിംകൾക്കൊപ്പം വസിച്ചവരും മദ്ധ്യപൗരസ്ത്യദേശത്തെ യഹൂദരുമാണ്. അശ്കിനാസികളേക്കാൾ സാംസ്കാരികമായും സാമൂഹികമായും വളരെ ഉയർന്നവരും വളരെയേറെ സ്വാതന്ത്ര്യം അനുഭവിച്ചവരുമായിരുന്നു മുസ്‌ലിം സ്പെയിനിലെ സെഫാർദ് ജൂതന്മാർ. യൂറോപ്പിൽ സ്വാതന്ത്ര്യം അനുഭവിച്ച ഒരേയൊരു രാജ്യം സെഫാർദുകൾ അധിവസിച്ചിരുന്ന മുസ്‌ലിം സ്പെയിൻ ആയിരുന്നു. ശാസ്ത്രം, കല, സാഹിത്യം എന്നീ രംഗങ്ങളിൽ വളരെയേറെ പുരോഗതി കൈവരിച്ച സെഫാർദുകൾ സ്പെയിനിലെ പ്രഫുല്ലമായ മുസ്‌ലിം സംസ്കാരത്തോടൊപ്പം ഹീബ്രുഭാഷയെ പരിപോഷിപ്പിക്കാനും അവസരം ലഭിച്ചു. വിശ്വസാഹിത്യത്തിലും തത്ത്വശാസ്ത്രത്തിനും ശാസ്ത്രത്തിനും സ്പെയിനിലെ ജൂതന്മാരുടെ സംഭാവനകൾ സുപ്രധാനങ്ങളായിരുന്നു. വാസ്തവത്തിൽ യൂറോപ്പിലെ യഹൂദികളുടെ ചരിത്രം സ്പെയിനിലെ യഹൂദികളുടെ ചരിത്രമായിരുന്നു. സ്പെയിനിൽ മുസ്‌ലിം ഭരണം അവസാനിക്കുകയും ക്രിസ്ത്യാനികൾ അധികാരം കൈയ്യേൽക്കുകയും ചെയ്തതോടെ യഹൂദികളുടെ സുവർണ്ണകാലവും അസ്തമിച്ചു. (7)

ആധുനികകാലത്ത് എണ്ണത്തിൽ കൂടുതലുള്ള അശ്കിനാസികളായിരുന്നു ഇസ്രയേൽ രൂപീകരിക്കാൻ മുൻകൈയ്യെടുത്തത് എന്ന് സാന്ദർഭികമായിപ്പറയട്ടെ. പ്രത്യേകിച്ച് അമേരിക്കയിലെ ധനികരായ അശ്കിനാസികൾ. എങ്കിലും സെഫാർദിന്റെ എബ്രായ ഭാഷയാണ് ഇസ്രയേലിന്റെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ചത്. അശ്കിനാസിന്റെ 'യിദ്ദിശ്' ഭാഷക്ക് ഇസ്രായേലിൽ രണ്ടാം സ്ഥാനമാണ് ലഭിച്ചത്. സെഫാർദിന്റെ സാംസ്കാരികവും, ധിഷണാപരവുമായ യഹൂദത്തനിമയും അശ്കിനാസികളുടെ മേധാവിത്വവും ഇത് സൂചിപ്പിക്കുന്നു. അശ്കിനാസികളും സെഫാർദും തമ്മിലുള്ള വിവേചനം ഇസ്രയേലിൽ ഇന്നും പ്രകടമാണ്. അശ്കിനാസിനെ കേന്ദ്രീകരിച്ചു വളർന്ന സിയോണിസ്റ്റ് പ്രസ്ഥാനം ജൂതന്മാരെ യൂറോപ്പിൽ നിന്നും റഷ്യയിൽ നിന്നും ഇസ്രായേലിൽ ഇറക്കുമതി ചെയ്ത് അശ്കിനാസി മേധാവിത്വം ഉറപ്പിക്കാൻ എപ്പോഴും ശ്രമിക്കാറുണ്ട്.

## മദ്ധ്യകാലഘട്ടം

മദ്ധ്യകാലഘട്ടം മുതൽ അതായത് 5 മുതൽ 17ാം നൂറ്റാണ്ടുവരെ യഹൂദമർദ്ദനത്തിന്റെ ആവൃത്തി വമ്പിച്ച തോതിൽ വർദ്ധിക്കുകയുണ്ടായി. ആന്റിസെമിറ്റിസം, പോഗ്രാം, ഇൻക്വിസിഷൻ എന്നീ പേരുകളിൽ യൂറോപ്പിൽ അരങ്ങേറിയ യഹൂദരുടെ കൂട്ടകശാപ്പുകൾ ചരിത്രത്തെ കിടിലം കൊള്ളിക്കുന്നതാണ്. അതിനുശേഷം കഴിഞ്ഞ നൂറ്റാണ്ടുകളിലും അതിന്റെ ആവർത്തനമുണ്ടായി. യൂറോപ്പിലെ യഹൂദരുടെ ദൈന്യത വിവരിക്കാൻ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ച് 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ (Freedom at Midnight) എന്ന കൃതി രചിച്ച ലാറി കോളിൻസ് ഡൊമിനിക്ക് പാപിയർ എന്നിവർ ചേർന്നെഴുതിയ 'ഓ ജെറുസെലേം' (O! Jeruselm) എന്ന കൃതിയിൽ നിന്നും ഉദ്ധരിക്കാം.

"ചിതറിത്തെറിക്കലിനു (Diaspora) ശേഷം അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഢനമെന്ന ശാപം അവരുടെ അഭ്യർത്ഥനയെ ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരേയുള്ള പീഢനം ഉയന്നുവന്നത്. മതപരിവർത്തന സംരംഭങ്ങളുടെ തീക്ഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവ്വസൂരികളായ യഹൂദരുടെ മതം മാറ്റത്തിന് ക്രിസ്ത്യാനികൾ പ്രത്യേകം ഊന്നൽ നൽകി. റോമിലെ തിയോഡോഷ്യസ് II ഇതിന് നിയമപരമായ പ്രോത്സാഹനം നൽകി. യഹൂദന്മാർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചനനയം (Spiritual Apparthied) നടപ്പാക്കുകയും ചെയ്തു.

ഗോളിൻ ഫ്രാൻസിലെ രാജാവ് ഡഗോബർട്ട് അവരെ ആട്ടിയോടിച്ചു. സ്പെയിനിലെ വിസിഗോത്തുകൾ ജൂതമക്കളെ പിടിച്ചെടുത്തു മതപരിവർത്തനം ചെയ്യിപ്പിച്ചു. ബൈസന്റയിനിലെ ഹിറാക്ലിയസ് ജൂതമതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിച്ചൽ അപ്പാർത്തീഡ് വ്യവസ്ഥാപിതമായ യഹൂദവേട്ടയായിതീർന്നു. ദൈവം അതാഗ്രഹിക്കുന്നു Deus Vault (God wills it) എന്ന് പറഞ്ഞ് കൂട്ടഹത്യകൾ അരങ്ങേറി. ജറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശ് യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡ് I ഫ്രാൻസിലെ ഫിലിപ്സും യഹൂദരുടെ സ്വത്ത് കണ്ട് കെട്ടി സ്വന്തം രാജ്യത്ത് നിന്നും പുറത്താക്കി.

മിക്കവാറും എല്ലാ ക്രിസ്ത്രീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചു. മതപരമായി സംഘടിപ്പിക്കപ്പെട്ട മദ്ധ്യകാലഘട്ടത്തിലെ കൈത്തൊഴിൽ, വിപണനമേഖലകളിൽ ജൂതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തുസഭ നിരോധിച്ചു. ജൂതന്മാർക്കിടയിൽ താമസിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചില്ല. 1215-ൽ ചേർന്ന സഭാ കൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഗ്ഗമാണെന്ന് വിളംബരപ്പെടുത്തുകയും അവരെ തിരിച്ചറിയാൻ ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ മോസസിന് ലഭിച്ച പത്ത് കല്പനകൾ

ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു. ഫ്രാൻസിലും ജർമ്മനിയിലും അത് മഞ്ഞനിറത്തിലുള്ള 'O' ചിഹ്നമായിരുന്നു.

പ്ലേഗ്, ദുർമ്മരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തിവലയും ക്രിസ്ത്യാനികളുടെ കുടൽമാലയും ഉപയോഗിച്ചുണ്ടാക്കിയ ചൂർണ്ണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹൂദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചുകൊണ്ട് ജൂതപീഡനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ കീഴിലുണ്ടായിരുന്ന സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടില്ല. സ്പെയിനിൽ അവർ അഭിവൃദ്ധിപ്പെട്ടു അവർ അവിടെ നിന്നും ചിതറിത്തെറിച്ചില്ല. 1492-ൽ സ്പെയിനിൽ ഫെർഡിനാന്റും ഇസബെല്ലയും മുസ്ലിംകളിൽ നിന്ന് ഭരണമേറ്റെടുത്ത ഉടനെ അതാരംഭിക്കുകയുണ്ടായി.

ജർമ്മനിയിൽ ജൂതരെ വാഹനത്തിൽ കയറ്റാൻ പാടില്ലായിരുന്നു. നഗരത്തിൽ അവർക്ക് പ്രവേശിക്കണമെങ്കിൽ പ്രത്യേക ചുങ്കം ചുമത്തി. പോളണ്ടിലെ കൊസാക്ക് വിപ്ലവം ഒരു ദശകത്തിനുള്ളിൽ ഒരു ലക്ഷം യഹൂദികളെ കൊന്നൊടുക്കി. യഹൂദി ജനതയുടെ പകുതിയിലധികം താമസിച്ചിരുന്ന പോളണ്ടിലേക്ക് റഷ്യൻസാറിന്റെ പടനീങ്ങിയപ്പോൾ അതൊരു ഇരുണ്ട കാലഘട്ടമായി അവർക്ക് അനുഭവപ്പെട്ടു. ഫ്രാൻസിൽ 12 വയസ്സു മുതൽ 25 വയസ്സുവരെ നിർബന്ധ പട്ടാളജോലി ചെയ്യണമായിരുന്നു. ശബത്ത് മെഴുകുതിരികൾക്ക് അവിടെ നികുതി ചുമത്തി. വേശ്യകൾക്ക് നൽകിയിരുന്ന മഞ്ഞ ക്കാർഡ് കൂടാതെ യഹൂദസ്ത്രീകളെ വൻനഗരങ്ങളിൽ പ്രവേശിപ്പിച്ചില്ല. റഷ്യയിൽ അലക്സാണ്ടർ IIന്റെ വധത്തിന്ന് ശേഷം യഹൂദസമുദായങ്ങളെ ഒന്നിനു പിറകെ ഒന്നായി ചുട്ടെരിച്ചുകൊണ്ട് പോഗ്രാം അരങ്ങേറി? (8)

പ്രഗത്ഭ ചരിത്രകാരനായ വിൽഡൂറന്റ് തന്റെ Study of civilization എന്ന പുസ്തകത്തിൽ ക്രിസ്തുസഭയുടെ യഹൂദപീഢനത്തിന്റെ നിരവധി സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അതിൽ ഒരു ദാഹരണം ഇവിടെ ഉദ്ധരിക്കാം.

“ചിലപ്പോൾ സെന്റ് ജോൺ കാപിസ്ട്രാനോയെ പോലെയുള്ള വിശുദ്ധ വിദ്വേഷ പ്രചാരകർ യഹൂദികൾക്കെതിരായ ദൈവശാസ്ത്ര പീഢനങ്ങളുടെ ബ്ളു ലോ (Blue law) പൂർണശക്തിയോടെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് തങ്ങളുടെ കേൾവിക്കാരെ ഉത്സാഹഭരിതരാക്കിയിരുന്നു. പോപ്പ് ഇയൂജിനസ് നാലാമനും നിക്കോളാസ് അഞ്ചാമനും ഇതിനെ പിന്തുണച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന് ഇറ്റലിയിൽ അല്പകാല പ്രഭാവമേ ഉണ്ടായിരുന്നുള്ളു. മറ്റൊരു ഫ്രാൻസിസ്കൻ സന്യാസിയായിരുന്ന ഫെൽട്രിയിലെ ബെർണാർഡിനോവിന്റെ യഹൂദികൾക്കെതിരെയുള്ള ആക്രമണം അതിരൂക്ഷമായിരുന്നു. മിലാൻ, ഫെറേ, വെനീസ് എന്നിവിടങ്ങളിലെ സിവിൽ നിയമപാലകർക്ക് അദ്ദേഹത്തോട് നിശബ്ദനാവാനോ സ്ഥലം വിട്ടുപോകാനോ അഭ്യർത്ഥിക്കേണ്ടിവന്നു. 1475-ൽ ട്രെൻറിലെ ഒരു യഹൂദന്റെ വീട്ടിനരികെ മൂന്നുവയസ്സുള്ള കുട്ടി മരിച്ചുകിടക്കുന്നതായിക്കണ്ടു. ആ കുഞ്ഞിനെ അതിനടുത്തു വസിച്ചിരുന്ന ജൂതൻ കൊന്നതാണെന്ന് ബെർണാർഡിനോ പ്രഖ്യാപിച്ചു. ട്രെന്റിലെ എല്ലാ ജൂതന്മാരെയും ബിഷപ്പ് തുറുങ്കിലടച്ചു. പെസഹാ ചടങ്ങിന്റെ ഭാഗമായി ആ കുഞ്ഞിന്റെ രക്തം യഹൂദികൾ കുടിച്ചുവെന്ന് ആരോപിച്ചു യഹൂദികളെ പീഢനങ്ങൾക്ക് വിധേയമാക്കി. അവസാനം ട്രെന്റിലെ എല്ലാ ജൂതന്മാരെയും കൊന്നൊടുക്കി. മരിച്ച കൊച്ചു സൈമന്റെ (Little Simon) മൃതശരീരം എംബാം ചെയ്ത് അതൊരു വിശുദ്ധ അവശേഷിപ്പായി പ്രദർശിപ്പിച്ചു അത് ഒരു ദേവാലയത്തിൽ സ്ഥാപിച്ചു. ആയിരക്കണക്കിന് തീർത്ഥാടകർ ഈ പുതിയ ആരാധനാലയത്തിലേക്ക് തീർത്ഥാടകരായെത്തി. യഹൂദൻ ചെയ്തുവെന്ന് ആരോപിക്കപ്പെട്ട ഈ ക്രൂരകൃത്യം ആൽപ്സ് പർവ്വതം കടന്ന് ജർമ്മനിയിലും പരന്നു. അവിടെ യഹൂദവിരോധം തീവ്രമായി. വെനീസിലെ സെനറ്റ് ഇത് ഒരു വിശുദ്ധ വ്യാജകഥയാണെന്ന് പറഞ്ഞ് അപലപിച്ചു. വെനീസിന്റെ പരിധിയിലുള്ള യഹൂദരെ കൂട്ടക്കൊലയിൽ നിന്നും രക്ഷിക്കാൻ തീരുമാനിച്ചു. വാർത്തയുടെ നിജസ്ഥിതി അറിയാൻ പൗഡയിൽ നിന്നും ട്രെന്റിലേക്ക് രണ്ട് അഭിഭാഷകർ വരികയുണ്ടായി. ജനക്കൂട്ടം അവരെ പിച്ചിച്ചീന്തി കഷ്ണങ്ങളാക്കിക്കളഞ്ഞു. സൈമനെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ജനക്കൂട്ടം പോപ്പ് സിക്സനസ് നാലാമനെ (Pope Sixtus IV) നിർബന്ധിച്ചെങ്കിലും അദ്ദേഹം പ്രഖ്യാപനം നടത്തിയില്ല. പിന്നീട് 1582ലാണ് കൊച്ചു സൈമനെ വിശുദ്ധനായി പ്രഖ്യാപിച്ചത്.(9).

റഷ്യയായിരുന്നു മറ്റൊരു യഹൂദ കശാപ്പുശാല. റഷ്യയിലെ മൂന്നു രാജ്ഞിമാരായ കാതറിൻ I (1727) ആനി (1739) എലിസബത്ത് (1742) എന്നിവർ യഹൂദികളെ റഷ്യയിൽ നിന്നും പുറത്താക്കിക്കൊണ്ടുള്ള ശാസനകൾ പുറപ്പെടുവിക്കുകയുണ്ടായി. പിന്നീട് 1772, 1793, 1795 എന്നീ വർഷങ്ങളിൽ റഷ്യയുടെ തൊട്ടപ്പുറത്തുള്ള പോളണ്ടിനെ വിഭജിച്ചുകൊണ്ട് മൂന്ന് ഘട്ടങ്ങളിലായി റഷ്യയോട് ചേർക്കപ്പെടുകയുണ്ടായി. അങ്ങിനെ വമ്പിച്ച ഒരു യഹൂദ ജനസഞ്ചയം റഷ്യയിൽ വന്നുകൂടി. പിന്നോക്ക രാജ്യമായ റഷ്യയിൽ വളരെ ദരിദ്രാവസ്ഥയിലും ദൈന്യാവസ്ഥയിലുമായിരുന്ന യഹൂദികൾ കഴിഞ്ഞിരുന്നത്. അറ്റമില്ലാത്ത പീഢനങ്ങൾ അവർ മതഭ്രാന്തന്മാരായ സാറുകളുടെ റഷ്യയിൽ അനുഭവിച്ചു. രാജ്യത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് ഒരുവേലിക്കകത്ത് ഏതാനും ജില്ലകളിൽ മാത്രം യഹൂദികളുടെ അധിവാസം പരിമിതപ്പെടുത്തി പെയിൽ ഓഫ് സെറ്റിൽമെന്റ് (Pale of settlement) എന്നാണ് ഇത് അറിയപ്പെട്ടത്. (10)

കത്തോലിക്കരിൽ നിന്നും മാത്രമല്ല പേപ്പസിയുടെ കൊള്ളരുതായ്മകൾക്കെതിരെ കലാപവുമായി ഇറങ്ങി പുറപ്പെട്ട പ്രൊട്ടസ്റ്റന്റ് മതസ്ഥാപകനായ

മാർട്ടിൻ ലൂഥറും കടുത്ത യഹൂദമത വിരോധിയായിരുന്നു. 1543 ലൂഥർ പ്രസിദ്ധീകരിച്ച On the Jews and the Lies എന്ന ഗ്രന്ഥത്തിൽ ദൈവവചനത്തിന്റെ സുതാര്യതയെ പ്രബോധിക്കുന്ന ലൂഥർ യഹൂദവിരോധത്തിന്റെ പ്രൊട്ടസ്റ്റന്റ് രൂപം അവതരിപ്പിക്കുകയായിരുന്നു. യഹൂദ ആരാധനാലയങ്ങളും അദ്ധ്യാപനങ്ങളും ഇല്ലാതാക്കാൻ സിനഗോഗുകൾ ചുട്ടുചാമ്പലാക്കാൻ മാർട്ടിൻ ലൂഥർ ആഹ്വാനം ചെയ്തു.

ലൂഥറുടെ ഈ അനിയന്ത്രിതമായ യഹൂദവെറി മൂലം ഹിറ്റ്ലറോട് അദ്ദേഹം ഉപമിക്കപ്പെടുന്നു. ലൂഥറുടെ യഹൂദവിരുദ്ധ രചനകളുടെ പുനർപഠനങ്ങളുടെ ഫലമായാണ് 1918–ലെ ജർമ്മൻ ദേശീയവാദത്തിന്റെ പുനരുദയം മുണ്ടായത് എന്നത് യാദൃശ്ചികമാണ് (11).

ചുരുക്കത്തിൽ പതിനെട്ടാം നൂറ്റാണ്ടുവരെ യഹൂദനെ ക്രിസ്ത്രീയ യൂറോപ്പ് രാജ്യത്തെ പൂർണ്ണപൗരനായി അംഗീകരിച്ചില്ല. ഫ്യൂഡലിസം കൊടികുത്തിവാണിരുന്ന ആ കാലഘട്ടത്തിൽ മതപരമായ മാനദണ്ഡങ്ങളായിരുന്നു പൗരത്വത്തെ നിർണ്ണയിച്ചിരുന്നത്. യൂറോപ്പിലുടനീളം ഹനിക്കപ്പെട്ട അവകാശങ്ങളുമായി രണ്ടാംകിട പൗരത്വവും പേറി പീഡനവും അവഗണനയും ഏറ്റുവാങ്ങി യഹൂദർ ഗട്ടോകളിൽ അലഞ്ഞുതിരിഞ്ഞു. (തുടരും)


Reference :

7. Max 1. Dimont - Jews God & History P. 252.

8. Larry Colins & Dominique Lappier - " O! Jerusalem, P.20

9. Will Durant - The study of civilization P. 721.

10. S. Shamir Hassan. Emergence of political Zionism P. 17

11. The encyclopeadia of Religion under the tittle of 'Anti Semitism' P. 328.


■

*(24 -ാം പേജിൽ നിന്ന് തുടർച്ച)*

സ്റ്റുകൾ' കോപാവേശത്തിനോ, ലൈംഗിക പ്രേരണകൾക്കോ വശംവദരാകുമ്പോൾ കൊലപാതകം, പരപീഢനരതി തുടങ്ങിയ മൃഗീയ വികാരങ്ങളുടെ ചെകുത്താൻമാരായി അവതരിക്കുന്നു! പത്തു കൊലപാതകം നടത്തിയ ജർമ്മൻകാരനായ ഹെയ്ൻറീക്ക് പോമങ്കർ എന്ന ഒരു സാഡിസ്റ്റിനെക്കുറിച്ച് മനഃശാസ്ത്രകുറ്റാന്വേഷണ വിദഗ്ധനായ കോളിൻ വിൽസൺ എഴുതുന്നു.

"1960ൽ ജീവപര്യന്തം തടവുശിക്ഷ വിധിക്കപ്പെട്ട പോമങ്കറിന് 'ടെൻ കമന്റ്മെന്റ്സ്' എന്ന സിനിമയിൽ നിന്നാണ് ആദ്യത്തെ കുറ്റകൃത്യത്തിന് പ്രചോദനമുണ്ടായതെന്ന് പറയുന്നു. സുവർണ്ണ കാളകുട്ടിയുടെ ചുറ്റും നിന്ന് സ്ത്രീകൾ നൃത്തം ചെയ്യുന്നത് കണ്ടപ്പോൾ ലോകത്തിലെ എല്ലാ തിന്മകളുടെയും കാരണം സ്ത്രീകളാണെന്ന് ബോദ്ധ്യപ്പെടുകയും അല്പം കഴിഞ്ഞ് പാർക്കിൽ വെച്ച് ആദ്യത്തെ ഇരയെ ആക്രമിക്കുകയും ചെയ്തു."

(ഒറിജിൻസ് ഓഫ് ദി സെക്ഷ്വൽ ഇംബൾസ് - ലൈംഗിക വാസനയുടെ ഉല്പത്തി പേജ് 127).

സാഡിസത്തിന്റെ ക്രൂരമായ നശീകരണ പ്രവണതയാണ് ഈ സംഭവത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നതെങ്കിൽ: ആത്മപീഢനത്തിന്റെ സ്വപ്നങ്ങൾ നെയ്തെടുക്കുന്ന 'മസോക്കിസ്റ്റു'കളുടെ മനോവ്യാപാരം ഇതിൽ നിന്ന് തികച്ചും വിപരീതമാണ്! ഹക്സിലിയുടെ 'പോയിന്റ് കൗണ്ടർ പോയിന്റ്' എന്ന കൃതിയിൽ ലൂസി എന്ന മസോക്കിസ്റ്റായ ഒരു പെൺകുട്ടി സാഡിസ്റ്റായ ഒരു ഇറ്റലിക്കാരനെക്കുറിച്ചുള്ള അനുഭവം പ്രകടമാക്കുന്നതിങ്ങനെയാണ്.

"കൊല്ലാനൊരുങ്ങുന്നതുപോലെ അയാൾ പല്ലുകൾ കടിച്ച് എന്റെ നേർക്കടുത്തു. സിംഹത്തിന് മുമ്പിൽ നിൽക്കുന്ന ക്രിസ്ത്യൻ രക്തസാക്ഷിയെപ്പോലെ ഞാൻ കണ്ണടച്ചു. രക്തസാക്ഷിത്വം ഉദ്വേഗജനകമാണ്. പീഢനങ്ങൾക്കും അവഹേളനങ്ങൾക്കും സ്വയം നിന്നുകൊടുക്കുക. ഞാനതിഷ്ടപ്പെടുന്നു."

(ലൈംഗിക വാസനയുടെ ഉല്പത്തി പേജ് 31)

വിവേകബുദ്ധിയുടെയും ജ്ഞാനത്തിന്റെയും പ്രകാശത്തിൽ നിന്ന് വഴിമാറി അഹിതവും ദോഷകലുഷിതവുമായ മാർഗ്ഗങ്ങളിലേക്ക് ചലിപ്പിക്കുന്ന ഇരുട്ടിന്റെ ആത്മാവിനെക്കുറിച്ച് ഹസ്റത്ത് അഹ്മദ് (അ) സൂചിപ്പിക്കുകയുണ്ടായി. സാധാരണ നിത്യജീവിതത്തിൽ നോർമലായിരിക്കുന്ന ഒരാളുടെ മനസ്സ് പെട്ടെന്ന് വഴിവിട്ടു സഞ്ചരിക്കുകയും ഭ്രാന്തമായ ആവേശത്തിന്നടിമയായി അമിതത്വം കാണിക്കുകയും ചെയ്യുമ്പോഴാണ് അസാധരണമായ പ്രമാദങ്ങളിലേക്കും കുറ്റകൃത്യങ്ങളിലേക്കും അത് തെന്നിമാറുന്നത്. ഇത്തരം സംഭവങ്ങളുടെ ഞെട്ടിപ്പിക്കുന്ന ഒട്ടേറെ കഥകളുണ്ടെങ്കിലും തിന്മയിലേക്ക് പ്രേരിപ്പിക്കുന്ന ആത്മാവിന്റെ വിചിത്രമായ ചില സ്വഭാവവൈരുദ്ധ്യങ്ങളുടെ ചുരുക്കം മാത്രം ഇവിടെ കുറിക്കുന്നു.

ആശുപത്രി മോർച്ചറികളിലും, ശ്മശാനത്തിലെ കല്ലറകൾ തുറന്നും 'നെക്രോഫിലി' എന്നറിയപ്പെടുന്ന ശവരതി വൈകൃതം നടത്തിയവരുടെ വാർത്തകൾ നാം വായിച്ചതാണ്! എന്നാൽ 'ഫെറ്റിഷിസം' എന്ന വസ്തുഭ്രമങ്ങളും, സ്ത്രീ-പുരുഷ സ്വവർഗ്ഗ താൽപ്പര്യത്തിന്റെ ലസ്ബിനിയനിസം - സഡോമി തുടങ്ങിയ പ്രതിഭാസങ്ങളും, രക്തബന്ധങ്ങളെപ്പോലും വിസ്മരിക്കുന്ന ഈഡിപ്പസ് കോംപ്ലക്സ് ഉൾപ്പെടെ സഹോദരീ-സഹോദര അഗമ്യഗമനം നടത്തിവരുന്ന റഷ്യയിലെ 'ക്രിസ്റ്റി' എന്ന പാഷണ്ഡമതവും, 'പ്ലൂരലിസ്'ത്തിന്റെ വക്താക്കളായി സ്ത്രീകൾ സമൂഹത്തിന്റെ സ്വത്താണെന്ന് വാദിക്കുകയും സംഘം ചേർന്ന രതിവൈകൃതങ്ങൾക്ക് രൂപം നൽകുകയും ചെയ്ത അമേരിക്കയിലെ ജോൺഹംഫ്രിനോയിസിന്റെ 'ഒനിഡ' സമുദായവുമെല്ലാം ധാർമ്മിക വ്യതിയാനങ്ങളുടെ നീണ്ട പട്ടികയിൽ ഉദാഹരണങ്ങളായി തുടരുന്നു; 'ദോഷപ്രവണമായ ആത്മാവെന്ന്' വിശുദ്ധ ഖുർആൻ ഊന്നിപ്പറഞ്ഞതും, 'കേവലം ജന്തുക്കളെപ്പോലെ' എന്ന് ഹസ്റത്ത് അഹ്മദ് (അ) വിശേഷിപ്പിച്ചതും സമൂഹത്തിൽ സംഭ്രമം സൃഷ്ടിക്കുന്ന ഇത്തരം ഇരുട്ടിന്റെ ആത്മാക്കളെ കുറിച്ചല്ലേ? ■

# മൂസാനബി (അ)യുടെ ആത്മീയ പ്രയാണം

ഏ.പി. കുഞ്ഞാമു

## മൂസാനബി(അ)യുടെ ആത്മീയ യാത്രയുടെ ആന്തരാർത്ഥങ്ങൾ

“അങ്ങിനെ അവർ രണ്ടുപേരും ആ രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥാനത്ത് എത്തിയപ്പോൾ അവർ തങ്ങളുടെ മത്സ്യത്തെ മറന്നുപോയി. അങ്ങിനെ അതു സമുദ്രത്തിൽ ഒരു ചാല് രൂപത്തിൽ അതിന്റെ മാർഗമുണ്ടാക്കി അകന്നുപോയി. അങ്ങിനെ അവർ രണ്ടുപേരും ആ സ്ഥലം വിട്ടുകടന്നുകഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ യുവസഹചാരിയോടു പറഞ്ഞു. “നമ്മുടെ പ്രാതൽ കൊണ്ടുവരിക നമ്മുടെ ഈ യാത്ര നിമിത്തം നാം വളരെ ക്ഷീണം അനുഭവിച്ചിരിക്കുന്നു. അദ്ദേഹം (കൂട്ടുകാരൻ) പറഞ്ഞു: താങ്കൾ കണ്ടുവോ? നാം ഈ പാറയിലേക്ക് വിശ്രമിക്കാൻ ചെന്നപ്പോൾ ഞാൻ മത്സ്യത്തെ മറന്നുപോയി. അതിനെ സംബന്ധിച്ചു താങ്കളോടു പറയുന്നതിന് ശൈത്താനല്ലാതെ മറ്റാരുമല്ല എന്നെ മറപ്പിച്ചതു. അതു സമുദ്രത്തിൽ ആശ്ചര്യകരമായ നിലയിൽ അതിന്റെ മാർഗമുണ്ടാക്കി’. അദ്ദേഹം പറഞ്ഞു: നാം അന്വേഷിച്ചുകൊണ്ടിരുന്ന സ്ഥാനം അതാണ്. അതിനാൽ അവർ രണ്ടുപേരും തങ്ങളുടെ കാൽപാടുകളിന്മേലായി അവിടെ തിരിച്ചുചെന്നു. അപ്പോൾ നമ്മുടെ (വരിഷ്ട) ദാസൻമാരിൽ നിന്നുള്ള ഒരു വിശിഷ്ട ദാസനെ അവർ രണ്ടുപേരും കണ്ടെത്തി. അദ്ദേഹത്തിന് നാം നമ്മുടെ പക്കൽ നിന്നുള്ള മഹത്തായ കാരുണ്യം നൽകുകയും നമ്മുടെ അടുക്കൽ നിന്ന് അദ്ദേഹത്തിന് പ്രത്യേകമായി ജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. (വി. ഖുർആൻ 18:62 മുതൽ 66 വരെയുള്ള വചനങ്ങൾ)

മത്സ്യത്തെ ദർശനത്തിൽ കണ്ടാൽ സ്വപ്നശാസ്ത്രപ്രകാരം സജ്ജനങ്ങളുടെ ആരാധനാലയങ്ങൾ എന്നാണ് താല്പര്യം. (തഅ്ത്തീറുൽ അനാം). ഈ അർത്ഥത്തിൽ നാം വിലയിരുത്തുമ്പോൾ രണ്ടു സമുദ്രങ്ങൾ സംഗമിക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ അവർ അവരുടെ മത്സ്യത്തെ മറന്നുപോയി എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെടുന്നത്. മൂസാനബി(അ)യുടേയും ഇസ്ലാമിന്റേയും ന്യായപ്രമാണാധിഷ്ഠിതമായ ജീവിതപ്രത്യയശാസ്ത്രങ്ങളുടെ സംഗമകാലം സമാഗതമായപ്പോൾ മൂസാനബി(അ)യുടേത് കാലഹരണപ്പെടുകയും അതിന്റെ ആത്മീയചൈതന്യം ആവാഹിച്ചു ഒരു നവീന ജീവിതക്രമം മൂസവീ ശരീയത്തിന്റെ തുടർച്ചയെന്നോണം ഇസ്ലാമിലൂടെ ആവിർഭവിക്കുകയും ചെയ്തു എന്നാണ്. മാത്രമല്ല യഥാർഥ ധാർമിക മൂല്യങ്ങൾ മൂസാനബി(അ)യുടെയും ഈസാനബി(അ)യുടെയും അനുയായികളിൽ നിന്നു അപ്രത്യക്ഷമാവുകയും അതെല്ലാം തന്നെ പുതിയ വ്യവസ്ഥയിലെ അനുയായികളുടെ പ്രത്യേക ചിഹ്നങ്ങളായി രൂപാന്തരപ്പെടുകയാണുണ്ടായത് (48:30). ഇതു കൂടാതെ മറ്റൊരു കാര്യം കൂടി ഈ വചനം മനസ്സിലാക്കിത്തരുന്നുണ്ട്. അതായത് മൂസാനബിയുടെ വ്യവസ്ഥയുടെ തുടർച്ചയാണ് ഇസ്ലാമിക വ്യവസ്ഥിതി. അല്ലാഹുവിന്റെ ആധ്യാത്മിക വ്യവസ്ഥയുടെ രണ്ടു ഭാഗങ്ങളാണ് ഇവ.

പ്രാതലിനുവേണ്ടി ആവശ്യപ്പെടുക എന്നത് സ്വപ്നശാസ്ത്രപ്രകാരം തളർച്ചയെയാണ് സൂചിപ്പിക്കുന്നത്. (തഅ്തീറുൽ അനാം). തുടർന്നുള്ള വചനം മനസ്സിലാക്കിത്തരുന്നത്, റസൂൽ തിരുമേനി(സ) പ്രത്യക്ഷപ്പെട്ടാൽ മൂസാനബി (അ)യുടെയും ഈസാനബി(അ)യുടെയും അനുയായികൾ അദ്ദേഹത്തിൽ ഒന്നടങ്കം വിശ്വസിക്കുകയില്ല എന്നാണ്. അവർ അവരുടെ യാത്ര തുടർന്നുകൊണ്ടേ ഇരിക്കും. അങ്ങിനെ അവരുടെ വ്യവസ്ഥിതിയുടെ നിർണിതമായ കാലം വരെ അവർ യാത്ര ചെയ്തുകൊണ്ടിരിക്കും. അവർ ഇരുവരും പ്രത്യേകം പ്രത്യേകമായി തനിച്ച് യാത്ര ചെയ്തു അവരുടെ വാഗ്ദത്ത പ്രവാചകനെ കാണാതെ തളർച്ച ബാധിച്ചപ്പോൾ അ വർക്ക് തോന്നിത്തുടങ്ങി, ആ വാഗ്ദത്ത പ്രവാചകൻ വരുകയും, നമുക്ക് തിരിച്ചറിയാതെ വന്നുപോവുകയും ചെയ്തുവോ? എന്ന് ഈ വചനത്തിൽ മൂസാനബി (അ)യും ഈസാനബി(അ)യും യഹൂദികളേയും കൃസ്ത്യാനികളേയുമാണ് പ്രതിനിധാനം ചെയ്യുന്നത്. തുടർന്നു ‘അവരുടെ

മത്സ്യം (വചനം 62) 'അവർ രണ്ടുപേരും ആ സ്ഥലം വിട്ടപ്പോൾ' (വചനം 63) അദ്ദേഹം (കൂട്ടുകാരൻ) പറഞ്ഞു താങ്കൾ കണ്ടുവോ' (വചനം 64). "നാം ആ പാറയിലേക്ക് വിശ്രമിക്കാൻ ചെന്ന പ്പോൾ" ഈ പ്രയോഗങ്ങളിലെ സർവ്വ നാമങ്ങൾ കൊണ്ടു ഉദ്ദേശിക്കുന്നത് മൂസാനബിയും ഈസാനബിയുമല്ല. കാരണം അവർ രണ്ടുപേരും തിരുമേനി (സ) യുടെ കാലത്ത് ജീവിച്ചിരിക്കുന്ന വരല്ലല്ലോ? അവർ രണ്ടു സമുദായത്തെ യാണ് അതായത് യഹൂദരേയും ക്രിസ്ത്യാനികളേയും പ്രതിനിധാനം ചെയ്യുന്നത് ''പാറ'' ദർശനത്തിൽ കണ്ടാൽ "പാപപങ്കിലമായ ജീവിതത്തെ യാണ്" കുറിക്കുന്നത്. മൂസാനബി(അ)യുടെ വ്യവസ്ഥയുടെ അവസാ നവും റസൂൽ തിരുമേനിയുടെ വ്യവ സ്ഥയുടെ ആരംഭവും സമ്മേളിക്കുന്ന ഘട്ടമെത്തിയപ്പോൾ യഹൂദ ക്രിസ് തീയ സമുദായങ്ങൾ പാപപങ്കിലമായ ജീവിതത്തിൽ മുങ്ങിക്കുളിച്ചുകൊണ്ടിരി ക്കുകയായിരുന്നു. 'അത് ആ സമുദ്ര ത്തിൽ ആശ്ചര്യകരമായ നിലയിൽ അതിന്റെ മാർഗമുണ്ടാക്കി' എന്നതിന്റെ താൽപര്യം യഥാർത്ഥമായ ദൈവഭ ക്തിയും ആരാധനയും ഈ ജനതയിൽ നിന്ന് അപ്രത്യക്ഷമാവുകയും മറ്റൊരു സമുദായത്തിന്റെ മുഖമുദ്രയായി മാറു കയും ചെയ്തു. (അതായത് ഇസ്ലാം മത അനുയായികളുടെ) ദൈവീക അനുഗ്രഹങ്ങളുടെ അനന്തരാവകാശി കൾ പിന്നീടു മുസ് ലിംകളാണ് ആയി ത്തീർന്നത്. ഇതൊക്കെ ഒരു സ്വപ്നമാ ണെന്ന് ഈ 'മത്സ്യ'ത്തിന്റെ കാര്യം തന്നെ മനസ്സിലാക്കിത്തരുന്നു. ഒരു മത്സ്യത്തിന്റെ സഹായത്തോടെ മൂസാ നബിയും കൂട്ടുകാരനും യാത്രചെയ്യു ന്നു. പിന്നീട് ആ മത്സ്യത്തിന്റെ കാര്യം തന്നെ മറന്നുപോകുന്നു. ഇതെല്ലാം സ്വപ്നദർശനങ്ങളിൽ ആകാവുന്നതാ ണ്. പിന്നീട് അവർ പോയ വഴിയിൽ തിരിച്ചു യാത്രയാകുന്നു. ആ തിരിച്ചു വരവിലാണ് അവർ ഒരു ദൈവദാസനെ (അബ്ദ്) കാണുന്നത്. പ്രയാസകരമായ ഈ യാത്രയുടെ മുഖ്യ ലക്ഷ്യം തന്നെ ആ വ്യക്തിത്വത്തെ കാണാനായിരുന്നു. ഈ കഥയിലെ മുഖ്യനായകൻ ആ ''അബ്ദുല്ല'' തന്നെയായിരുന്നു. ആരാണ് ആ "അബ്ദുല്ല" വിശുദ്ധ ഖുർ ആനിന്റെ വിവരണത്തിൽ നിന്നും മന സ്സിലാകുന്നത് ആ വ്യക്തി മൂത്ത് മുഹ മ്മദ് മുസ്തഫ (സ) ആണെന്നാണ്. വിശുദ്ധ ഖുർആൻ പല സ്ഥലത്തും തിരുമേനിയെ (സ) 'അബ്ദ്' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഉദാ:- (2:24, 8:42, 17:2, 18:2, 25:2; 39:37; 53: 11; 72: 20) "അബ്ദുല്ല" എന്ന പദവി ഒരു മനുഷ്യന് കിട്ടാവുന്ന ഏറ്റവും വലിയ അംഗീകാ രമാണ്. അദ്ധ്യാത്മികമായ പദവിയുടെ അവസാനത്തെ പടിയാണ് അത്. അതു കൊണ്ടാണ് കലിമയിൽ വരെ "അബ്ദു ഹു വ റസൂലുഹു'' എന്നു വന്നത്. ഈ മഖാമിൽ (സ്ഥാനത്ത്) എത്തിയ ഒരേ വ്യക്തിത്വവും ആ പുണ്യപുമാൻ (സ) മാത്രമാണ്. മാത്രമല്ല, ആ ദിവ്യനെപ്പറ്റി ഖുർആൻ വചനത്തിൽ 'അദ്ദേഹത്തിന്ന് മേൽ അല്ലാഹുവിന്റെ അനുഗ്രഹം നൽകപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹ ത്തെ അല്ലാഹു തന്നെ റഹ്മത്തുൽല്ലിൻ ആലമീൻ'' എന്നും സംബോധന ചെയ്തിട്ടുണ്ട്. (21:108) അതായത് ലോകാനുഗ്രഹിയായിട്ടാണ് പറഞ്ഞിരി ക്കുന്നത്. കൂടാതെ അദ്ദേഹത്തിന് അല്ലാഹു തന്നെ പ്രത്യേകം ജ്ഞാനം നൽകിയതായിട്ടാണ് ഈ വചനത്തിൽ പറയപ്പെട്ടത്. വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും തിരുമേനി (സ)ക്ക് അല്ലാഹു തന്നെ ദിവ്യജ്ഞാനം ധാരാ ളമായി നൽകിയതായി പറയുന്നുണ്ട്. (4:114, 6:92, 20:115, 27:7) ദൈവദാസൻ മൂസാനബി(അ)യോടു പറഞ്ഞു "താങ്കൾക്ക് ക്ഷമയോടെ സംസാരിക്കാ തിരിക്കാൻ പറ്റില്ല" (വചനം 68) റസൂൽ തിരുമേനി ഇതു സംബന്ധിച്ചുപറഞ്ഞു "മൂസാനബി നിശബ്ദനായിരുന്നെങ്കിൽ എത്ര നന്നായേനെ. എങ്കിൽ നമുക്ക് കൂടുതൽ ആദ്ധ്യാത്മികരഹസ്യങ്ങൾ അല്ലാഹു വെളിപ്പെടുത്തി തന്നിരു ന്നേനെ' (ബുഖാരി കിത്താബുത ഫ്സീർ) ഇതു മനസ്സിലാക്കിത്തരുന്നത് ദൈവദാസനായി മൂസാനബി ദർശന ത്തിൽ കണ്ടത് റസൂൽ തിരുമേനി (സ)യെത്തന്നെയാണ് എന്നാണ്.

മിദ്യനിൽ നിന്ന് ഈജിപ്തിലേക്ക് യാത്ര തിരിച്ച മൂസാനബി(അ)ക്ക് ദൈവ ത്തിന്റെ പ്രഭാവത്തെ "തീ"യുടെ രൂപ ത്തിലാണ് ദർശിക്കാൻ സാധിച്ചത്. (28:30) അതിനുശേഷം മൂസാനബി യോടു പറയപ്പെട്ട' ഇസ്റായേല്യരുടെ സഹോദരങ്ങളിൽ നിന്നും ഒരു പ്രവാ ചകനെ അല്ലാഹു എഴുന്നേല്പിക്കും എന്ന്. അവന്റെ നാവിൽ ദൈവത്തിന്റെ സ്വന്തം വചനം നിറയ്ക്കും (ആവ: 18:18-22) ഈ പ്രവചനം മനസ്സിലാക്കി ത്തരുന്നതു വാഗ്ദത്ത പ്രവാചകൻ മൂസാനബിയേക്കാൾ ദൈവത്തിൽ "മഹൽസ്ഥാനം അർഹിക്കുന്ന ആളായി രിക്കുമെന്നാണ്. അതുകൊണ്ടു മൂസാ നബി പ്രവചിക്കപ്പെട്ട ''ആ പ്രവാച കനെ" ഒരു നോക്കുകാണാൻ ആഗ്രഹി ച്ചിരിക്കും. ആ ആഗ്രഹപൂർത്തീകരണം ഒരു ദർശനത്തിലൂടെ അല്ലാഹു അദ്ദേ ഹത്തിന് നിർവ്വഹിച്ചുകൊടുത്തതായിരി ക്കാം. മറ്റു ഖുർആൻ വ്യാഖ്യാതാക്കൾ ഈ മഹാനെ 'ഖിള്ർ" എന്ന അഭിധാന ത്തിലാണ് വർണ്ണിച്ചിട്ടുള്ളത്. അദ്ദേഹം യഥാർത്ഥത്തിൽ നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫ (സ) ആണ്. സൂറ: അൽകഹ്ഫ് തുടരുന്നു: 'മൂസ അദ്ദേ ഹത്തോടു ചോദിച്ചു. താങ്കൾക്ക് പഠി പ്പിക്കപ്പെട്ട സന്മാർഗ്ഗ ജ്ഞാനത്തിൽ നിന്ന് താങ്കൾ എനിക്ക് പഠിപ്പിച്ചുതരു മെന്ന നിബന്ധനയോടെ ഞാൻ താങ്കളെ അനുഗമിക്കട്ടെയോ.(വചനം 67) അദ്ദേഹം മറുപടി പറഞ്ഞു: 'എന്നോടൊപ്പം ക്ഷമയോടെ പിന്തുട രാൻ നിനക്ക് ഒരിക്കലും സാദ്ധ്യമല്ല. വേണ്ടവിധം ഗ്രഹിച്ചിട്ടില്ലാത്ത ഒരു കാര്യ ത്തിൽ നീ എങ്ങിനെ ക്ഷമ കൈക്കൊ ള്ളും (വ: 69) അദ്ദേഹം പറഞ്ഞു: അല്ലാഹു ഉദ്ദേശിച്ചെങ്കിൽ താങ്കൾ എന്നെ ക്ഷമാശീലനായി കാണും. താങ്കളുടെ ഒരു ആജ്ഞയും ഞാൻ ലംഘിക്കുകയില്ല (വ:70) അദ്ദേഹം (ആ പുണ്യാത്മാവ്) പറഞ്ഞു: 'എന്നാൽ നീ എന്നെ പിന്തുടരുന്നപക്ഷം ഞാൻ തത്സംബന്ധമായി സ്വയം വിവരിച്ചുത രുന്നതുവരെ ഒരു കാര്യത്തെ പറ്റിയും എന്നോടു ചോദിക്കരുത്.' (വ. 71)

മൂസാനബി(അ)യുടെ വചന ത്തിൽ നിന്ന് തന്നെ അദ്ദേഹത്തിന്റെ ആത്മീയപദവി റസൂൽ തിരുമേനിയെ (സ)ക്കാൾ താഴെ ആണെന്ന് വ്യക്തമാ

കുന്നു. ഈ വചനം ഒരു യാത്രയിൽ ഈ രണ്ടു മഹൽ പ്രവാചകന്മാർ തമ്മിൽ നടന്ന സംഭാഷണങ്ങളായിട്ടാണ് വിവരിക്കുന്നത്. അതിൽ നിന്ന് തന്നെ ഒരു ന്യായപ്രമാണത്തിന്റെ പ്രവാചകനായിട്ടും അദ്ദേഹത്തിന് കൂടുതൽ ജ്ഞാനം കരസ്ഥമാക്കാൻ ഒരു ദിവ്യനെ തിരയേണ്ടി വന്നെങ്കിൽ സംശയിക്കാനില്ല, അതു നമ്മുടെ യജമാനർ മുഹമ്മദ് മുസ്തഫ (സ) തന്നെയാണ്. 'നിനക്ക് ക്ഷമയോടുകൂടി എന്നോടൊപ്പം തുടരാൻ ഒരിക്കലും സാദ്ധ്യമല്ല' (18;68) മൂസ നബി(അ)യുടെ ആത്മീയസ്ഥാനത്തെപ്പറ്റി (7:144)ൽ അല്ലാഹു വിവരിച്ചിട്ടുണ്ട്. എന്നാൽ തിരുമേനി(സ)യേയോ അദ്ദേഹത്തെയോ പിന്തുടരുന്നവർക്കോ ലഭിക്കുന്ന ആത്മീയപദവി അതിലും എത്രയോ മെച്ചപ്പെട്ടതാണ്. വളരെ അധികം വിഷമം പിടിച്ച പരീക്ഷണഘട്ടങ്ങളിലും ശത്രുക്കളുടെ പീഢനങ്ങളിലും മൂസാനബി(അ)യുടെ ജനത പതറിപ്പോവുകയുണ്ടായിട്ടുണ്ട്. അത്തരം പരീക്ഷണഘട്ടങ്ങളിൽ റസൂൽ തിരുമേനി(സ)യും സഹാബത്തും കാണിച്ച മാതൃക വളരെ വ്യത്യസ്തവും ശക്തവുമായിരുന്നു (ബുഖാരി, കിതാബുൽ മഖാസി) ക്രിസ്ത്യാനികളെപ്പറ്റിപ്പറയുമ്പോൾ അവർ യഹൂദരേക്കാൾ ത്യാഗമനസ്ഥിതി കാണിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ അവരും പതറിപ്പോയതായി യേശുതന്നെ അവരെപറ്റി ആക്ഷേപിച്ചിട്ടുണ്ട് (മത്തായി 17:17). കൂടാതെ ഈ വചനം തന്നെ മൂസാനബി(അ)യുടെ പ്രകൃതത്തേയും തിരുനബി(സ)യുടെ പ്രകൃതത്തേയും വ്യത്യസ്തമായി കാണിക്കുന്നുണ്ട്. മൂസാനബി(അ) അദ്ദേഹത്തിന്റെ കൂട്ടുകാരനോട് ക്ഷമയില്ലാതെ ചോദ്യങ്ങൾ ഉന്നയിക്കുന്നു. എന്നാൽ തിരുമേനി(സ) അല്ലാഹു തന്നെ ശരീഅത്തിന്റെ ജ്ഞാനവും വിവരണവും വെളിപ്പെടുത്തുന്നതുവരെ ക്ഷമയോടെ കാത്തുനിൽക്കുന്നു. ഈയൊരു ജനിതക ഗുണങ്ങൾ ഈ രണ്ടുപ്രവാചകന്മാരുടെ അനുയായികളിലും ദൃശ്യമാവുന്നുണ്ട്. മൂസാനബി(അ)യുടെ ജനങ്ങൾ ആവശ്യമുള്ളതും അല്ലാത്തതുമായ ചോദ്യങ്ങൾ ചോദിച്ചു അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുന്നു. എന്നാൽ തിരുമേനിയുടെ അനുചരന്മാർ വളരെ കരുതലോടെയും അനുസരണത്തോടെയുമാണ് വർത്തിച്ചത്. അനാവശ്യചോദ്യങ്ങളിൽ നിന്നും അവർ അകന്നുനിൽക്കുന്നു. തുടർന്നുള്ള വചനത്തിൽ പറയുന്നു "വേണ്ടവിധം ഗ്രഹിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ നീ എങ്ങിനെ ക്ഷമ കൈകൊള്ളും" (വ. 69) ഈ വചനം മനസ്സിലാക്കിത്തരുന്നത് റസൂൽ തിരുമേനിയെ അത്ര പെട്ടെന്നു യഹൂദികൾ സ്വീകരിക്കുകയില്ല. കാരണം യഹൂദികൾ അവരെ പറ്റി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത എന്നാണ് സ്വയം കരുതുന്നത്. ഈ സിദ്ധാന്തത്തിൽ അവർ ഊറ്റം നടിക്കുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ പുതിയ പാഠങ്ങൾക്കും തത്വങ്ങൾക്കും അവർ ചെവികൊടുക്കാറില്ല. ഈ അഹങ്കാരം അങ്ങിനെ ഒറ്റയടിക്ക് ത്യജിക്കാൻ അവർക്ക് സാദ്ധ്യമല്ല. എന്നാൽ അറബികൾക്ക് ഇത്തരം ഒരു പൈതൃകമില്ലാത്തതുകൊണ്ട് അവർക്ക് ഇസ്‌ലാമിനെ എളുപ്പത്തിൽ അംഗീകരിക്കാൻ സാധിച്ചു. എന്നാൽ ക്രിസ്ത്യാനികളും യഹൂദരെപ്പോലെ അവരുടെ പൈതൃകത്തെ പെട്ടെന്ന് ത്യജിക്കാൻ സന്നദ്ധമല്ല. തുടർന്നുവരുന്ന വചനവും ഇതൊരു ദർശനമാകാമെന്ന് ദ്യോതിപ്പിക്കുന്നു. മൂസാനബി പറയുന്നു: " അല്ലാഹു ഉദ്ദേശിച്ചെങ്കിൽ താങ്കൾ എന്നെ ക്ഷമാശീലനായി കാണും. ഞാൻ താങ്കളുടെ ഒരു കല്പനയും ലംഘിക്കുകയില്ല" (വ. 70) മൂസാ നബി(അ) ഒരു സ്വതന്ത്രപ്രവാചകനും ന്യായപ്രമാണവാഹകനുമാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന് മറ്റൊരു വ്യക്തിയെ പിന്തുടരേണ്ടതില്ല. മറ്റൊരു ആത്മീയപുരുഷനെ പിന്തുടർന്നുകൊണ്ടുള്ള മൂസാനബി(അ)യുടെ ഈ അനുധാവനം - ഒരു ആത്മീയദർശനമാണെന്ന് ഇതിൽ നിന്നും വ്യക്തമായി മനസ്സിലാവുന്നു.

മറ്റൊരു കാര്യം റസൂൽ തിരുമേനി (സ)യുടെ കാലത്തുള്ള യഹൂദർ അദ്ദേഹത്തെ വിശ്വസിക്കേണമായിരുന്നു. ഒരു സന്ദർഭത്തിൽ തിരുമേനി(സ) ഇങ്ങിനെ അരുളി: 'മൂസായും ഈസായും ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്ക് എന്നെ പിന്തുടരാതിരിക്കാൻ സാധിക്കുമായിരുന്നില്ല. (ഖാതിർ പേ. 246) സൂറ: കഹ്ഫ് തുടരുന്നു: "അദ്ദേഹം പറഞ്ഞു. (ദിവ്യൻ) എന്നാൽ നീ എന്നെ പിന്തുടരുന്നെങ്കിൽ ഞാൻ നിന്നോടു സംസാരിക്കുന്നതുവരെ നീ യാതൊരു ചോദ്യവും എന്നോടു ചോദിക്കരുത് (വ 71).

ഈ വചനം റസൂൽ തിരുമേനിയുടെ ആദ്ധ്യാത്മികമായ പ്രഭാവം മൂസാനബി(അ)യേക്കാൾ ഉയർന്നതാണെന്നു മനസ്സിലാക്കിത്തരുന്നു. ഈ യാത്രയിൽ മൂസാനബി(അ)യുടെ ഭാഗത്തുനിന്നു നിരന്തരമായ ചോദ്യം ചെയ്യലുകൾ തിരുമേനിക്ക് സഹിക്കേണ്ടതായി വന്നു. എന്നാൽ ജിബ്‌രിലുമൊത്തു റസൂൽ തിരുമേനിയുടെ പ്രയാണത്തിൽ തിരുമേനി(സ)യെ താൻ ചോദ്യം ചോദിക്കുകയില്ല എന്നൊന്നും ശപഥം ചെയ്തിരുന്നില്ല. എന്നിട്ടും ജിബ്‌രീൽ ഒരവസരത്തിൽ ചോദ്യം ചോദിക്കരുത് എന്നു പറഞ്ഞമാത്രയിൽ അദ്ദേഹം നിശ്ശബ്ദനാവുകയാണുണ്ടായത്.

(തുടരും)

■

## മുഹ്ഖമാത്തും മുതശാബിയാത്തും

"അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിത വചനങ്ങളാണ് (മുഹ്ഖമാത്ത്). അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശ വചനങ്ങളുമാകുന്നു. (മുതശാബിയാത്ത്) എന്നാൽ ഹൃദയത്തിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യുവാൻ ഉദ്ദേശിച്ചുംകൊണ്ടും അതിൽ നിന്നും സദൃശ്യമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും അറിവിൽ പരിപൂർണ്ണ വൈഭവം സിദ്ധിച്ചവരുമല്ലാതെ അതിന്റെ വ്യാഖ്യാനം അറിയുന്നില്ല. ***(വി. ഖുർആൻ 3:8)***

# ഖിലാഫത്തിന്റെ തണലിൽ

ബി. മൻസൂർ, കോഴിക്കോട്

**മുസ്‌ലിം സാമൂഹ്യജീവിതത്തിന്റെ അനുപേക്ഷണീയവും അവിഭാജ്യവുമായ ഘടകമാണ് ഖിലാഫത്ത്. നിരവധി ഭാവപകർച്ചകൾക്ക് ശേഷം തിരോഭവിച്ച ഇസ്‌ലാമിക ഖിലാഫത്ത് പ്രവചനപ്രകാരം വീണ്ടും പുന:സ്ഥാപിതമായി**

ഖിലാഫത്ത് അല്ലാഹുവിന്റെ വരദാനമാണ്. ആത്മീയ സംസ്കൃതിയുടെ ഭൂമികയിൽ പ്രവാചകന്മാരാൽ പുനർസൃഷ്ടിക്കപ്പെട്ട മനുഷ്യസമൂഹങ്ങളുടെ തുടർ സ്ഥാപനമാണ് ഖിലാഫത്ത്. ആദം തൊട്ടിന്നുവരെ വരണ്ട മണ്ണിൽ വർഷിക്കപ്പെട്ട തേൻമഴയാണ് പ്രവാചക ശൃംഖല. അവരെത്തിക്കുന്ന ദൗത്യങ്ങൾ കാലാകാലങ്ങളിൽ ജനമനസ്സുകളിൽ ഒടുങ്ങാതെ നിലനിർത്തുക എന്ന ഉത്തരവാദിത്തമാണ് ഖിലാഫത്തിലൂടെ നിറവേറ്റപ്പെടുന്നത്. പ്രവാചക പാരമ്പര്യങ്ങളുടെ സുവർണ്ണ സോപാനമാണ് ഖിലാഫത്ത്.

വിശുദ്ധ ഖുർആനിൽ ഖിലാഫത്തിനെക്കുറിച്ച് സുവ്യക്തമായ പരാമർശമുണ്ട്. "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (24:56). ഇവിടെ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു നൽകിയ വാഗ്ദാനമാണ് ഖിലാഫത്ത്. ഇതിനെ നിലനിർത്തുമെന്ന് ഖുർആൻ വാചകം സൂചിപ്പിക്കുന്നു. മനുഷ്യചരിത്രത്തിന്റെ ആദ്യംമുതൽ അന്ത്യം വരെ തുടരുന്ന ഒരു ദൈവീക അനുഗ്രഹമാണ് ഖിലാഫത്ത് എന്നാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്.

ഖിലാഫത്തിന്റെ ആത്മപ്രഭ ലോകം ഏറ്റവും നന്നായി അനുഭവിച്ചത് മുഹമ്മദ് നബി(സ)യുടെ വരവോടെയാണ്. സർവലോകത്തിനും അനുഗ്രഹമായിട്ടാണ് മുഹമ്മദ് മുസ്തഫാ(സ) വന്നത്. ഇസ്‌ലാമിന്റെ ആവിർഭാവത്തോടെ ലോകം മുഴുവൻ നിലനിൽക്കുന്ന ഒരു ആത്മീയ ധാർമിക വ്യവസ്ഥ രൂപപ്പെട്ടിരുന്നു. അത് സത്യസന്ധമായി നീതിപൂർവകമായി മുന്നോട്ടുകൊണ്ടുപോകാൻ ആത്മീയാചാര്യന്മാർ ആവശ്യമായിരുന്നു. ആ ഒരു ദൗത്യമാണ് ഇസ്‌ലാമിക ഖലീഫമാർ നിർവഹിച്ചുവന്നത്. 'ഖലീഫ' എന്നതിന് 'പ്രതിനിധി' എന്നാണർത്ഥം. അതായത് ദൈവത്തിന്റെ പ്രതിനിധി. അതുകൊണ്ടുതന്നെ ഖലീഫമാരുടെ പ്രഭാവോജ്ജ്വലമായ ചൈതന്യം മതസമൂഹങ്ങളുടെ നിലനിൽപ്പിന് ജീവദായക ഔഷധമായി നിൽക്കുകയാണുണ്ടായത്.

നബിതിരുമേനി(സ)യുടെ നിര്യാണത്തിന്റെ സന്ദർഭത്തിൽ ആ അനുഗൃഹീത ശരീരം ഖബറടക്കം ചെയ്യുന്നതിനുമുമ്പ് അന്നത്തെ മുസ്‌ലിംകൾ ചെയ്ത ഒരു കാര്യം ഖലീഫയെ തെരഞ്ഞെടുക്കുക എന്നതായിരുന്നു. മുസ്‌ലിംകൾ ജീവനുതുല്യം സ്നേഹിച്ചിരുന്ന തിരുനബി(സ)യുടെ ശരീരം മറവു ചെയ്യുന്നതിനു നൽകിയതിനേക്കാൾ ഏറെ പ്രാധാന്യം ഖിലാഫത്തിനു നൽകാൻ കാരണമെന്താണെന്നു അന്വേഷിക്കേണ്ടതുണ്ട്. ഒരു നിമിഷം പോലും ഖലീഫയില്ലാത്ത ഒരു സാമൂഹ്യ വ്യവസ്ഥ നിലനിൽക്കില്ല എന്ന് അവർക്ക് അറിയാമായിരുന്നു. ഇസ്‌ലാമിക ഖലീഫമാർ ഭരണരംഗം ഉൾപ്പെടെയുള്ള എല്ലാ മേഖലകളെയും കൈകാര്യം ചെയ്തിരുന്നുവെന്ന് നമുക്കറിയാം. പക്ഷേ ഖലീഫയുടെ ധാർമ്മിക സ്വാധീനമായിരുന്നു ഖിലാഫത്തിന്റെ കാതൽ. അവരുടെ കൈകളിൽ സമുദായം സുരക്ഷിതമായിരുന്നു. സ്പെയിൻ മുതൽ ചൈന വരെ നീണ്ടുനിൽക്കുന്ന വൈവിധ്യപൂർണ്ണ

മായ ദേശീയജനവിഭാഗങ്ങളെ ഒരേയൊരു ആജ്ഞാകേന്ദ്രത്തിനു കീഴിൽ അണി നിരത്തിയത് ഖിലാഫത്താണ്. നബിതി രുമേനി(സ)യുടെ ആശയങ്ങളെ നടപ്പി ലാക്കാനുള്ള ഒരു ധാർമ്മികസ്ഥാപനം എന്ന നിലയിലാണ് ഖിലാഫത്ത് പ്രവർത്തിച്ചത്.

റസൂൽ തിരുമേനി (സ) പ്രവചി ച്ചത് പോലെ സന്മാർഗ്ഗദായകമായ ഖിലാഫത്തിനെ തുടർന്ന് ആത്മീയശൂ ന്യമായ നിരവധി ഭാവപകർച്ചകൾക്ക് ശേഷം തുർക്കി ഖിലാഫത്തോടെ തിരോഭവിക്കുകയും നുബുവ്വത്തിന്റെ മാർഗ്ഗത്തിനു വീണ്ടും പുനർജനിക്കു കയും ചെയ്തിരിക്കുന്നു. ഇന്ന് ഭൂമി യിൽ മുഴുക്കെ ഒരു നേതൃത്വത്തിനു കീഴിൽ സംഘടിപ്പിക്കപ്പെട്ട ഒരു ഇസ്ലമിക സ്ഥാപനം അഹ്മദിയ്യാ ജമാ അത്തല്ലാതെ മറ്റൊന്നുമില്ല. പരസ്പരം ഭിന്നിച്ചും കലഹിച്ചും കഴിയുന്ന മുസ്ലിം സംഘടനകൾക്ക് ഖിലാഫ ത്തുമായി യാതൊരു താരതമ്യവുമില്ല.

മുസ്ലിംകൾ ഒന്നിച്ചുനിൽക്കു ന്നില്ല എന്നത് മാത്രമല്ല ശത്രുക്കളായി നിൽക്കുന്നു എന്നതാണ് മറ്റൊരു കാര്യം. സദ്ദാം ഹുസൈനെ അമേരി ക്കൻ പട്ടാളം ഭേദ്യം ചെയ്യുമ്പോഴും ഇറാഖ് എന്ന ആധുനിക മുസ്ലിം ശക്തിയെ തകർക്കുന്നതിന്റെ മുന്നണി പ്പോരാളിയായി നിന്നത് കുവൈത്തും സൗദി അറേബ്യയുമാണെന്ന് നമുക്കറി യാം. ഇറാനെതിരെ നീണ്ട വർഷങ്ങൾ സൗദിഅറേബ്യയുടെ സഹായ ത്തോടെ യുദ്ധം ചെയ്തത് സദ്ദാം ഹുസൈന്റെ ഇറാഖായിരുന്നു. അമേരി ക്കയിലേക്ക് കണ്ണും നട്ടുകൊണ്ടിരി ക്കുന്ന പാക്കിസ്ഥാന് അഫ്ഘാൻ ജന തയുടെ വേദന അറിയില്ല. പരസ്പരം കലാപം നടത്തുകയും രക്തക്കളങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഛിന്നഭിന്ന മായ ഈ ഇസ്ലാമിക സമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി ആവശ്യപ്പെടുന്നതെ ന്താണ്? ലോകമുസ്ലിംകൾക്ക് ഒരൊറ്റ നേതൃത്വവും ഒരു ധാർമ്മിക സ്രോത സ്സും തന്നെ. ഈ ഒരു ഖിലാഫത്താണ് അഹ്മദികൾക്ക് അനിർവചനീയമായ ആഹ്ലാദത്തോടെ ലഭിച്ചിരിക്കുന്നത്.

ഖിലാഫത്ത് വേണമെന്നത് മുസ്ലിംകളുടെ മനസ്സിന്റെ ഉള്ളിലെ ഒരു വികാരമാണെന്നു ഇന്നലെകളി ലൂടെ നമുക്കറിയാം. ഏറനാട്ടിൽ അര ങ്ങേറിയ ഖിലാഫത്ത് പ്രക്ഷോഭത്തിൽ വാരിക്കുന്തവുമായി അന്നത്തെ മുസ് ലിംകൾ നടത്തിയ കലാപം വാഗൺട്രാ ജഡിയിലാണ് അവസാനിച്ചത്. ഗുഡ്സ് വണ്ടിയിലെ കമ്പാർട്ട്മെ ൻറുകളിൽ ജീവനോടെ മനുഷ്യരെ അടച്ചുപൂട്ടി ഒടുവിൽ ദാഹിച്ചു വലഞ്ഞ് അവശരായി പരസ്പരം ചോര മാന്തിക്കുടിച്ച ഏറ നാട്ടിലെ മുസ്ലിം കലാപകാരികൾ ഖിലാഫത്തിനുവേണ്ടി ജീവനൊടുക്കി യവരാണ്. ഖിലാഫത്ത് നടപ്പിലാക്കു ന്നത് അല്ലാഹുവാണ്. അല്ലാഹുവിന് ആ വഴിയറിയാം. അല്ലാഹു സ്ഥാപിച്ച അഹ്മദിയ്യാ ഖിലാഫത്തിന്റെ അജയ്യ മായ അസ്തിത്വം മുസ്ലിംകൾ അംഗീ കരിക്കുകയല്ലല്ലാതെ ബലിദാന ങ്ങൾക്കും സായുധസമരങ്ങൾക്കൊ ണ്ടും നേടിയെടുക്കാൻ കഴിയുന്നതല്ല ഖിലാഫത്ത്.

ഖിലാഫത്ത് ഏറ്റവും പ്രധാനമാ യിത്തീരുന്നത് ഖലീഫമാരുടെ നേതൃ ത്വത്തിൽ നടപ്പിലാക്കുന്ന വ്യവസ്ഥ യുടെ മഹത്വത്തിലാണ്. വിശുദ്ധ ഖുർ ആനിൽ അല്ലാഹു വ്യക്തമാക്കുന്നൊരു കാര്യം ഖിലാഫത്ത് സജ്ജനങ്ങൾക്കു ള്ളതാണ് എന്നതാണ്. ഖിലാഫത്ത് വ്യവസ്ഥ നഷ്ടപ്പെട്ട എട്ടുപതിറ്റാണ്ടു കൾ മുസ്ലിംകളിൽ കടന്നുകഴിഞ്ഞു. ഖിലാഫത്ത് അവരിൽ ഒരു വിദൂരവി സ്മൃതിയായി മാറിയിരിക്കുന്നു. ഭൗതി കസമൂഹത്തിലൂണ്ടാവുന്ന കലുഷമായ പ്രക്ഷുബ്ധതയോടും ജീർണതയോടും ധാർമ്മികമായി പ്രതിരോധിക്കാനുള്ള സമൂഹസംവിധാനത്തിന്റെ അഭാവം മുസ്ലിംകളിൽ വരുത്തിയ മൂല്യശോഷ ണങ്ങളും അപചയങ്ങളും വിവരണാതീ തമാണ്. ഈ അവസ്ഥയിൽ സംശുദ്ധ മായൊരു ജീവിതം പടുത്തുയർത്താൻ ശാശ്വത മൂല്യങ്ങളെ പ്രധാനമായി കരു തുന്ന ഒരു വ്യവസ്ഥ ആവശ്യമായി വന്നുകഴിഞ്ഞിരിക്കുന്നു. ആ വ്യവസ്ഥ ഖിലാഫത്തിലൂടെ മാത്രമേ സാധിക്കൂ. ഭാഗ്യവശാൽ അഹ്മദികൾക്ക് അത് കഴി യുന്നുണ്ടെന്ന് ലോകത്തെ ബോധ്യപ്പെ ടുത്താൻ സാധിച്ചിട്ടുണ്ട്. അഹ്മദികളെ സാമൂഹ്യമായ തിന്മകൾ ബാധിച്ചിട്ടില്ല എന്നത് അതിന്റെ പ്രത്യക്ഷസൂചകമാ ണ്. തെറ്റുകൾ മനുഷ്യസഹജമാണ്. ആ തെറ്റുകൾ കൂടി മനസ്സാക്ഷിയുടെ മുന്നിൽ വിചാരണ ചെയ്തു ദൈവ ത്തിനു മുമ്പിൽ പ്രായശ്ചിത്തം ചെയ്ത് പാപപ്പൊറുതിക്കുവേണ്ടി യാചിക്കാനും ഖിലാഫത്ത് മനുഷ്യനെ നിരന്തരം ഓർമ്മിപ്പിക്കുന്നു.

ഖിലാഫത്തുമായുള്ള അഹ്മദി കളുടെ ബന്ധം ബൈഅത്തിന്റേതാണ്. സമ്പൂർണ്ണമായ വില്പന എന്നാണ് അതി ന്നർത്ഥം. പരിശുദ്ധമായ ഒരു ആജ്ഞാ ശക്തിക്ക് സ്വയം വിൽക്കുകയും തദ നുസൃതമായി ജീവിക്കുക എന്നാണ് അതിനർത്ഥം. അതുകൊണ്ടു ഖിലാഫ ത്തിനു കീഴിൽ ആത്മ സംസ്ക്കരണം എന്നത് ഒരഹ്മദിയുടെ അനിവാര്യത യായി മാറുന്നു.

അഹ്മദിയ്യാ ഖിലാഫത്ത് വെറു മൊരു അദ്ധ്യാത്മിക പ്രസ്ഥാനം മാത്ര മല്ല സുനിശ്ചിതമായ സാമൂഹ്യലക്ഷ്യ ങ്ങളുള്ള ഒരു സ്ഥാപനമാണത്. അഗ്നി പരീക്ഷണങ്ങളുടെ അനേകം മുഹൂർ ത്തങ്ങൾ അഹ്മദിയ്യാ ജമാഅത്ത് അഭി മുഖീകരിക്കുകയും വിജയപൂർവ്വം തരണം ചെയ്യുകയും ചെയ്തി ട്ടുമുണ്ട്. ആ പരീക്ഷണകാലം ഇപ്പോഴും ശക്ത മായി തുടരുന്നു. ഇന്ത്യാവിഭജനം അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭങ്ങൾ, ലോകമഹായുദ്ധങ്ങൾ, ഭരണകൂട പീഢ നങ്ങൾ സാമൂഹ്യ ബഹിഷ്ക്കരണങ്ങൾ എന്നിവ അതിൽ ചിലതാണ്. ഈ പരീ ക്ഷണ സന്ദർഭങ്ങളിലെല്ലാം ധാർമിക മൂല്യങ്ങളുടെ സ്വർണ്ണദ്യുതിയിൽ ഒരു മാതൃകാ സ്ഥാപനമായി വർത്തിക്കാൻ അഹ്മദിയ്യാ ഖിലാഫത്തിൽ സാധിച്ചു. വ്യക്തിയുടെ ആത്മ സംസ്കരണ ത്തിൽ ശ്രദ്ധയൂന്നിയും സാമൂഹിക ജീവത്തോട് പ്രതിപ്രവർത്തിച്ചും ഇസ് ലാം മത മൂല്യങ്ങൾക്ക് മാറ്റുക്കൂട്ടിയ പരി പക്വമായ ഒരു ആത്മീയ സംസ്കൃതി യാണ് അഹ്മദിയ്യാ ജമാഅത്തിന്റെ അമൂല്യ സമ്പത്ത്. അഹ്മദിയ്യാ ഖിലാ ഫത്തിന്റെ ഭാവിലോകത്തിന്റെ ആശാ കേന്ദ്രമാക്കണമെന്നതും അത് തന്നെ. ■

കുറിപ്പുകൾ

മുസാഫിർ

# അമേരിക്കയുടെ ക്രൈസ്തവ ശാക്തീകരണവും മുസ്‌ലിം ലോകവും

അമേരിക്കയിലെ ഇലക്ഷന് ഒരാഴ്ച മുമ്പാണ് പ്രശസ്തമായ ജോൺസ് ഹോപ്കിൻ യൂണിവേഴ്സിറ്റിയിലെ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർ ബ്രിട്ടീഷ് സയന്റിഫിക് ജേർണലിൽ സ്തോഭജനകമായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. അതായത് ഒരു ദശകം നീണ്ടുനിന്ന ഇറാക്ക് ഉപരോധത്തിൽ മരിച്ച ദശലക്ഷക്കണക്കിനു ഇറാഖികൾക്ക് പുറമെ, കഴിഞ്ഞ ഒരു വർഷത്തെ ഇറാഖിലെ അമേരിക്കൻ അധിനിവേശത്തിൽ സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധന്മാരുമടക്കം ഒരു ലക്ഷം ഇറാഖികൾ കശാപ്പ് ചെയ്യപ്പെട്ടു എന്നതായിരുന്നു ആ വാർത്ത. അതിന് ശേഷമാണ് മൂന്നു ലക്ഷം പേർ അധിവസിച്ചിരുന്ന ഫലൂജ എന്ന ഇറാഖി നഗരത്തെ അമേരിക്ക ചുട്ടുഭസ്മമാക്കിയത്. ആ നഗരത്തിൽ മാത്രം എത്ര പേർ മരിച്ചുവെന്ന കണക്ക് ഇപ്പോഴും പുറത്ത് വന്നിട്ടില്ല. ജൈവരാസായുധങ്ങൾ കൈവശം വെച്ചുവെന്ന് സംശയിച്ച സദ്ദാം ഹുസൈന്റെ പിടിയിൽ നിന്നും ഇറാഖി ജനതയെ മോചിപ്പിക്കുമെന്ന് പറഞ്ഞ ബുഷ് തന്നെയാണ് ഇറാഖ് ജനതയെ കൂട്ടത്തോടെ കൊന്നൊടുക്കുന്നത്! അമേരിക്കക്ക് പുറത്തുള്ള മനുഷ്യഹൃദയം പേറുന്ന കോടിക്കണക്കിന് മനുഷ്യജീവികൾ ബുഷിനെ അമേരിക്കൻ ജനത ഇലക്ഷനിൽ ഒരു പാഠം പഠിപ്പിക്കുമെന്നു കരുതി. തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ സുസ്മേരവദനനായി ടി.വി.യിൽ പ്രത്യക്ഷപ്പെട്ട പ്രസിഡണ്ട് ബുഷിന്റെ മുഖം കണ്ട് ലോകജനത ഞെട്ടിത്തരിച്ചു. മനുഷ്യക്ലോണിങ്ങ് വരെ നടക്കുന്നുവെന്ന് പറയപ്പെടുന്ന പെർമിസീവ് സൊസൈറ്റിയാണ് അമേരിക്കയുടേത്. പിശാചിന്റെ മൂലകോശങ്ങളുമായി ക്ലോൺ ചെയ്ത ഒരു തലമുറ അമേരിക്കൻ വോട്ടർമാർക്കിടയിൽ ഗണ്യമായ തോതിലുണ്ടോ എന്നാണ് നമ്മുടെ സംശയം. ആത്യന്തികമായി നാം ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. അമേരിക്ക ഒരു രാഷ്ട്രമാണ്. ഗവൺമെന്റല്ല. നാലുവർഷം കൂടുമ്പോൾ അമേരിക്ക മാറുമെന്ന് കരുതുന്നത് മൗഢ്യമാണ്. അമേരിക്കയുടെ യഥാർത്ഥ അധികാരകേന്ദ്രം പാർട്ടികൾ ഉണ്ടാക്കുന്ന 4 വർഷത്തേക്കുള്ള ഗവൺമെന്റല്ല. കൂടുതൽ സുസ്ഥിരവും മതപക്ഷപാതിത്വങ്ങളിലധിഷ്ഠിതവുമായ സ്റ്റേറ്റിനെ നിലനിർത്തുന്ന കോർപറേറ്റ് താല്പര്യങ്ങളാണ്.

ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജോൺ കെറി ബുഷിന്റെ ഇറാഖ് നയങ്ങളെ എതിർത്താലല്ലേ അതൊരു തിരഞ്ഞെടുപ്പ് വിഷയമാവൂ. ഇറാഖിൽ മനുഷ്യവേട്ട നടത്തിക്കൊണ്ടിരിക്കുന്ന അമേരിക്കൻ പട്ടാളക്കാരുടെ അപര്യാപ്തതയെ കുറിച്ചാണ് അയാൾ പരിഭവപ്പെട്ടത്. താൻ ജയിച്ചാൽ 40,000 പട്ടാളക്കാരെകൂടി ഇറാഖിലേക്കയക്കുമെന്നും ആറ് ബില്യൻ ഡോളർ അധികം സൈനിക ചിലവിന് വിനിയോഗിക്കുമെന്നും നോർത്ത് കൊറിയക്കെതിരെ അമേരിക്ക കൂടുതൽ ശൗര്യം കാട്ടുമെന്നുമായിരുന്നു കെറിയുടെ തിരഞ്ഞെടുപ്പ് കാല വാഗ്ദാനങ്ങൾ.

വിവിധ ദേശീയതയും, വംശീയതയും, ഭാഷയും മുള്ള കുടിയേറ്റക്കാരുടെ ബഹുസ്വര സമൂഹമായിരുന്നു അമേരിക്കയുടേത്. വിവിധ സത്വബോധങ്ങളുള്ള അമേരിക്ക അതുകൊണ്ട് തന്നെ ഉദാരതയുടേയും സെക്കുലറിസത്തിന്റേയും പറുദീസയായി മാറി. എന്നാൽ അമേരിക്ക അതിന്റെ ഏകധ്രുവലോക വാഴ്ച ആരംഭിച്ചത് മുതൽ തീവ്ര ക്രിസ്ത്യൻ വലത്പക്ഷത്തേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അമേരിക്കൻ സത്വബോധത്തിന്റെ ആധുനിക ആചാര്യനും അമേരിക്കക്ക് ദിശാബോധം നൽകുന്ന വിവാദ ചരിത്രഗവേഷകനുമായ സാമുവൽ ഹണ്ടിംടന്റെ ഹു ആർ വി (Who Are We) എന്ന പുതിയ പുസ്തകത്തിൽ അമേരിക്കൻ ദേശീയതയുടെ തനത് രൂപം പ്രൊട്ടസ്റ്റന്റ് ക്രൈസ്തവതയാണെന്ന് കണ്ടെത്തിയിരിക്കുന്നു. മതാധിഷ്ഠിതമായ ക്രൈസ്തവ ദേശീയതയെ പ്രോജ്വലിപ്പിച്ചു കൊണ്ടേ അമേരിക്കക്ക് മുന്നോട്ടുപോകാൻ സാധിക്കൂ എന്നാണ് ഹണ്ടിംടന്റെ വാദം. സെപ്തംബർ 11ന്റെ ട്രേഡ് സെന്റർ ആക്രമണത്തിനുശേഷം അമേരിക്കയിലെ എല്ലാ പ്രത്യയ ശാസ്ത്രതർക്കങ്ങളും അവസാനിച്ചുവെന്നും മതത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ നിർവ്വചിക്കുന്ന പുതിയൊരു കാലത്തിന് തുടക്കം കുറിച്ചുവെന്നും ഹണ്ടിംടൺ വാദിക്കുന്നു. ശീതയുദ്ധത്തിനുശേഷം ശത്രുവില്ലാത്ത ശൂന്യത അനുഭവിച്ച അമേരിക്കക്ക് ഇപ്പോൾ രണ്ടേ രണ്ട് ശത്രുക്കളാണുള്ളത്. അതിൽ ഒന്നു തികച്ചും മതപരമായ 'രാഷ്ട്രീയ ഇസ് ലാമും' മറ്റൊന്ന് പ്രത്യയശാസ്ത്രരഹിതമായ ചൈനീസ് ദേശീയതയുമാണെ ന്നുമാണ് അമേരിക്കൻ സൈദ്ധാന്തികനായ ഹണ്ടിംടൺ പറയുന്നത്.

നിയോകൺസർവേറ്റീവ്സ് എന്ന കടുത്ത ക്രൈസ്തമതഭ്രാന്തന്മാരുടേയും യഹൂദികളുടേയും നിഗൂഢമായ ഒരു കൂട്ടുകെട്ടിന്റെ പിടിയിലാണ് ഇന്ന് അമേരിക്ക. ബുഷ് ജയിച്ചത് കടുത്ത ക്രൈസ്തവ മതയാഥാസ്ഥികരുടെ

വോട്ടുബാങ്ക് കൊണ്ടാണെന്ന കാര്യം എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. 2000 ത്തിലെ തിരഞ്ഞെടുപ്പിൽ ജോർജ് ബുഷ് തോൽവിയുടെയും ജയത്തിന്റെയും മദ്ധ്യേ ഊഞ്ഞാലാടി അവസാനം ജയിച്ചു കയറിയവന്നയാളാണ്. ബുഷിന്റെ ഉപദേശകനായ കാൾറോവ്, ബുഷിന്റെ ഒരു തിരഞ്ഞെടുപ്പ് യോഗത്തിൽ കഴിഞ്ഞ അമേരിക്കൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാതിരുന്ന പത്തൊമ്പത് ദശലക്ഷം ക്രിസ്തീയ മതതീവ്രവാദികളായ ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികളെ പ്രീതിപ്പെടുത്തി ഇത്തവണ സ്വാധീനിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ഈ ദൗത്യം മുൻ ക്രിസ്ത്യൻ ഏകോപനസമിതി തലവനായ റാൻഫ് റീഡിനെയാണ് കാൾറോവ് ഏല്പിച്ചത്. വേദപുസ്തകത്തിന്റെ അപ്രമാദിത്വം പ്രഖ്യാപിക്കുകയും കടുത്ത മതവിശ്വാസം പുലർത്തുകയും ചെയ്യുന്ന മതപരിവർത്തനവാദികളായ പ്രൊട്ടസ്റ്റന്റ് സഭകളാണ് അമേരിക്കയിലെ ഇവാഞ്ചലിക്കൽ സഭകൾ.

2004–ലെ അമേരിക്കൻ ഇലക്ഷന് തൊട്ട് മുമ്പ് ഇവാഞ്ചലിക്കൽ നാഷനൽ അസോസിയേഷൻ 'For the Health of Nation, An Evangelical Call for Civic Responsibility. Because Jesus is Lord over every aspect of life'. (ദേശത്തിന്റെ ആരോഗ്യത്തിന്: – പൗരന്മാരുടെ ഉത്തരവാദിത്വങ്ങൾക്കായുള്ള ഒരു ഇവാഞ്ചലിക്കൽ ആഹ്വാനം. കാരണം യേശു ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും നാഥനാവുന്നു) എന്ന തലവാചകത്തോടുകൂടി ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. ജോർജ് ബുഷിനു വേണ്ടി വോട്ട് ചെയ്യാനുള്ള ആഹ്വാനമായിരുന്നു ആ റിപ്പോർട്ടിൽ മുഴുവൻ (Frontline, Dec. 3 2004).

നമ്മുടെ ജമാഅത്തെ ഇസ്‌ലാമിക്കാരുടെ 'നിഖില മേഖലകളിലും ചൂഴ്ന്നു നിൽക്കുന്ന ദൈവികഭരണം' പോലെയുള്ള അത്യന്തം വർഗ്ഗീയ ചുവയുള്ള ക്രൈസ്തവയുടെ ആഹ്വാനമായിരുന്നു അത്. 2000ത്തിലെ തിരഞ്ഞെടുപ്പിൽ തോറ്റിട്ടും ജയിച്ച ബുഷിന്റെ അമാനുഷിക പരിവേഷം ചൂണ്ടിക്കാട്ടി ബുഷിന്റെ പ്രസിഡണ്ട് പദം ഇസ്‌ലാമിക തീവ്രവാദികളെ ആക്രമിച്ചൊതുക്കാനുള്ള ദൈവനിയോഗമാണെന്ന മട്ടിൽ 2003–ൽ അമേരിക്കൻ പ്രതിരോധ അണ്ടർ സെക്രട്ടറി ജനറൽ ജെറി ബോയ്കിൻ, ഗുഡ് ഷെപ്പേർഡ് കമ്മ്യൂണിറ്റിയുടെ ഒറിഗോണിലുള്ള ചർച്ചിൽ വെച്ച് നടന്ന ഒരു മതചടങ്ങിൽ സംസാരിച്ചത് നോക്കൂ:

'ഇപ്പോൾ നിങ്ങൾ സ്വയം ചോദിക്കൂ. എന്തുകൊണ്ട് വൈറ്റ് ഹൗസിൽ ഈ മനുഷ്യൻ (ബുഷ്) വന്നു? അമേരിക്കയിലെ ഭൂരിപക്ഷവും അദ്ദേഹത്തിന് വോട്ട് ചെയ്തിട്ടില്ല. എന്നിട്ടും എന്തുകൊണ്ട് അദ്ദേഹം അവിടെയിരിക്കുന്നു? ഞാൻ ഈ ദിവസം നിങ്ങളോട് പറയുന്നു. ദൈവം അദ്ദേഹത്തെ ഇവിടെ നിർത്തിയത് ഇത്തരമൊരു സന്ദർഭമായതിനാലാണ്.' തന്റെ പ്രസംഗത്തിൽ ബോയ്കിൻ പറഞ്ഞ "ഇത്തരമൊരു സന്ദർഭം'' എന്ന വചനം ബൈബിലെ 'എസ്തേർ' 4:14 നിന്നെടുത്തത്. ആപൽസാധ്യതയുള്ള ഈ സന്ദർഭത്തിൻ ബുഷ് വേണമെന്നതാണ് ദൈവകല്പനയെന്ന് സൂചിപ്പിക്കാനാണ് ബോയ്കിൻ ഈ വചനം ഉദ്ധരിച്ചത് (Frontline, Dec. 2004)

അമേരിക്കൻ ഡിഫൻസ് അണ്ടർ സെക്രട്ടറി ബോയ്കിൻ ഉദ്ധരിച്ച ഈ ബൈബിൾ വചനം അല്പം വിശദീകരിക്കേണ്ടതാണ്. ഇന്ത്യയുൾപ്പെടെയുള്ള പഴയ പേർഷ്യൻ മഹാരാജ്യത്ത് ഭരണം നടത്തിയിരുന്ന അഹശേരോശ് രാജാവിനെക്കുറിച്ച് ബൈബിളിലെ 'എസ്തേർ' എന്ന അദ്ധ്യായത്തിൽ പറയുന്നു. അവിടെ രാജകൊട്ടാരത്തിൽ വിധിവശാൽ എത്തിച്ചേർന്ന് ഒരു യഹൂദസ്ത്രീ രാജാവിന്റെ പട്ട മഹിഷിയായി തീരുകയുണ്ടായി. ആ യഹൂദസ്ത്രീയാണ് 'എസ്തേർ'. അനാഥയായ എസ്തേറിനെ വളർത്തിയത് മെർദേക്കെ എന്ന അമ്മാവനാണ്. കടുത്ത യഹൂദ മതവിശ്വാസിയായ മെർദേക്ക രാജാവിന്റെ മന്ത്രിയായ ഹാമാനെ വണങ്ങാത്തതിന്റെ പേരിൽ മെർദേക്കയേയും യഹൂദവംശത്തെ മുഴുവനും കൊന്നൊടുക്കാൻ ഹാമാൻ വിധിച്ചു. പക്ഷേ യഹൂദസ്ത്രീയാണെന്ന കാര്യം വെളിപ്പെടുത്താത്ത ബുദ്ധിമതിയായ എസ്തേർ രാജ്ഞി ഉപജാപങ്ങളിലൂടേയും തന്ത്രങ്ങളിലൂടേയും മന്ത്രിയെ വധിക്കുകയും മെർദേക്കയേയും യഹൂദ സമൂഹത്തേയും മുഴുവൻ രക്ഷിക്കുകയും ചെയ്തു. കൊട്ടാരത്തിൽ യഹൂദസ്ത്രീയാണെന്ന് വെളിപ്പെടുത്താതെ രാജ്ഞിയായി. കഴിഞ്ഞ എസ്തേറിനോട് അമ്മാവനായ മെർദേക്ക ആപത്തിൽ നിന്നു യഹൂദരെ രക്ഷിക്കണമെന്ന് പറഞ്ഞു നടത്തിയ അഭ്യർത്ഥനയാണ്. 'ഇത്തരമൊരു സന്ദർഭത്തിൽ നീ മൗനം പാലിച്ചാൽ.... നീയും നിന്റെ പിതൃഭവനവും നശിക്കും' (എസ്തേർ 4:14) എന്ന വചനം. യഹൂദന്മാർ അകപ്പെട്ട വിപൽഘട്ടം പോലെയുള്ള ഒരു സന്ദർഭമാണിതെന്നും അത് കൊണ്ട് ക്രിസ്ത്യാനികൾ സന്ദർഭത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ബുഷിനെ തിരഞ്ഞെടുപ്പിൽ വിജയിപ്പിക്കണമെന്നുമുള്ള അഭ്യർത്ഥന ബൈബിൾ വചനങ്ങൾ ഉദ്ധരിച്ച് ബുഷിന്റെ അണ്ടർ സെക്രട്ടറി നടത്തുകയായിരുന്നു. കൂട്ടത്തിൽ ഒരു വേള തോറ്റ ബുഷ് പ്രസിഡണ്ട് പദത്തിലിരിക്കുന്നത് ദൈവഹിതമാണെന്ന് അണ്ടർ സെക്രട്ടറി തട്ടിവിടുകയും ചെയ്തു.

അമേരിക്കയുടെ നേതൃത്വത്തിലുള്ള ഈ ക്രിസ്തീയ ശാക്തീകരണം ഹദീസുകളിൽ വിവരിക്കപ്പെട്ട ദജ്ജാലിന്റെ മുസ്‌ലിം നാടുകൾക്ക് നേരെയുള്ള രൂക്ഷമായ ആക്രമണത്തെ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു. ദജ്ജാലിനെ അഥവാ ക്രൈസ്തവ പാശ്ചാത്യ രാഷ്ട്രീയശക്തിയെ ആയുധം കൊണ്ട് പ്രതിരോധിക്കാൻ സാധ്യമല്ല എന്ന് റസൂൽ തിരുമേനി(സ) ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് മുസ്‌ലിംകളെ ഉണർത്തിയിട്ടുണ്ട്. മസീഹും ഇമാം മഹ്ദിയുമായ ഒരു മഹാത്മാവിലൂടെ ആത്മീയമാർഗ്ഗത്തിലാണ് ദജ്ജാൽ പരാജയപ്പെടുക എന്ന് റസൂൽ തിരുമേനി (സ) പ്രവചിച്ചു. നിരായുധരും ദൈവവോന്മുഖരുമായ പ്രവാചകന്മാർ വലിയ വലിയ ശത്രുസമൂഹങ്ങളെ ജയിച്ചടക്കിയ അതേ അദ്ധ്യാത്മികമാർഗ്ഗത്തിൽ തന്നെയാണ്. വാഗ്ദത്ത മഹ്ദീ മസീഹിന്റെ പ്രവർത്ത

നങ്ങൾ ഉണ്ടായിരിക്കുക. വിശുദ്ധ ഖുർആനിൽ പ്രവാചകവിജയങ്ങളുടെ അത്തരം ചരിത്രങ്ങൾ നിരവധി തവണ ആവർത്തിച്ച് പ്രതിപാദിച്ചിരിക്കുന്നു. ദജ്ജാലിനെ നേരിടാൻ അല്ലാഹു നിയോഗിക്കുന്ന മസീഹ് ഇബ്നു മറിയം യുദ്ധം നിർത്തലാക്കുമെന്ന ഹദീസിന്റെ താൽപര്യം, യുദ്ധം കൊണ്ട് ഒരിക്കലും ദജ്ജാലിനെ ജയിച്ചടക്കാൻ മുസ്ലിംകൾക്ക് സാധ്യമല്ല എന്നാണ്. റസൂൽ തിരുമേനി(സ) പറയുന്നു: "ഏതൊരുവന്റെ കയ്യിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണെ സത്യം. നീതിമാനും വിധികർത്താവുമായി ഇബ്നുമറിയം നിങ്ങളിൽ ഇറങ്ങുന്ന കാലം വരും; അദ്ദേഹം കുരിശു മുറിക്കുകയും (ആശയസമരത്തിൽ ക്രിസ്ത്യാനികളെ പരാജയപ്പെടുത്തും) പന്നിയെ കൊല്ലുകയും (മനുഷ്യനിലെ മൃഗീയവാസനകളെ ഇല്ലാതാക്കി സംസ്കരിക്കും) യുദ്ധം നിറുത്തുകയും ചെയ്യും (വിജയത്തിന് സായുധമാർഗം ഉപേക്ഷിക്കുകയും ചെയ്യും) (ബുഖാരി). റസൂൽതിരുമേനി(സ) യുടെ പ്രവചനപ്രകാരം അല്ലാഹു നിയോഗിച്ച വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) യഥാകാലം വന്നുകൊണ്ട്. മുസ്ലിം നവോത്ഥാനത്തിനുള്ള ദൈവീക പദ്ധതി പ്രേഷണം ചെയ്യുകയും ദജ്ജാലിഫിത്നയെകുറിച്ച് ശക്തമായി താക്കീത് നൽകുകയും അതിനെ അതിജയിക്കാനുള്ള മാർഗ്ഗങ്ങൾ വിവരിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ ഏകനായ ആ മഹാത്മാവിനേയും എണ്ണത്തിൽ കുറഞ്ഞ അനുയായികളേയും തികഞ്ഞ അവജ്ഞയോടെ മുസ്ലിം ലോകം പുച്ഛിച്ചുതള്ളുകയും അദ്ദേഹത്തെ കാഫിറാക്കുകയും ചെയ്തു.

മുസ്ലിംങ്ങൾക്ക് പ്രവാചകപാരമ്പര്യത്തിലുള്ള ഈ ദൈവികമാർഗ്ഗം മറന്നുപോയിരിക്കുന്നു. അവർ ആധുനികാലത്തെ ഭൗതികവിപ്ലവപ്രസ്ഥാനങ്ങളെ അനുകരിച്ച് സായുധസമരങ്ങളുടെ വഴി അവലംബിക്കുകയും, ജിഹാദിന്റെ ആവേശത്തിലുമാണ്. ക്രിസ്തീയ ലോകത്തു നിന്നുള്ള ഈ വമ്പിച്ച സായുധസന്നാഹങ്ങളോട് അദ്ധ്യാത്മിക മാർഗ്ഗം അവലംബിച്ച് എങ്ങിനെ മുസ്ലിംകൾക്ക് വിജയിക്കാനാവും എന്ന സംശയത്തിലാണ് മുസ്ലിംകൾ. വാസ്തവത്തിൽ അല്ലാഹുവിനെ അവർ അവിശ്വസിക്കുന്നു. അദ്ധ്യാത്മിക പ്രഭാവമുള്ള നേതാക്കന്മാർക്ക് പകരം വിഷയലംബടന്മാരും, രാഷ്ട്രീയാധികാര ദുരാവേശമുള്ളവരും വികാരജീവികളും നയിക്കുന്ന മതസമൂഹത്തിന്ന് പ്രവാചകന്മാരുടെ പരിശുദ്ധിയുടെ മാർഗ്ഗം തിരിച്ചറിയാൻ സാധിക്കാതെ വരുന്നു. അവരുടെ മതം രാഷ്ട്രീയം കൊണ്ടും ഭൗതിക പ്രസ്ഥാനങ്ങളുടെ അനുകരണങ്ങൾ കൊണ്ടും മലീമസമായി പോയിരിക്കുന്നു. മുസ്ലിം ലോകം മുഴുവൻ ഈ ജീർണ്ണത ദൃശ്യമാണ്.

പ്രവാചകന്മാർ ശത്രുക്കളോടു പറഞ്ഞ സഹനമാർഗ്ഗം ഖുർആൻ വിവരിക്കുന്നത് കേട്ടാൽ തീവ്രവാദികളായ ഈ വികാരജീവികൾ ഇത് ഖുർആനാണോ എന്ന് സംശയിച്ചേക്കും. മർദ്ദിതരായ പ്രവാചകന്മാർ പറഞ്ഞു: 'നിങ്ങൾ ഞങ്ങൾക്കേല്പിക്കുന്ന മർദ്ദനങ്ങളെ ഞങ്ങൾ സഹിക്കുക തന്നെ ചെയ്യും. ഭരമേൽപിക്കുന്നവൻ അല്ലാഹുവിൽ തന്നെ ഭരമേൽപ്പിക്കട്ടെ. (വി. ഖുർആൻ 14:13) യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടാൽ തിരിച്ച് യുദ്ധം ചെയ്യാനും അവകാശമുണ്ട്. പക്ഷേ ഇസ്ലാം മതപ്രചരണത്തിന്റെ അവിഭാജ്യഘടകമാണ് സായുധ ജിഹാദ് എന്ന് പ്രചരിപ്പിക്കുന്ന അധികാരക്കൊതിയന്മാരായ മുല്ലാക്കളുടെ കൈകളിലാണ് ഇന്ന് ഇസ്ലാം. വളരെക്കാലമായി അവർ പ്രചരിപ്പിക്കുന്ന ഈ ജിഹാദി ഭ്രാന്ത് ഇസ്ലാമിന്ന് യുദ്ധപ്രിയന്മാരുടെയും കലഹക്കാരുടേയും മതം എന്ന അപകീർത്തി വരുത്തിവെച്ചിരിക്കുന്നു. ഇസ്ലാമിന്റെ കാരുണ്യത്തിന്റേയും സ്നേഹത്തിന്റേ വിശുദ്ധ മുഖം നശിപ്പിച്ച ഈ മുല്ലാക്കൾ ഇസ്ലാമിനെ ആക്രമിക്കാൻ തക്കം പാർത്തിരിക്കുന്ന ക്രൈസ്തവ ദജ്ജാലിയത്തിനെ പ്രകോപിപ്പിക്കാൻ കാരണക്കാരാണ്. അവരുടെ ജിഹാദ് വിളികളിൽ മൃഗീയാവേശമല്ലാതെ ദൈവഭക്തിയുടേയും സാത്വികതയുടേയും അടയാളങ്ങളില്ല. ഭൗതികവിജ്ഞാനത്തിന്റെ അങ്ങേത്തല കണ്ട ക്രിസ്തീയ ലോകത്തിന്റെ അപാരമായ സൈനിക ശക്തിയെ പ്രതിരോധിക്കാൻ മുല്ലമാർ നയിക്കുന്ന മുസ്ലിം സമൂഹത്തിന്റെ കൈയ്യിൽ പരസ്പരം പോരടിച്ച കാലത്ത് പാശ്ചാത്യർ സമ്മാനിച്ച കൈതോക്കുകളല്ലാതെ ഒരു മൊട്ടുസൂചിയുണ്ടാക്കുന്ന ടെക്നോളജി പോലും സ്വന്തമായി അഭ്യസിച്ചിട്ടില്ല. മുല്ലമാരുടെ ദുർമന്ത്രണത്തിലൂടെ ഇപ്പോൾ ക്രൈസ്തവ ശക്തികൾക്കെതിരെ ആയുധമെടുക്കുന്ന മുസ്ലിംകൾ ഈയ്യാംപാറ്റകളെ പോലെ മരിച്ചൊടുങ്ങുകയും ചെയ്യുന്ന ദയനീയ കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ക്രിസ്തീയ ലോകത്തിന്റെ കൈകളിലെ ആറ്റംബോംബുകളെ ക്കാൾ സംഹാരശേഷിയുള്ളതും മനുഷ്യഹൃദയത്തിലെ മത, പ്രത്യയശാസ്ത്ര നിർമ്മിതികളെ തകർത്തു തരിപ്പണമാക്കാൻ ശേഷിയുള്ളതുമായ ആശയസമ്പന്നമായ ഇസ്ലാം മതത്തിന്റെ ആദ്ധ്യാത്മിക ധൈഷണിക പ്രഭാവത്തെ ലോക മുസ് ലിംകൾ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

പാശ്ചാത്യക്രൈസ്തവശക്തികൾ വീണ്ടും ആയുധങ്ങൾ സംഭരിക്കുകയാണ്. നാഥനില്ലാത്ത മുസ്ലിം ലോകം ജിഹാദിന്റെ അങ്കകലി ബാധിച്ച അല്പജ്ഞന്മാരായ മുല്ലമാരുടേയും മതരാഷ്ട്രമൗലികവാദികളുടെയും ഭൗതികാസക്തരായ നേതാക്കന്മാരുടേയും പിറകെ തന്നെയാണ്. ഇനിയും അവരുടെ മേൽ പതിക്കാനിരിക്കുന്ന ഭയാനകമായ വിപത്തുകളിൽ നിന്നും അല്ലാഹു മുസ്ലിം ലോകത്തെ രക്ഷിക്കട്ടെ. ഇസ്ലാമിന്റെ നവോത്ഥാനത്തിനും വിജയത്തിന്നുമായി അല്ലാഹു നിയോഗിച്ചതും റസൂൽ തിരുമേനി(സ) പ്രവചനപ്രകാരം ആഗതരുമായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ വിശ്വസിക്കാനുള്ള സൗഭാഗ്യം മുസ്ലിംകൾക്ക് അല്ലാഹു നൽകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

***സാരസംഗ്രഹം: 'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് സ്വയം മാറ്റം വരുത്തുന്നതുവരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല'. (വി. ഖുർആൻ 13:12).*** ■

# യാസിർ അറഫാത്ത്: ഒരോർമ്മയായി

2004 നവ.14 ന് അന്തരിച്ച ഫലസ്തീൻ വിമോചന സംഘടനയുടെ അനിഷേധ്യനായ നേതാവ് യാസിർ അറഫാത്ത് ഒരു പ്രതീകമായിരുന്നു. സ്വന്തം ജന്മദേശത്തു നിന്നും അകാരണമായി ആട്ടിയോടിക്കപ്പെട്ട ദശലക്ഷക്കണക്കിന് വരുന്ന ഫലസ്തീൻ ജനതയുടെ പിറന്ന നാട്ടിലേക്ക് തിരിച്ചുപോവാനുള്ള അദമ്യമായ അഭിലാഷത്തിന്റേയും പോരാട്ടത്തിന്റേയും പ്രതീകം. അതോടൊപ്പം തന്നെ അറബ് ലോകത്തിന്റെ നിസ്സഹായതയുടേയും, അടിമത്വത്തിന്റേയും, ദൈന്യതയുടേയും പ്രതിബിംബാത്മക പ്രതീകവുമായിരുന്നു അദ്ദേഹം. ഫലസ്തീനികളുടെ ജന്മഭൂമി കവർന്നെടുത്ത ഇസ്രയേൽ നീതിയുടേയും മാനവീയതയുടേയും ഒരു തരി വെളിച്ചം പോലും മിന്നിമറിയാത്ത കിരാതത്വത്തിന്റെ ഒരു തമോദ്വാരമാണ്. ചുറ്റുമുള്ള അറബ് ഭൂമിയും വിഭവങ്ങളും വിഴുങ്ങാൻ അത്യാർത്തിയോടെ നിൽക്കുന്ന യഹൂദസാമ്രാജ്യത്തിൽ നിന്നും തങ്ങളുടെ ജന്മഗേഹം വീണ്ടെടുക്കുക എന്ന വ്യഥാസ്വപ്നം പേറി നടന്ന ദുരന്തനായകനായിരുന്നു യാസിർ അറഫാത്ത്. ഗോലിയാത്തിനെ വെല്ലാൻ കഴിയാത്ത പരാജിതനായ ദാവീദായിരുന്നു അദ്ദേഹം...! ലോകരാഷ്ട്രീയത്തിലെ ശാക്തിക ഘടനയുടെ സമവാക്യങ്ങൾ പൊളിച്ചെഴുത്തു നടത്തിയാൽ മാത്രം ഉത്തരം തേടാവുന്ന അഥവാ ദൈവികമായ ഇടപെടലുകൾക്കു മാത്രം ഫലം നൽകാൻ കഴിയുന്ന അദൃശ്യവേരുകളുള്ള ഒരു പ്രശ്നവും പ്രതിഭാസവുമാണ് ഫലസ്തീൻ പ്രശ്നം.

ജെറുസലേമിൽ ജനിച്ച അറഫാത്ത് കൈറോവിലെ വിദ്യാഭ്യാസത്തിനുശേഷം കുവൈത്തിൽ എഞ്ചിനീയറായി ജോലി നോക്കുമ്പോഴായിരുന്നു ഫലസ്തീൻ പോരാട്ടങ്ങളിൽ ആകൃഷ്ടനായത്. 1960ൽ അദ്ദേഹം 'അൽഫത്തഹ്' എന്ന പേരിൽ ഒരു ഫലസ്തീൻ പോരാട്ട സംഘടന രൂപീകരിക്കുകയും ഇസ്രയേലിനെതിരെ ഗറില്ലായുദ്ധങ്ങൾ നടത്തുകയും ചെയ്തു. 1967–ലെ ഈജിപ്ത് ഇസ്രയേൽ യുദ്ധത്തിൽ ഈജിപ്തിന്റെ പരാജയത്തിനുശേഷമാണ് അറഫാത്ത് അന്തർദേശീയമായി ശ്രദ്ധിക്കപ്പെട്ടത്. 1968–ൽ അറഫാത്തിന്റെ നേതൃത്വത്തിൽ ഇസ്രയേലികൾക്കെതിരെ നടത്തിയ വിജയകരമായ ഒരു സൈനികാക്രമണമാണ് അറഫാത്തിനെ പ്രശസ്തിയുടെ ഉയരങ്ങളിലെത്തിച്ചത്. അതിനുശേഷം ഈജിപ്ത് പ്രസിഡണ്ടായിരുന്ന ജമാൽ അബ്ദുന്നാസിറിന്റെ സഹായത്തോടെ അദ്ദേഹം ഫലസ്തീൻ വിമോചന സംഘടനയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. അറഫാത്തിന്റെ, 'അൽഫത്തഹ്' അടക്കം നിരവധി ഗറില്ലാ ഗ്രൂപ്പുകളുടേയും, സമര സംഘടനകളുടേയും ഒരു ഏകോപന സമിതിയാണ് പി.എൽ.ഒ. അഥവാ ഫലസ്തീൻ വിമോചന സംഘടന.


ഇസ്രയേൽ അധിനിവേശത്തിനുശേഷം ഫലസ്തീനികൾ ജോർദ്ദാൻ, ലെബനാൻ, സിറിയ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ അഭയാർത്ഥികളായി കഴിയുകയാണ്. ഫലസ്തീനികളിൽ ഭൂരിഭാഗവും അഭയാർത്ഥികളായി കഴിഞ്ഞിരുന്നത് ജോർദ്ദാനിലായിരുന്നു. ജോർദ്ദാൻ ഭരണം തന്നെ പി.എൽ.ഒ. വിന്റെ കൈകളിലായേക്കുമെന്ന് ഭയന്ന ജോർദ്ദാനിലെ ഹുസൈൻ രാജാവ് ഫലസ്തീൻ ക്യാമ്പുകൾ 1970ൽ ആക്രമിച്ചു. 'ബ്ളാക്ക് സപ്തംബർ' എന്ന പേരിൽ അറിയപ്പെട്ട ഈ കൂട്ടക്കുരുതിയിൽ ആയിരക്കണക്കിന് ഫലസ്തീനികൾ കൊല്ലപ്പെട്ടു. മറ്റാരേക്കാളും ഇസ്രായേലായിരുന്നു ഇതിൽ സന്തോഷിച്ചത്. പിന്നീട് ലബനാനിലേക്ക് താവളം മാറ്റിയ അറഫാത്ത് അവിടെ നിന്നും ഇസ്രയേലിനെതിരെയുള്ള പോരാട്ടം തുടർന്നു. 1978–ൽ ഇസ്രയേൽ അറഫാത്തിനേയും ഫലസ്തീൻ പോരാളികളേയും പുറത്താക്കാൻ വേണ്ടി ക്രിസ്ത്യൻ വലത്പക്ഷ ഫലാഞ്ചലിസ്റ്റുകളുടെ സഹായത്തോടെ ലബനാനിന്റെ ഒരുഭാഗം പിടിച്ചെടുത്തു നിലയുറപ്പിച്ചു. അറഫാത്തും കൂട്ടരും ലബനോൻ വിട്ടുപോകാൻ സമ്മർദ്ദം ചെലുത്തി. അവസാനം അദ്ദേഹം ടുണിസിലേക്ക് പലായനം ചെയ്തു. അറഫാത്ത് ലബനാനിൽ നിന്നു പോയതിനുശേഷം 1982–ൽ ഇന്നത്തെ ഇസ്രയേൽ പ്രധാന മന്ത്രി എരിയൽ ഷാറോണിന്റെ സൈനിക നേതൃത്വത്തിൽ ക്രിസ്ത്യൻ ഫലാഞ്ചലിസ്റ്റുകളുടെ സഹായത്തോടെ ഫലസ്തീനികളുടെ ഷാബ്റ, ശാറ്റില എന്നീ അഭയാർത്ഥി ക്യാമ്പുകൾ അതിഭീകരമായി ആക്രമിച്ചു. നിരായുധരും നിസ്സഹായരും അഭയാർത്ഥികളുമായ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം ആയിരക്കണക്കിന് ഫലസ്തീനികൾ കൊല്ലപ്പെട്ടു. അത്യന്തം ഹൃദയഭേദകമായ ഈ ദാരുണരംഗങ്ങൾ ടുണിസിലെ അഭയാർത്ഥി താവളത്തിലിരുന്ന് ടെലിവിഷനിലൂടെ നോക്കിക്കാണാനുള്ള ദുർവ്വിധിയായിരുന്നു അറഫാത്തിന്നുണ്ടായത്.

1974–ൽ ഇന്ത്യ പി.എൽ.ഒ.ക്ക് വേണ്ടി ഐക്യരാഷ്ട്രസഭയിൽ ഒരു കൂട്ടുപ്രമേയം അവതരിപ്പിക്കുകയും പി.എൽ.ഒ.ക്ക് നിരീക്ഷണപദവി നൽകുകയും ചെയ്തു. ആ വർഷം ഐക്യരാ

*(ശേഷം 41–ാം പേജിൽ)*

# ബി. യം. കോയാസാഹിബിനെ സ്മരിക്കുമ്പോൾ

എ.പി. കുഞ്ഞാമു
(അമീർ, അഹ്മദിയ്യാ ജമാഅത്ത്, കേരള)



മരിച്ചവരുടെ സൽക്കർമ്മങ്ങൾ അനുസ്മരിക്കുക എന്നത് ഇസ്‌ലാമിന്റെ ഒരു പാഠമാണ്. വ്യക്തിയുടെ അവശേഷിപ്പ് നന്മയുടേതായിരിക്കണം എന്നതാണ് അതിന്റെ താല്പര്യം. മജ്‌ലിസ് അൻസാറുല്ലാഹ് കേരള നാസിം അഅ്‌ലാ ബി.യം. കോയാസാഹിബിന്റെ നിര്യാണത്തിൽ എന്റെ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. ഇന്നാലില്ലാഹി വഇന്നാ.....

കഴിഞ്ഞ പത്തിലധികം വർഷമായി അദ്ദേഹം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്‌ലിസ് അൻസാറുല്ലാക്ക് നേതൃത്വം കൊടുത്തുവരികയായിരുന്നു. കേരളത്തിലെ അൻസാറുല്ലാഹ് നാസിം അഅ്‌ലാ ആയിരുന്ന സി. കുഞ്ഞബ്ദുല്ലാഹ് സാഹിബിന്റെ നിര്യാണത്തെ തുടർന്ന് സുബായി അമീർ എന്ന നിലയിൽ ഈ വിനീതൻ ബി. യം. കോയാ സാഹിബിന്റെ പേര് കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുകയും അദ്ദേഹം തൽസ്ഥാനത്ത് നിയമിക്കപ്പെടുകയും ചെയ്തു. പത്ത് വർഷക്കാലം ആ സ്ഥാനത്ത് അദ്ദേഹം തുടരുകയുണ്ടായി. ഈ സ്ഥാനത്തിരിക്കെ അൻസാറുല്ലാക്ക് വേണ്ടി അദ്ദേഹം 'അൻസാർ' എന്ന ഒരു പ്രസിദ്ധീകരണം തുടങ്ങുകയുണ്ടായി. പിന്നീടത് 'സത്യമിത്രം' എന്ന പേരിൽ രജിസ്ട്രേഷനെടുത്തുകൊണ്ട് മാസികയായി പ്രസിദ്ധീകരിക്കാനും അദ്ദേഹത്തിനു സാധിച്ചു. അപ്രകാരം അൻസാറുല്ലായുടെ ചില പ്രസിദ്ധീകരണങ്ങളും സൂറ:ഫാത്തിഹയുടെ വിവർത്തനവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വന്തമായി പ്രിന്റിംങ്ങ് പ്രസ് ഉണ്ടായിരുന്ന ബി.യം. കോയാസാഹിബ് തന്റെ പ്രസ്സിൽ വെച്ച് തന്നെയായിരുന്നു ഇതെല്ലാം അച്ചടിച്ചിരുന്നത്. ഈ രംഗത്ത് അദ്ദേഹം നിർവ്വഹിച്ച സേവനങ്ങൾ പ്രശംസനീയമാണ്. സത്യമിത്രം നഷ്ടം സഹിച്ചുകൊണ്ടാണ് അദ്ദേഹം പുറത്തിറക്കിയത്. അഖിലേന്ത്യാ തഹ്‌രീക്ക് ജദീദ് കമ്മിറ്റിയിലും അംഗമായിക്കൊണ്ടും അദ്ദേഹത്തിന് സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു.

കളമശ്ശേരിയിലെ എച്ച്.എം.ടി.യിൽ ജീവനക്കാരനായിരുന്ന കോയാസാഹിബ് അവിടെ കോൺഗ്രസ് നേതൃത്വത്തിലുള്ള തൊഴിലാളി സംഘടനാരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നു. എഴുതാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ വാസന ചെറുപ്പത്തിൽ തന്നെ പ്രകടമായിരുന്നു. 'ചിന്തന' എന്ന രാഷ്ട്രീയ സാംസ്കാരിക മാസികയും അദ്ദേഹം തുടങ്ങിയത് എഴുതാനുള്ള അദ്ദേഹത്തിന്റെ ശക്തമായ പ്രേരണയുടെ നിദർശനമാണ്. സാഹിത്യകാരന്മാരെയും രാഷ്ട്രീയ നേതാക്കന്മാരെയും സംഘടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് ആ മാസിക നടത്താൻ സാധിച്ചെങ്കിലും വിജയിച്ചു മുന്നോട്ടു പോകാനായില്ല. നല്ലൊരു സാഹിത്യാസ്വാദകനും എഴുത്തുകാരനുമായിരുന്നു കോയാസാഹിബ്. മലയാളത്തിൽ ഒന്നോ രണ്ടോ നോവലുകളും ചെറുകഥകളും എഴുതിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ഗൾഫിൽ നിന്നും വന്നതിനു ശേഷം ഉപജീവനമായി പ്രിന്റിങ്ങ് പ്രസ്സ് തുടങ്ങാനും അദ്ദേഹം തീരുമാനമെടുത്തതും ഈയൊരു സർഗ്ഗവാസനകൊണ്ടാണ്. സത്യമിത്രത്തിലെ തന്നെ പല ലേഖനങ്ങളും അദ്ദേ ഹം തന്നെയാണ് എഴുതാറുണ്ടായിരുന്നത്.

ഊർജ്ജസ്വലനായ ഒരു പ്രവർത്തകനായിട്ടാണ് എപ്പോഴും കോയാസാഹിബിനെ കാണാൻ കഴിഞ്ഞത്. നേതൃഗുണങ്ങളുണ്ടായിരുന്നു അദ്ദേഹത്തിന്. ഔന്നത്യത്തിലേക്ക് പോകാനുള്ള കഴിവുകളുമുണ്ടായിരുന്നു. ആകസ്മികമെന്ന് പറയട്ടെ മരണം അദ്ദേഹത്തെ നമ്മിൽ നിന്നും അല്ലാഹുവിന്റെ സവിധത്തിലേക്ക് എടുത്തുകൊണ്ടുപോയി. ജമാഅത്തിന് വേണ്ടി അദ്ദേഹം ചെയ്ത എല്ലാ സേവനങ്ങൾക്കും അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ജന്നത്തും മഅ്ഫിറത്തും പരേതന് അല്ലാഹു നൽകുമാറാകട്ടെ. സന്തപ്തരായ കുടുംബാംഗങ്ങൾക്ക് സഹനവും അദ്ദേഹത്തിന്റെ വിയോഗം മൂലമുണ്ടായ നഷ്ടവും അല്ലാഹു നികത്തിക്കൊടുക്കട്ടെ. ■

# ഇന്നാലില്ലാഹി......

## മുഹമ്മദ് ഉമർ എച്ച്. എ., കോഴിക്കോട്

"ഉദ്കുറൂ മൌത്താക്കും ബിൽ ഖൈരി' അതായത് നിങ്ങളിൽ നിന്ന് മരിച്ചുപോകുന്നവരുടെ നല്ല കാര്യങ്ങൾ അനുസ്മരിക്കുക.' എന്ന നബിവചനമനുസരിച്ച് ഏതൊരു നല്ല മനുഷ്യൻ മരണപ്പെട്ടാലും അദ്ദേഹത്തെക്കുറിച്ചു നല്ല കാര്യങ്ങൾ എടുത്തുപറയുന്നത് ഒരു സൽക്കർമ്മമാകുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്വാർത്ഥ സേവകനും നല്ലൊരെഴുത്തുകാരനും പ്രഭാഷകനും പണ്ഡിതനും നല്ലൊരു സംഘാടകനും ആയിരുന്ന എന്റെ ചിരകാല സുഹൃത്ത് ജ: ബി.എം. കോയാസാഹിബിന്റെ പെട്ടെന്നുള്ള വിയോഗം ഹൃദയത്തിൽ വല്ലാതൊരു ആഘാതം ഉണ്ടാക്കി. അദ്ദേഹം മരണപ്പെടുന്ന തലേന്ന് ഞാൻ കണ്ണൂർ സിറ്റിയിലായിരുന്നു. അന്നുരാവിലെ അദ്ദേഹവുമായി ടെലിഫോണിൽ ബന്ധപ്പെടുവാൻ സാധിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ആഗ്രഹം മാനിച്ചു നേരിട്ടുകാണുവാൻ സാധിക്കാത്തതിനാൽ വല്ലാത്തൊരു ഖേദം എന്നെ പീഡിപ്പിക്കുകയുണ്ടായി.

എനിക്കാദ്യമായി അദ്ദേഹത്തെ പരിചയപ്പെടാൻ സാധിച്ചത് 1961–ൽ പഴയങ്ങാടിയിൽ വെച്ചുനടന്ന ഒരു നബിദിനയോഗത്തിൽ വെച്ചായിരുന്നു. അന്നു ഞങ്ങളിരുവരും പ്രാസംഗികന്മാരായിരുന്നു. അതിന്നുശേഷം അദ്ദേഹം എച്ച്.എം.ടി.യിലും പിന്നീട് വിദേശത്തും ഞാൻ ഹൈദരാബാദു, ബോംബെ, മദ്രാസ് എന്നീ ജമാഅത്തുകളിലും താന്താങ്ങളുടെ സേവനത്തിൽ നിരതരായത് കൊണ്ടു ബന്ധപ്പെടാൻ സാധിച്ചില്ലെങ്കിലും 1990ൽ കേരളത്തിൽ മുബല്ലിഗായി ചാർജ്ജെടുത്തത് മുതൽ അവസാന നിമിഷം വരെ ഈ സുഹൃദ്ബന്ധം സുദൃഢം നിലനിന്നുവന്നിരുന്നു.

1993–ൽ അൻസാറുല്ലാഹ് കേരള നാസിം അഅ്‌ല ആയത് മുതൽ പരേതൻ തന്റെ മരണം വരെ വളരെ സ്തുത്യർഹമായ നിലയിൽ ഈ ഉദ്യോഗം വഹിച്ചുപോന്നു. അങ്ങനെ കേരളത്തിൽ ഉള്ള അൻസാറുല്ലാക്ക് പുതിയൊരുന്മേഷവും ചൈതന്യവും ഉണ്ടാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഖാദിയായിനിൽ ഈ വർഷം നടന്ന മജ്‌ലിസ് അൻസാറുല്ലാഭാരതിന്റെ വാർഷിക ഇജ്ത്തിമായിൽ ഇന്ത്യയിലെ ഏറ്റവും നല്ല നാസിം അഅ്‌ലാ ആയി അദ്ദേഹത്തെ തിരഞ്ഞെടുക്കുകയുണ്ടായി. കേരള മജ്‌ലിസ് അൻസാറുല്ലാഹ് ഇന്ത്യയിലെ ഏറ്റവും നല്ല സുബായി മജ്‌ലിസായും തെരഞ്ഞെടുക്കപ്പെട്ടതിൽ മർഹൂമിന്നു പാരിതോഷികങ്ങൾ നൽകപ്പെട്ടു. കൂടാതെ മജ്‌ലിസിന്റെ വകയായി അഖിലേന്ത്യാ തലത്തിൽ നടന്ന പ്രബന്ധമത്സരത്തിൽ പരേതൻ ഒന്നാം സമ്മാനത്തിനും ജ: അശ്റഫ് അലി സാഹിബ് (മൊഗ്രാൽ) രണ്ടാം സമ്മാനത്തിനും അർഹരായ കാര്യവും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. 1988 ൽ അതിന്നുമുമ്പും കേരള ജമാഅത്തെ അഹ്മദിയ്യായുടെ മുഖപത്രമായ സത്യദൂതന്റെ പത്രാധിപത്യം സ്തുത്യർഹമായ നിലയിൽ നിർവ്വഹിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചു.

ഗ്രന്ഥകുതുകിയായിരുന്ന പരേതൻ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വലിയൊരു ഗ്രന്ഥശേഖരം തന്നെ തന്റെ വിജ്ഞാനപോഷണത്തിന്നായി സംഭരിച്ചിരുന്നു. അദ്ദേഹം പല ഗ്രന്ഥങ്ങളും രചിക്കുകയും വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹസ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ ദഅ്‌വത്തുൽ അമീർ എന്ന ഗ്രന്ഥത്തിന്റെ ആംഗ്ലേയ വിവർത്തനമായ Invitation to Ahmadiyyat എന്ന ഗ്രന്ഥം അദ്ദേഹം മലയാളത്തിൽ വിവർത്തനം ചെയ്തിരുന്നു. എന്നാൽ തന്റെ വിവർത്തനം മൂലഗ്രന്ഥമായ ദഅ്‌വത്തുൽ അമീറുമായി തുലനം ചെയ്തു വേണ്ടുന്ന തിരുത്തൽ ചെയ്യുവാനായി മൗലാനാ മുഹമ്മദു അബുൽ വഫാ സാഹിബിന്റെയും അദ്ദേഹത്തിന്നുശേഷം എന്റെയും സഹായം അദ്ദേഹം തേടിയിരുന്നു. അങ്ങിനെ ഞങ്ങളിരുവരും ചില ദിവസങ്ങൾ ഇതിന്നായി ഉപയോഗപ്പെടുത്തിയിരുന്നുവെങ്കിലും ഈ മഹൽകൃത്യം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല.

2001 ജൂലായ് മുതൽ 2004 സെപ്തംബർ വരെ മർഹൂമിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകൃതമായ സത്യമിത്രം മാസിക കേരള അഹ്മദിയ്യാ സാഹിത്യത്തിൽ ഒരു മുതൽ കൂട്ടായിരുന്നു. പല പ്രാവശ്യവും ജ:കോയാ സാഹിബ് സത്യമിത്രത്തിൽ ലേഖനം എഴുതിക്കൊണ്ടിരിക്കുമ്പോൾ ശറഹിയായും ദീനിയായും വല്ല സംശയവും തോന്നുകയാണെങ്കിൽ ഞാനു

# ബി. യം. കോയാ സാഹിബ്: തഹ്‌രീക്ക്‌ജദീദ്‌ഓഫീസിൽ നിന്നുള്ള അനുശോചനം

തഹ്‌രീക് ജദീദു അഞ്ചുമൻ അഹ്മദിയാ ഖാദിയാൻ അംഗമായിരുന്ന ബി.യം. കോയാസാഹിബിന്റെ വിയോഗത്തിൽ മജ്‌ലിസ് തഹ്‌രീക്ക് ജദീദ് ദുഃഖം രേഖപ്പെടുത്തുകയും പരേതന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ബി.യം. കോയാസാഹിബ് ലളിത സ്വഭാവത്തിന്റെ ഉടമയായിരുന്നു. നല്ല പ്രകൃതവും നമസ്കാരം, നോമ്പ് എന്നിവയിൽ കൃത്യനിഷ്ഠയുമുള്ള ദേഹവും കേന്ദ്രപ്രതിനിധികളെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ആളുമായിരുന്നു പരേതൻ. കാലത്തിന്റെ ഖലീഫയിൽ നിന്നുണ്ടാകുന്ന എല്ലാ പദ്ധതികളിലും അദ്ദേഹം പങ്കെടുത്തിരുന്നു. ജമാഅത്തിയായ എല്ലാ കാര്യങ്ങളിലും വളരെയധികം കർമ്മനിരതനായിരുന്നു. സ്വന്തമായി BRB Printing Press നടത്തിയിരുന്ന അദ്ദേഹം. ജമാഅത്തിന്റെ ചില ഗ്രന്ഥങ്ങളും അതിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ജമാഅത്തിന്റെ മാസികകൾ മുതലായവയും പ്രസിദ്ധീകൃതമായിക്കൊണ്ടിരുന്നു.

കേരള മജ്‌ലിസ് അൽസാറുല്ലായുടെ നാസിം എന്ന ഉദ്യോഗം ലഭിച്ചതിന്നുശേഷം കേരള മജ്‌ലിസ് അൻസാറുല്ലാ വകയായി പ്രസിദ്ധീകൃതമാകുന്ന സത്യമിത്രം മാസികയുടെ പത്രാധിപർ, മാനേജർ എന്നീ സ്ഥാനങ്ങൾ വഹിച്ചു സ്തുത്യർഹമായ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്നു. ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ വഴിയും ജമാഅത്തിന്നു സേവനം ചെയ്യുന്നതിന്നുള്ള അവസരം ലഭിച്ചുകൊണ്ടിരുന്നു. ഈ വർഷം അൻസാറുല്ലാഭാരതിന്റെ വാർഷിക ഇജ്തിമായിൽ പങ്കെടുക്കാൻ ഖാദിയാനിൽ വരികയും നല്ല പ്രവർത്തനങ്ങൾക്കുള്ള സമ്മാനം കരസ്ഥമാക്കുകയും ചെയ്യുകയുണ്ടായി. കുറച്ചുകാലം കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡണ്ടായിരുന്നു. മരണസമയത്ത് പരേതന്ന് 64

മായി ടെലിഫോണിൽ ബന്ധപ്പെട്ടു സംശയനിവൃത്തി വരുത്തുകയും ആശയവിനിമയം നടത്തുകയും ചെയ്യാറുണ്ടായിരുന്നു. ആത്മാർത്ഥതയും നിശ്ചയദാർഢ്യതയും അദ്ദേഹത്തിന്റെ സവിശേഷഗുണങ്ങളായിരുന്നു.

അദ്ദേഹത്തിന്റെ വിയോഗം ജമാഅത്തിന്നു വലിയൊരു ഉലച്ചിലും നഷ്ടവും ഉണ്ടാക്കിയിട്ടുണ്ടെന്നതിൽ സംശയമില്ല. എന്നാൽ അതിന്നു വിശുദ്ധ ഖുർആൻ ഒരു സാന്ത്വനം നൽകുന്നു. അതായത് വല്ല ആപത്തും സംഭവിക്കുകയാണെങ്കിൽ ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി ഊൻ – നാം എല്ലാം അല്ലാഹുവിൽ നിന്നുള്ളവരാണ് നാം അവനിലേക്കു തന്നെ തിരിച്ചുചെല്ലുന്നവരാണ് എന്ന് ഓതുവാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അതെ, ആരുടെയെങ്കിലും ചരമവാർത്ത അറിഞ്ഞാൽ നാം ആദ്യമായുച്ചരിക്കുന്ന വചനവും ഇതുതന്നെയാണ്. എന്നാൽ ഇതിൽ മരണം പ്രാപിച്ചയാളെക്കുറിച്ച് ഒന്നും അനുസ്മരിക്കപ്പെടുന്നില്ല. മറിച്ചു അവശേഷിക്കുന്നവരെപ്പറ്റിയാണ് പരാമർശിക്കപ്പെടുന്നത്. ചരമം പ്രാപിച്ചയാൾ തന്റെ കർമ്മവും കൊണ്ടു തന്റെ യജമാനനായ അല്ലാഹുവിങ്കലേക്ക് തിരിച്ചു ചെന്നിരിക്കുന്നു. ഇപ്പോൾ നാമിതാ അവശേഷിക്കുന്നു. നാമും നമ്മുടെ കർമ്മങ്ങളും കൊണ്ടു പരേതനെപ്പോലെ അല്ലാഹുവിങ്കലേക്ക് തിരിച്ചു ചെല്ലേണ്ടവരാണ്.

ഈയവസരത്തിൽ ഹ:നബികരിം(സ) തിരുമേനിയുടെ ഒരു തിരുവചനം സ്മൃതിപഥത്തിൽ വരുന്നു. ഒരാൾ മരണപ്പെട്ടാൽ ഈ ദുൻയാവിൽ മൂന്നു കാര്യങ്ങളൊഴിച്ചു അയാളുടെ മറ്റൊരു കർമ്മവും അവശേഷിക്കുന്നില്ല. ഈദുൻയാവിൽ അവശേഷിക്കുന്ന മൂന്നുകാര്യങ്ങൾ ജനങ്ങൾക്കു എന്നെന്നും പ്രയോജനമേകുന്ന പരേതൻ വിട്ടുചെന്ന അറിവ്, എന്നെന്നും നിലനിൽക്കുന്ന പരേതന്റെ സദ്ഖ ജാരിയ അഥവാ ദാനധർമ്മങ്ങൾ, തങ്ങളുടെ മാതാപിതാക്കൾക്കായി ദുആ ചെയ്യുന്ന സാത്വികരായ സന്തതികൾ എന്നിവയാണ്.

തങ്ങളുടെ മരണശേഷം പ്രസ്തുത മൂന്നുകർമ്മങ്ങളും വിട്ടുചെല്ലുവാനുള്ള സൗഭാഗ്യം അല്ലാഹു നമുക്കു തന്നനുഗ്രഹിക്കുമാറാകട്ടെ. പരേതന്ന് അല്ലാഹു മഗ്ഫിറത്തും നിത്യശാന്തിയും നൽകിയനുഗ്രഹിക്കുമാറാകട്ടെ. പരേതന്റെ ഭാര്യക്കും മക്കൾക്കും ഇതരബന്ധുക്കൾക്കും ഈ തീരാദുഃഖം സഹിക്കുവാനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. മർഹുമിന്റെ വിയോഗം മൂലം ജമാഅത്തിന്നുണ്ടായ വിടവ് അല്ലാഹു തന്റെ മഹത്തായ അനുഗ്രഹത്താൽ നികത്തിത്തരുമാറാകട്ടെ. ആമീൻ

ഒരറബി കവി പാടുകയുണ്ടായി.

'അന്തല്ലദീ വലദത് ഉമ്മുക്ക ബാക്കിയൻ വന്നാസു ഹൌലക്ക യള്ഹക്കൂനസുറൂറാ–ഫഹ്രിസ് അലാ അമലിൻ തക്രൂനു ഇദാ ബക്കൂ വഹ്ത്തിമൗത്തിക്ക ഊഹിക്കൻ മസ്റൂറാ' – അല്ലയോ മനുഷ്യാ നിന്റെ മാതാവ് നിന്നെ പ്രസവിച്ചപ്പോൾ നീ കരയുകയും നിന്റെ ചുറ്റും കൂടിയിരുന്നവർ ചിരിക്കുകയുമായിരുന്നു. എന്നാൽ നിന്റെ മരണസമയത്ത് നീ ചിരിക്കുകയും മറ്റുള്ളവർ കരയുകയും ചെയ്യത്തക്കരീതിയിൽ നീ ജീവിതം നയിക്കുക.

■

വയസ്സായിരുന്നു. തന്റെ വിധവയെ കൂടാതെ ആറു ആൺമക്കളെയാണദ്ദേഹം വിട്ടു പോയിരിക്കുന്നത്. അവരിൽ മൂന്നു പേർ വിവാഹിതരാണ്.

പരേതൻ തഹ്രീക് ജദീദു അഞ്ചുമൻ അഹ്മദിയുടെ അംഗമായിരുന്നു. ബി.യം. കോയാ സാഹിബിന്റെ പെട്ടെന്നുള്ള നിര്യാണത്തിൽ മജ്ലിസ് തഹ്രീക് ജദീദു അംഗങ്ങൾ അഗാധ ദുഃഖം രേഖപ്പെടുത്തുന്നു. മജ്ലിസിലെ എല്ലാ അംഗങ്ങളും അദ്ദേഹത്തിന്റെ പെട്ടെന്നുള്ള മരണത്തിൽ അദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും ഇതര ബന്ധുക്കളെയും ഹൃദയാത്മനാ അനുശോചനമറിയിക്കുകയും എല്ലാ ബന്ധുക്കൾക്കും നല്ല ക്ഷമ കൊടുക്കുകയും ചെയ്യുവാൻ അല്ലാഹുവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ തിരുമാനം തഹ്രീക് ജദീദ് ഓഫീസിൽ റിക്കാർഡ് ചെയ്യുകയാണ്. ഈ അനുശോചനപ്രമേയത്തിന്റെ പകർപ്പുകൾ പരേതന്റെ ഭാര്യക്കും മക്കൾക്കും ജമാഅത്തിലെ പത്രമാസികകൾക്കും അയച്ചുകൊടുക്കുവാനും തീരുമാനിക്കുകയുണ്ടായി.

നായിബ് വക്കീലുൽമാൽ
തഹ്രീക് ജദീദു അഞ്ചുമൻ
അഹ്മദിയാ, ഖാദിയാൻ
ടി 405/7-11-07

■

---

(37 -ാം പേജിൽ നിന്ന് തുടർച്ച)

ഷ്ട്രസഭയെ അഭിമുഖീകരിച്ചുകൊണ്ട് അറഫാത്ത് നടത്തിയ പ്രസംഗം വികാരനിർഭരമായിരുന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ ഒരു കൈയ്യിൽ സമാധാനത്തിനുവേണ്ടി ഉയർത്തിപിടിച്ച ഒലീവ് ചില്ലയും മറുകൈയ്യിൽ അത് സംരക്ഷിക്കാൻ ഒരു തോക്കുമുണ്ട്. ദയവു ചെയ്ത് ഒലീവ് ചില്ല താഴെ വീഴാൻ അനുവദിക്കരുത്.' 1988-ൽ അൾജിയേഴ്സിൽ വെച്ച് പി.എൽ.ഒ. സമ്മേളനത്തിൽ അറഫാത്ത് സ്വതന്ത്ര ഫലസ്തീൻ പ്രഖ്യാപനം നടത്തുകയും ജെറുസലേം അതിന്റെ തല്സ്ഥാനമായിരിക്കുമെന്ന് പറയുകയും ചെയ്തു. കൂടെ ഇസ്രയേലിന്റെ അസ്തിത്വവും അദ്ദേഹം അംഗീകരിച്ചു. 1991-ലെ ഗൾഫ് യുദ്ധത്തിൽ സദ്ദാം ഹുസൈനെ പിന്തുണച്ചതിന്റെ പേരിൽ അദ്ദേഹം അറബ് ലോകത്ത് നിന്നും ഒറ്റപ്പെട്ടു. മർദ്ദിതരായ ഇറാഖ് ജനതയോട് മറ്റൊന്നും നോക്കാതെ ഐക്യദാർഢ്യം പ്രഖ്യാപിച്ചതിന്റെ പേരിൽ അറഫാത്ത് ഏറെ സഹിക്കേണ്ടി വന്നു.

പോരാട്ടങ്ങളുടെ നിഷ്ഫലതയും അതിന്റെ തിക്തയാഥാർത്ഥ്യങ്ങളും പരിതസ്ഥിതികളുടെ പ്രതികൂലാവസ്ഥയുമെല്ലാം അറഫാത്ത് എന്ന പോരാളിയെ തളർത്തുകയായിരുന്നു. അദ്ദേഹം നയതന്ത്രത്തിന്റെ പാതയിലേക്ക് വഴിമാറി. നാടും വീടും നഷ്ടപ്പെട്ട ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന്റെ വക്കാലത്തുമായി അദ്ദേഹം ലോകനേതാക്കന്മാരുടെ അധികാരകേന്ദ്രങ്ങളിലേക്ക് നിരന്തരം യാത്രകൾ നടത്തി. ഇസ്രയേലുമായി സമാധാനസംഭാഷണത്തിനുള്ള വേദിയൊരുങ്ങി 1993-ൽ അമേരിക്കയുടെയും റഷ്യയുടേയും കാർമ്മികത്വത്തിൽ ഇസ്രയേൽ പ്രധാനമന്ത്രി ഇസ്ഹാഖ് റബിനുമായി അറഫാത്ത് ഹസ്തദാനം നടത്തി. ഒസ്ലോ കരാറിൽ ഒപ്പുവെച്ചു. 28 ശതമാനം ഫലസ്തീൻ ഭൂമി സ്വയംഭരണാവകാശത്തോടെ ഫലസ്തീനികൾക്ക് നൽകണമെന്നായിരുന്നു കരാർ. ഫലസ്തീനികൾക്ക് പ്രതികൂലമായി അനേകം വ്യവസ്ഥകളുള്ള ആ കരാർ ഒപ്പുവെച്ചതിന്റെ പേരിൽ സ്വന്തം ജനതയിൽ നിന്നും നിരവധി എതിർപ്പുകൾ അറഫാത്തിന് സഹിക്കേണ്ടി വന്നെങ്കിലും അറഫാത്ത് ഓസ്ലോ കരാറിൽ ഒപ്പുവെക്കുകയുണ്ടായി. ഇതിന്റെ പേരിൽ അറഫാത്തിനും റബിനും നോബൽസമ്മാനവും ലഭിച്ചു. 1995ൽ ഓസ്ലോ കരാർ ഒപ്പുവെച്ച ഇസ്ഹാഖ് റബീൻ ജൂത തീവ്രവാദികളുടെ വെടിയേറ്റു മരിച്ചു. കരാറുകളും വാഗ്ദാനങ്ങളും ഒരിക്കലും പാലിച്ചിട്ടില്ലാത്ത ഇസ്രയേൽ ഒരിഞ്ചു ഭൂമിയും ഫലസ്തീനികൾക്ക് വിട്ടുകൊടുത്തില്ല. അധിനിവേശ ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ തകൃതിയായി തുടരുകയും ചെയ്യുന്നു.

കൊടിയ ക്രൂരതകൾക്ക് കുപ്രസിദ്ധനായ ഷാരോൺ അധികാരമേറ്റതിനു ശേഷം അൽ അഖ്സ പള്ളിയിലേക്ക് നടത്തിയ പ്രകോപനപരമായ സന്ദർശനം മുതൽ ഫലസ്തീനികൾ പ്രക്ഷുബ്ധരാണ്. മാർച്ച് 2002 മുതൽ അറഫാത്ത് വെസ്റ്റ് ബാങ്കിലെ റാമല്ലയിൽ ഇസ്രയേലിന്റെ തടവിലായിരുന്നു. ഇസ്രയേലിന്റെ ബോംബിംഗിൽ ഇടിഞ്ഞു പൊളിഞ്ഞ പലസ്തീൻ അതോറിറ്റിയുടെ ഓഫീസിൽ ജനാലകളും വായുഗതാഗതവും ശുചീകരണ സംവിധാനങ്ങളുമില്ലാത്ത ഒരു ഇരുട്ടു മുറിയിൽ ഷാറോ ന്റെ വധഭീഷണിക്കു മുമ്പിൽ, കഴിയുമ്പോഴാണ് യാസിർ അറഫാത്ത് രോഗബാധിതനായത്. ഒരുപാട് അഴിമതി ആരോപണങ്ങൾക്കും സ്വജനപക്ഷപാതപരമായ നിലപാടുകൾക്കും വിധേയനാണ് യാസർ അറഫാത്ത്. എന്തുതന്നെയാണെങ്കിലും തന്റെ ജനങ്ങൾക്ക് വേണ്ടി ഇത്രയേറെ ദുരിതങ്ങൾ അനുഭവിക്കുകയും സ്വന്തം ജനതയാൽ ഇത്രയേറെ സ്നേഹിക്കപ്പെടുകയും ചെയ്ത മറ്റൊരു നേതാവ് സമകാലീന രാഷ്ട്രീയ ചരിത്രത്തിലില്ല. റാമല്ലയിലെ ദുരിതപൂർണ്ണമായ ജീവിതത്തിൽ നിന്ന് അവസാ നം അദ്ദേഹത്തിന്ന് മറ്റെങ്ങോട്ടെങ്കിലും പോകാമായിരുന്നെങ്കിലും മരണം വരെ തന്റെ ജനതയോടൊപ്പം നിൽക്കാനാണ് അറഫാത്ത് ഇഷ്ടപ്പെട്ടത്. യാസിർ അറഫാത്ത് ലോകമനഃസ്സാക്ഷിക്ക് മുമ്പിൽ മർദ്ദിതരും പീഡിതരുമായ ജനതക്ക് വേണ്ടി ഒരു ചോദ്യം അവശേഷിപ്പിച്ചുകൊണ്ടാണ് കടന്നു പോയത്. അകാരണമായി സ്വ ന്തം ജന്മദേശത്ത് നിന്നു പുറത്താക്കപ്പെട്ട ഫലസ്തീനികൾക്ക് സ്വന്തം നാട്ടിൽ ജീവിക്കാൻ അവകാശമില്ലെ? സമകാലീന ലോകനേതാക്കന്മാരുടെ ബധിരകർണ്ണങ്ങൾ ആ ചോ ദ്യം കേട്ടില്ലെന്ന് വരാം. പക്ഷേ മർദ്ദിതന്റേയും ദൈവത്തിന്റെയും ഇടയിൽ മറയില്ല എന്ന കാര്യം റസൂൽ തിരുമേനി (സ) പറഞ്ഞതാണ്. ആ തിരുവചനത്തേക്കാൾ വലിയ സത്യമില്ല. അനീതിയുടെ ഈ കപടലോക വ്യവസ്ഥക്ക് മേൽ വർദ്ധിച്ചുവരുന്ന മർദ്ദിതരുടെ രോദനങ്ങൾ തീ മഴപോലെ വർഷിച്ച് അവ നാമാവശേഷമാവുക തന്നെ ചെയ്യും. ഇൻശാ അല്ലാഹ് ■

അനുസ്മരണം
വാർത്ത

# ബി.യം. കോയാസാഹിബ്

**എ. എം. മുഹമ്മദ് സലീം**

മജ്ലിസ് അൻസാറുല്ലാഹ് കേരള നാസിംഅഅ്ലായും സത്യദൂതൻ മുൻ പത്രാധിപരുമായിരുന്ന ബി.യം. കോയാ സാഹിബിന്റെ നിര്യാണത്തിൽ സത്യദൂതന്റെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

സുദീർഘമായ ഒരു ദശകം അദ്ദേഹം അൻസാറുല്ലാനാസിം അഅ്ലാ ആയി പ്രവർത്തിച്ചു. തഹ്‌രീക്ക് ജദീദിന്റെ അഖിലേന്ത്യാ കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരുന്നു. ഇത് അദ്ദേഹത്തിന്റെ ജമാഅത്തിയായ പ്രവർത്തനങ്ങൾക്ക് ലഭിച്ച മഹത്തായ ഒരു അംഗീകാരമായിരുന്നു. 1988 ജൂൺ മുതൽ ഒക്ടോബർ വരെ സത്യദൂതന്റെ പത്രാധിപരായിരുന്ന ബി.യം. കോയാസാഹിബ് നല്ലൊരു എഴുത്തുകാരനും പ്രത്യേക സാഹിത്യശൈലിക്കുടമയുമായിരുന്നു. സംഘാടനരംഗത്തും മികവ് കാട്ടിയ അദ്ദേഹം പ്രഭാഷണകലയിലും പ്രാഗത്ഭ്യം തെളിയിക്കുകയുണ്ടായി. 2001–ൽ അൻസാറുല്ലാ മുഖപത്രമായി അദ്ദേഹം ആരംഭിച്ച 'സത്യമിത്രം' പലപ്പോഴും സത്യദൂതന്റെ കുറവുകൾ നികത്തിയ ഒരു പൂരണ പ്രസിദ്ധീകരണമായി മാറുകയായിരുന്നു. എഴുത്ത് കോയാസാഹിബിന് ഒരു അഭിനിവേശമായിരുന്നു. സത്യമിത്രത്തിലെ പല ലേഖനങ്ങളും അദ്ദേഹം തന്നെയായിരുന്നു എഴുതിയിരുന്നത്. 'വ്യഭിചാരം: എറിഞ്ഞുകൊല്ലലും നൂറടിയും' എന്നതായിരുന്നു അദ്ദേഹമെഴുതിയ കൃതി. 'സൂറ:ഫാത്തിഹ' അദ്ദേഹത്തിന്റെ ഒരു വിവർത്തന കൃതിയാണ്. വലിയൊരു ഗ്രന്ഥശേഖരത്തിന്റെ ഉടമയായ അദ്ദേഹം കോഴിക്കോട്ടെ ജമാഅത്തിന്റെ ലൈബ്രറിക്ക് ധാരാളം ഗ്രന്ഥങ്ങൾ സംഭവന നൽകിയത് സ്മരണീയമാണ്.

മലയാള സാഹിത്യത്തിലും കോയാസാഹിബ് തല്പരനായിരുന്നു. സ്വന്തമായി ഒരു പ്രിന്റിംങ്ങ് പ്രസ്സിന് ഉടമയായിരുന്ന അദ്ദേഹം ആരംഭിച്ച രാഷ്ട്രീയ സാഹിത്യവാരികയായിരുന്നു 'ചിന്തന'. വടക്കൻ കേരളത്തിലെ പ്രഗത്ഭരായ സാഹിത്യകാരന്മാർ ചിന്തനയിൽ അണിനിരന്നിരുന്നു. നോവൽ സാഹിത്യത്തിലും അദ്ദേഹം കൈവെക്കുകയുണ്ടായിട്ടുണ്ട്. 'മൗനത്തിന്റെ ശബ്ദം', 'വെളുത്ത പുക 'എന്നിവ അദ്ദേഹമെഴുതിയ നോവലുകളാണ്. കൊച്ചിയിലെ എച്ച്.എം.ടിയിൽ ജോലി ചെയ്ത അദ്ദേഹം തൊഴിലാളി സംഘടനാരംഗത്തും പ്രവർത്തിക്കുകയുണ്ടായി. അങ്ങിനെ ബഹുമുഖമായ കഴിവുകൾകൊണ്ട് അനുഗ്രഹീതനായിരുന്നു അദ്ദേഹം. മരിക്കുന്നതിന് രണ്ട് ആഴ്ചകൾ ക്കു മുമ്പ് കോഴിക്കോട് വന്നപ്പോൾ ഞ ങ്ങൾ സൗഹൃദസംഭാഷണം നടത്തി, വളരെ പ്രസന്നവദനനായാണ് അദ്ദേഹം പിരിഞ്ഞത്. മരണം ഇത്ര ആകസ്മികമായി അദ്ദേഹത്തിൽ സംഭവിക്കുമെന്ന് കരുതിയില്ല. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

മക്കൾ : മൻസൂർ സാഹിബ്, നിസാർ സാഹിബ്, സിദ്ദീഖ് സാഹിബ്, നസീം സാഹിബ്, ജസിം സാഹിബ്, ഹസിം സാഹിബ്, ഭാര്യ ഫാത്തിമ സാഹിബ. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹം ചെയ്ത എല്ലാ നല്ല സേവനങ്ങൾക്കും അത്യുദാരനായ അല്ലാഹു പ്രതിഫലം നൽകട്ടെ.
(ആമീൻ)

# പി.പി. നാസിറുദ്ദീൻ സാഹിബ് : നാസിം അഅ്ലാ



**കോഴിക്കോട്:** മജ്ലിസ് അൻസാറുല്ലാഹ് കേരളയുടെ നാസിം അഅ്ലാ ആയി പഴയങ്ങാടി സ്വദേശിയും മുൻ പഴയങ്ങാടി ജമാഅത്ത് അമീറുമായ പി. പി. നാസിറുദ്ദീൻ സാഹിബും നായിബ് നാസിം അഅ്ലയായി സജിത് പടിയത്ത് സാഹിബും (എറണാകുളം) യു. മൻസൂർ അഹ്മദ് സാഹിബും (മട്ടന്നൂർ) നിയമിതരായതായി സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് അറിയിച്ചു.

കോഴിക്കോട് മാർക്കർ ഹൗസ് മഹ്മൂദ് സാഹിബിന്റെ മകനാണ് പി. പി. നാസിറുദ്ദീൻ. ഭാര്യ ഹമീദ സാഹിബ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന സമിതിയുടെ മാൽ സെക്രട്ടറി, പബ്ലിക്കേഷൻ സെക്രട്ടറി എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ജമാഅത്തിന്റെ എല്ലാ സേവനരംഗങ്ങളിലും നിറഞ്ഞുനിൽക്കുന്ന ഊർജസ്വലനായ ഒരു അഹ്മദിയാണ് നാസിറുദ്ദീൻ സാഹിബ്.

സംസ്ഥാന ഖായിദ് ആയി സ്തുത്യർഹമായി സേവനം സമർപ്പിച്ച സജിത് പടിയത്ത് ഫസ്‌ലെ ഉമർ പബ്ലിക്ക് സ്കൂളിന്റെ സ്ഥാപകരിൽ ഒരാളാണ്. മട്ടന്നൂർ ജമാഅത്ത് പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്ന മൻസൂർ സാഹിബ് ദീർഘകാലം ജമാത്തിന്റെ ജനറൽ സെക്രട്ടറി സ്ഥാനവും വഹിച്ചിട്ടുണ്ട്. മജ്ലിസ് അൻസാറുല്ലായുടെ എല്ലാ ഭാരവാഹികൾക്കും സത്യദൂതന്റെ അഭിനന്ദനങ്ങൾ.